سورة الصّافّات

37. സൂറതു സ്സ്വാഫ്ഫാത്ത്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 182 - വിഭാഗം (റുകൂഉ്) 5

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമ കാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ,

وَٱلصَّٰٓفَّٰتِ صَفّٗا ﴿١﴾

﴾1﴿ അണികെട്ടി നിരന്നു നിൽക്കുന്നവ തന്നെയാണ (സത്യം)!

فَٱلزَّٰجِرَٰتِ زَجۡرٗا ﴿٢﴾

﴾2﴿ പിന്നെ, കർശനമായി തടയുന്നവ (അഥവാ ഓട്ടിവിടുന്നവ)തന്നെയാണ (സത്യം)!

فَٱلتَّٰلِيَٰتِ ذِكۡرًا ﴿٣﴾

﴾3﴿ പിന്നെ, കീർത്തനം ഘോഷിക്കുന്നവ തന്നെയാണ(സത്യം)!

إِنَّ إِلَٰهَكُمۡ لَوَٰحِدٞ ﴿٤﴾

﴾4﴿ നിശ്ചയമായും നിങ്ങളുടെ ഇലാഹ് [ആരാധ്യൻ] ഒരുവൻതന്നെ.

رَّبُّ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَمَا بَيۡنَهُمَا وَرَبُّ ٱلۡمَشَٰرِقِ ﴿٥﴾

﴾5﴿ ആകാശങ്ങളുടെയും, ഭൂമിയുടെയും, അവയുടെ ഇടയിലുള്ളതിന്റെയും രക്ഷിതാവും, ഉദയസ്ഥാനങ്ങളുടെ രക്ഷിതാവുമായുള്ളവനാണ് (അവൻ)

﴾1﴿ وَالصَّافَّاتِ അണിനിരന്നവ (അണികെട്ടിനിൽക്കുന്ന സംഘങ്ങൾ) തന്നെയാണ (സത്യം) صَفًّا അണിയായി ﴾2﴿ فَالزَّاجِرَاتِ പിന്നെ തടയുന്നവ (ശബ്ദമിട്ട് തടുക്കുന്ന

വ, ഓടിക്കുന്നവ) തന്നെയാണ് زَجْرًا ഒരു (കർശനമായ) തടയൽ ﴾3﴿ فَالتَّالِيَاتِ പിന്നെ പാരായണം ചെയ്യുന്നവ (ഘോഷിക്കുന്നവ) തന്നെയാണ് ذِكْرًا കീർത്തനം (വേദ)പ്രമാണം ﴾4﴿ إِنَّ إِلَٰهَكُمْ നിശ്ചയമായും നിങ്ങളുടെ ഇലാഹ് لَوَاحِدٌ ഏകൻ (ഒരുവൻ) തന്നെ ﴾5﴿ رَبُّ السَّمَاوَاتِ അകാശങ്ങളുടെ രക്ഷിതാവ് وَالْأَرْضِ ഭൂമിയുടെയും وَمَا بَيْنَهُمَا അവ രണ്ടിനുമിടയിലുള്ളതിന്റെയും وَرَبُّ الْمَشَارِقِ ഉദയസ്ഥാനങ്ങളുടെ രക്ഷിതാവും.

അല്ലാഹുവിന്റെ ആരാധനയിലും, സ്തുതികീർത്തനങ്ങളിലും മുഴുകിക്കൊണ്ട് അണിയണിയായി നിൽക്കുന്ന മലക്കുകളാണ് وَالصَّافَّاتِ صَفًّا (അണികെട്ടി നിരന്നുനിൽക്കുന്നവ) എന്ന് പറഞ്ഞതുകൊണ്ടുദ്ദേശ്യം. ഭൂരിപക്ഷം ക്വുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം ഇതാണ്. ഇബ്നു മസ്ഊദ് (റ), ഇബ്നുഅബ്ബാസ് (റ) എന്നിവരും, മസ്റൂക്വ്, സഈദുബ്നു ജുബൈർ, ഇക്രിമഃ ; മുജാഹിദ്, സുദ്ദി, ഖത്താദഃ ; റബീഉ് (റ) മുതലായവരും അങ്ങിനെയാണ് പറഞ്ഞിട്ടുള്ളതെന്ന് ഇബ്നു കഥീർ (റ) പ്രസ്താവിച്ചിരിക്കുന്നു. ജാബിറുബ്നു സംറഃ (റ) ഇപ്രകാരം നിവേദനം ചെയ്തിട്ടുണ്ട്: നബി ﷺ പറഞ്ഞു: മലക്കുകൾ അവരുടെ റബ്ബിന്റെ അടുക്കൽ അണികെട്ടുന്നതുപോലെ നിങ്ങൾക്ക് അണികെട്ടിക്കൂടേ?! ഞങ്ങൾ സ്വഹാബികൾ – ചോദിച്ചു : എങ്ങിനെയാണ് മലക്കുകൾ റബ്ബിന്റെ അടുക്കൽ അണികെട്ടുക ? തിരുമേനി പറഞ്ഞു : അവർ മുമ്പിലുള്ള അണികൾ പൂർത്തിയാക്കും അണികളിൽ അവർ അന്യോന്യം ചേർന്നു നിൽക്കുകയും ചെയ്യും (മു; ദാ; ന; ജ;) ഈ ഹദീഥും, ഈ സൂറത്തിലെ 144–166 എന്നീ വചനങ്ങളും മേപ്പടി അഭിപ്രായത്തിലേക്ക് വെളിച്ചം നൽകുന്നുണ്ട്. الله اعلم

പൈശാചിക ദുഷ്പ്രേരണകളിൽ നിന്നും മറ്റും തടഞ്ഞ് മനുഷ്യർക്ക് സൽബോധം ഉളവാക്കുന്നതിനുള്ള ആത്മീയ പ്രവർത്തനങ്ങൾ *(*)* നടത്തുന്നവരോ, അല്ലെങ്കിൽ അല്ലാഹുവിന്റെ കൽപനയനുസരിച്ച് മേഘങ്ങളെ അങ്ങോട്ടുമിങ്ങോട്ടും തെളിച്ചും തടുത്തും നിയന്ത്രിക്കുന്നവരോ ആയ മലക്കുകളാണ് الزَّاجِرَاتِ زَجْرًا (കർശനമായി തടയുന്നവ). അല്ലാഹുവിന്റെ സന്ദേശങ്ങൾ നബിമാർക്ക് എത്തിച്ച് പാരായണം ചെയ്തു കൊടുക്കുക, അവന്റെ കീർത്തനങ്ങൾ ഘോഷിക്കുക മുതലായവ നടത്തുന്ന മലക്കുകളാണ് التَّالِيَاتِ ذِكْرًا (കീർത്തനം ഘോഷിക്കുന്നവർ-അഥവാ പാരായണം ചെയ്യുന്നവർ) മിക്ക മുഫസ്സിറുകളും സ്വീകരിച്ചിട്ടുള്ള വ്യാഖ്യാനമാണിത്.

ഈ മൂന്ന് വിശേഷണങ്ങളും മനുഷ്യരെ ഉദ്ദേശിച്ചാണെന്നത്രെ മുഫസ്സിറുകളിൽ മറ്റൊരു വിഭാഗത്തിന്റെ അഭിപ്രായം. അപ്പോൾ, ഒന്നാമത്തെ വിഭാഗം (الصَّافَّاتِ) നമസ്കാരങ്ങളിലോ, അല്ലെങ്കിൽ ജിഹാദിലോ (ധർമയുദ്ധത്തിലോ) അണിനിരന്നവരും, രണ്ടാമത്തെ വിഭാഗം (الزَّاجِرَاتِ) സദുപദേശം ചെയ്തും മറ്റും ജനങ്ങളെ ദുഷ്കർമങ്ങളിൽനിന്ന് തടയുന്നവരും, അല്ലെങ്കിൽ ധർമയുദ്ധത്തിൽ കുതിര മുതലായവയെ നിയന്ത്രിക്കുന്നവരും, മൂന്നാമത്തേത് (التَّالِيَاتِ) വിശുദ്ധക്വുർആൻ പാരായണവും, തസ്ബീഹ് മുതലായ ദൈവകീർത്തനങ്ങളും നടത്തുവരും ആയിരിക്കും ഉദ്ദേശ്യം. വേറെയും ചില

(*) മലക്കുകൾക്ക് ഇങ്ങിനെയുള്ള കാര്യങ്ങളിൽ ചില പങ്കുകളുണ്ടെന്ന് സൂ: ഫാത്വിറിൽവെച്ചു നാം കണ്ടതാണ്;

അഭിപ്രായങ്ങൾ കാണാം. മൂന്നു വിശേഷണങ്ങൾകൊണ്ടും വിശേഷിപ്പിക്കപ്പെട്ടവർ ആരാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ലാത്തത്കൊണ്ടും, ഓരോ വിശേഷണവും അർത്ഥവ്യാപ്തിയുള്ള വാക്കുകളായതുകൊണ്ടുമാണ് ഇവിടെയും, ഇതുപോലെ താഴെ സൂറത്തുകളിലെ ചില സത്യവാചകങ്ങളിലും വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉണ്ടാകുവാൻ കാരണം. والله اعلم

അല്ലാഹുവിന്റെ നാമങ്ങളാൽ മാത്രമേ നമുക്ക് സത്യം ചെയ്തുകൂടൂ. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അവൻ ഇഷ്ടപ്പെടുന്ന ഏതുകൊണ്ടും അവന് സത്യം ചെയ്യാവുന്നതാണ്. മലക്കുകൾ, സൂര്യൻ, ചന്ദ്രൻ, രാത്രി, പകൽ, കാലം ഇങ്ങിനെ പലതിന്റെയും പേരിലും ക്വുർആനിൽ സത്യങ്ങൾ കാണാം. ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ നമ്മുടെ ചിന്തയും ശ്രദ്ധയും തട്ടി ഉണർത്തുന്നവയായിരിക്കും അവ. സത്യം ചെയ്തുകൊണ്ട് പ്രസ്താവിക്കുന്ന കാര്യത്തിന്റെ ദൃഢതയും, ഗൗരവവും വെളിപ്പെടുത്തുകയാണ് സത്യങ്ങൾകൊണ്ടുദ്ദേശിക്കുന്നത്. മൂന്ന് വിഭാഗം ആത്മാക്കളുടെ പേരിൽ -അത് മനുഷ്യരാകട്ടെ, മലക്കുകളാകട്ടെ-സത്യം ചെയ്തുകൊണ്ട് തൗഹീദിനെ (ഏക ദൈവ വിശ്വാസത്തെ)യാണ് അല്ലാഹു ഇവിടെ ദൃഢപ്പെടുത്തിയിരിക്കുന്നത്.

ആകാശങ്ങളുടെയും, ഭൂമിയുടെയും, അവയുടെ ഇടയിലുള്ളതിന്റെയും റബ്ബ് എന്ന് ആദ്യം മൊത്തത്തിൽ പറഞ്ഞ ശേഷം, ഉദയസ്ഥാനങ്ങളുടെ റബ്ബും (وَرَبُّ ٱلْمَشَارِقِ) എന്ന് പ്രത്യേകം എടുത്തുപറഞ്ഞത് ശ്രദ്ധാർഹമാകുന്നു. മഹത്തായ ഒരു നിത്യദൃഷ്ടാന്തത്തെയാണത് കുറിക്കുന്നത്. സൂര്യോദയസ്ഥാനം ദിനംപ്രതി മാറിക്കൊണ്ടിരിക്കും. സൂര്യന്റേതുമാത്രമല്ല, ചന്ദ്രൻ, ശുക്രൻ മുതലായവയുടെ ഉദയസ്ഥാനങ്ങളും മാറിമാറിക്കൊണ്ടിരിക്കും. ഉദയസ്ഥാനങ്ങളുടെമാറ്റം അനുസരിച്ച് അസ്തമയസ്ഥാനങ്ങളിലും മാറ്റം ഉണ്ടാകുമല്ലോ. അതുകൊണ്ടാണ് സൂ: മആരിജിൽ ഉദയസ്ഥാനങ്ങളുടെയും, അസ്തമയസ്ഥാനങ്ങളുടെയും റബ്ബ് (رَبِّ ٱلْمَشَارِقِ وَٱلْمَغَارِبِ) എന്നും പറഞ്ഞിരിക്കുന്നത്. അതെല്ലാം കൈകാര്യം ചെയ്യുന്ന അല്ലാഹുവിന്റെ മഹാ ശക്തിയെയും മഹാനുഗ്രഹത്തെയും ഓർമപ്പെടുത്തുകയാണ് ഇതുകൊണ്ടുദ്ദേശ്യം.

إِنَّا زَيَّنَّا ٱلسَّمَآءَ ٱلدُّنْيَا بِزِينَةٍ ٱلْكَوَاكِبِ ﴿٦﴾

《6》 നിശ്ചയമായും (ഭൂമിയോട്) ഏറ്റവും അടുത്ത ആകാശത്തെ നക്ഷത്രങ്ങളാകുന്ന അലങ്കാരംകൊണ്ട് നാം അലങ്കരിച്ചിരിക്കുന്നു :-

وَحِفْظًا مِّن كُلِّ شَيْطَٰنٍ مَّارِدٍ ﴿٧﴾

《7》 മുരട്ടുശീലക്കാരായ എല്ലാ പിശാചിൽ നിന്നും കാവലായും (ആക്കിയിരിക്കുന്നു) :-

لَّا يَسَّمَّعُونَ إِلَى ٱلْمَلَإِ ٱلْأَعْلَىٰ

《8》 (അതിനാൽ) മലഉൽ-അഅ്ലായിലേക്ക് [ഉന്നത സമൂഹത്തിലേക്ക്] അവർ ചെവികൊടുത്തു കേൾക്കയില്ല.

وَيُقْذَفُونَ مِن كُلِّ جَانِبٍ ﴿٨﴾	എല്ലാ ഭാഗത്തുനിന്നും അവര്‍ എറിയപ്പെടുകയും ചെയ്യും;
دُحُورًا ۖ وَلَهُمْ عَذَابٌ وَاصِبٌ ﴿٩﴾	﴾9﴿ -തുരത്തിവിടുവാനായിട്ട്. (കൂടാതെ) നിരന്തരമായ ഒരു ശിക്ഷയും അവര്‍ക്കുണ്ട്:
إِلَّا مَنْ خَطِفَ ٱلْخَطْفَةَ فَأَتْبَعَهُۥ شِهَابٌ ثَاقِبٌ ﴿١٠﴾	﴾10﴿ പക്ഷേ, ആരെങ്കിലും (ഒരു) തട്ടിയെടുക്കല്‍ തട്ടിയെടുത്താല്‍, തുളച്ചുചെല്ലുന്ന ഒരു തീജ്വാല ഉടനെ അവനെ പിന്‍തുടരുന്നതാണ്.

﴾6﴿ إِنَّا زَيَّنَّا നിശ്ചയമായും നാം അലങ്കരിച്ചിരിക്കുന്നു, ഭംഗിയാക്കി السَّمَاءَ الدُّنْيَا അടുത്ത ആകാശത്തെ بِزِينَةٍ ഒരലങ്കാരംകൊണ്ട് الْكَوَاكِبِ നക്ഷത്രങ്ങളാകുന്ന ﴾7﴿ وَحِفْظًا കാവലായിട്ടും, കാവലിന്നും مِنْ كُلِّ شَيْطَانٍ എല്ലാ പിശാചില്‍ നിന്നും مَارِدٍ മുരട്ടുശീലനായ, പോക്കിരി (ധിക്കാരി)യായ ﴾8﴿ لَا يَسَّمَّعُونَ അവര്‍ ചെവികൊടുക്കുക (കേള്‍ക്കാന്‍ ശ്രമിക്കുക)യില്ല إِلَى الْمَلَإِ الْأَعْلَى മലഉല്‍അഅ്‌ലായി(ഉന്നത സമൂഹത്തി)ലേക്ക് وَيُقْذَفُونَ അവര്‍ എറിയപ്പെടുകയും ചെയ്യും مِنْ كُلِّ جَانِبٍ എല്ലാ ഭാഗത്തുനിന്നും ﴾9﴿ دُحُورًا തുരത്തി(ആട്ടി)വിടുന്നതിന് وَلَهُمْ അവര്‍ക്കുണ്ട് عَذَابٌ وَاصِبٌ നിരന്തര (നീണ്ടുനില്‍ക്കുന്ന)ശിക്ഷ ﴾10﴿ إِلَّا مَنْ പക്ഷേ, ആരെങ്കിലും, ഒരുവനൊഴികെ خَطِفَ الْخَطْفَةَ അവന്‍ (ഒരു)തട്ടിയെടുക്കല്‍ തട്ടിയെടുത്തു فَأَتْبَعَهُ എന്നാലവനെ പിന്തുടരും شِهَابٌ തീജ്വാല, ഉല്‍ക്ക ثَاقِبٌ തുളച്ചു ചെല്ലുന്ന (ശക്തിയേറിയ)

ആകാശങ്ങള്‍ ഏഴെണ്ണമുണ്ടെന്നും, അവയില്‍ ഭൂമിയോട് ഏറ്റവും അടുത്ത ആകാശത്തെ നക്ഷത്രങ്ങളാല്‍ അലങ്കരിച്ചിരിക്കുന്നുവെന്നും ഖുര്‍ആനില്‍ ഒന്നിലധികം സ്ഥലത്ത് പ്രസ്താവിച്ചിരിക്കുന്നു. സൂറത്തുല്‍ മുഅ്മിനൂന്‍ 17-ാം വചനത്തിന്റെ വ്യാഖ്യാനത്തിലും മറ്റും നാം ഇതിനെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. നക്ഷത്രങ്ങള്‍ മൂലം യാത്രകളിലും മറ്റും മനുഷ്യര്‍ക്ക് പല മാര്‍ഗദര്‍ശനങ്ങളും, അടയാളങ്ങളും ലഭിക്കുവാനുള്ളതിനെപ്പറ്റി സൂറത്തുന്നഹ്‌ലില്‍ സൂചിപ്പിച്ചിട്ടുണ്ട് (وَبِالنَّجْمِ هُمْ يَهْتَدُونَ – النحل : ١٦) ഇവയ്ക്ക് പുറമെ നക്ഷത്രങ്ങള്‍ മുഖേനയുള്ള മറ്റൊരു പ്രയോജനമായി ഖുര്‍ആന്‍ എടുത്തുപറഞ്ഞിട്ടുള്ളത് അവമൂലം പിശാചുക്കള്‍ ആട്ടിഓടിക്കപ്പെടുന്നു എന്നുള്ളതാകുന്നു. അതുകൊണ്ടാണ് ഖത്താദഃ(റ) ഇപ്രകാരം പ്രസ്താവിക്കുന്നത്: 'ഈ നക്ഷത്രങ്ങളെ മൂന്നു കാര്യങ്ങള്‍ക്കായി അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു; അവന്‍ അവയെ ആകാശത്തിന്ന് അലങ്കാരവും, പിശാചുക്കളെ എറിയുന്നതും, മാര്‍ഗദര്‍ശനം നല്‍കുന്ന അടയാളങ്ങളും ആക്കിയിരിക്കുന്നു. മറ്റു പ്രകാരത്തില്‍ അവയെപ്പറ്റി ആരെങ്കിലും വ്യാഖ്യാനിക്കുന്ന പക്ഷം, അവന്‍ പിഴക്കുകയും തന്റെ ഓഹരി (ഭാഗ്യം) താന്‍ നഷ്ടപ്പെടുത്തുകയും, അറിയാത്ത വിഷയത്തില്‍ സാഹസപ്പെടുകയുമാണ് ചെയ്യുക' (ബു.) പ്രശ്നക്കാരെയും ജോത്സ്യക്കാരെയും ഉന്നംവെച്ചുകൊണ്ടുള്ളതാണ് ഈ പ്രസ്താവന.

നക്ഷത്രങ്ങള്‍ മൂലം പിശാചുക്കളെ ആട്ടുന്നതിനെക്കുറിച്ച് ഇവിടെ എന്നപോലെ

സൂ: ഹിജ്ർ 17 ഉം 18 ഉം വചനങ്ങളിലും, സൂ: ജിന്ന് 8 ഉം 9 ഉം വചനങ്ങളിലും വ്യക്തമായ ഭാഷയിൽ തന്നെ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ഈ മൂന്നു സൂറത്തുകളിലും ഇത് സംബന്ധിച്ച് പറഞ്ഞിട്ടുള്ളതിന്റെ ചുരുക്കം ഇതാണ് :'മലഉൽ അഅ്‌ലായിൽ-മലക്കുകളാകുന്ന ഉന്നത സമൂഹത്തിൽ-നിന്ന് വല്ലതും കട്ടുകേൾക്കുവാനായി ഉപായത്തിൽ ആകാശത്തിലേക്ക് ചെല്ലുന്ന മുരട്ടുശീലക്കാരായ പിശാചുക്കളെ എറിഞ്ഞാട്ടുവാനും, അവരിൽനിന്ന് ആകാശത്തെ സുരക്ഷിതമാക്കുവാനും, അല്ലാഹു നക്ഷത്രങ്ങളെ ഉപയോഗപ്പെടുത്തുന്നു. പിശാചുക്കൾ വല്ല വാർത്തയും തഞ്ചത്തിൽ കട്ടുകേൾക്കുവാൻ ശ്രമിച്ചാൽ അവർക്ക് നാനാഭാഗത്ത്നിന്നും ഏറ് ബാധിക്കും. അതവരെ ആട്ടികളയും. അവർക്ക് ഇതിനുപുറമെ വമ്പിച്ച ശിക്ഷ-നരകശിക്ഷ-ഉണ്ടായിരിക്കും. ഒരു പക്ഷേ, ധിക്കാരികളായ വല്ല പിശാചുക്കളും മലഉൽഅഅ്‌ലായിൽനിന്ന് എന്തെങ്കിലും ഒരു വാർത്ത തട്ടി എടുത്തു പോന്നാൽ തന്നെ, ഉടനെ തുളച്ചുചെല്ലുന്ന ശക്തിയേറിയ ഒരു ജ്വാല (ഉൽക്ക)അവനെ പിന്തുടർന്നു അവനെ നശിപ്പിക്കുകയും ചെയ്യും. ഇത്രയും സംഗതികൾ ക്വുർആന്റെ പ്രസ്താവനകളിൽ നിന്ന് ആർക്കും സ്പഷ്ടമായി മനസ്സിലാക്കുവാൻ കഴിയും.

മലഉൽഅഅ്‌ലാ (الملأ الأعلى) എന്ന് പറഞ്ഞത് ആകാശലോകത്തുള്ള മലക്കുകളെ ക്കുറിച്ചാകുന്നു. ഭൂലോകത്തുള്ള ജിന്നുകളും മനുഷ്യരും അടങ്ങുന്ന സമൂഹത്തിന് മലഉൽ അസ്ഫൽ (المَلَأُ الأَسْفَلْ) എന്നും പറയപ്പെടും. മലക്കുകളിൽ തന്നെയുള്ള ഒരു പ്രത്യേക വിഭാഗമാണുദ്ദേശ്യമെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.നിരന്തരമായ ശിക്ഷ(عَذَابٌ وَاصِبٌ)എന്ന് പറഞ്ഞതു കൊണ്ടുദ്ദേശ്യം നരക ശിക്ഷയാണെന്ന് സൂ: മുൽക്ക് 56-ൽ നിന്നു മനസ്സിലാക്കാവുന്നതാണ്. شِهَابٌ എന്ന വാക്കിന് കൊള്ളിമീൻ, വീഴ്നക്ഷത്രം, ജ്യോതിസ്സ്, ബാണനക്ഷത്രം, കുന്തമുന, ചാട്ടുളി, തീനാളം, തീജ്വാല, ഉൽക്ക എന്നൊക്കെയാണ് വാക്കർത്ഥം. നക്ഷത്രത്തിൽ നിന്ന് പുറപ്പെടുന്ന ഒരു ജ്വാല എന്നല്ലാതെ, ഇവിടെ ആ വാക്കുകൊണ്ടുദ്ദേശ്യം എന്താണെന്ന് നമുക്ക് സൂക്ഷ്മമായി പറയുവാൻ വയ്യ. പിശാചുക്കളെ എരിച്ചുകളയുമാറുള്ള അതിന്റെ ശക്തിയാണ് ثَاقِبْ (തുളച്ചുചെല്ലുന്ന) എന്ന വിശേഷണം കാണിക്കുന്നത്.

അല്ലാമാ സയ്യിദ് ക്വുത്ബ് (റ) മുതലായ പല മഹാൻമാരും പറഞ്ഞതുപോലെ-പിശാച് കട്ടുകേൾക്കാൻ ചെല്ലുന്നതെങ്ങിനെയാണ് ? വാർത്ത തട്ടിയെടുക്കുവാൻ എങ്ങിനെ സാധിക്കുന്നു? ഉൽക്കമൂലം എറിയപ്പെടുമെന്ന് പറഞ്ഞത് എപ്രകാരമായിരിക്കും? ഇതൊന്നും സൂക്ഷ്മമായി പറയുവാൻ നമുക്ക് സാധ്യമല്ല. അവയെല്ലാം നമ്മുടെ അറിവിനും കാഴ്ചക്കും അതീതമായ കാര്യങ്ങളത്രെ. അല്ലാഹു പറഞ്ഞുതന്നതും, റസൂൽവിവരിച്ചുതന്നതും മനസ്സിലാക്കുകയും, അതിൽ വിശ്വസിക്കുകയുമാണ് നമ്മുടെ കടമ. ബാഹ്യലോകത്തിന്റെ ബാഹ്യവശങ്ങളല്ലാതെ നമുക്ക് വല്ലതും അറിയാമോ?! ഉപരിലോകത്തേക്കുള്ള പ്രവേശനം തന്നെ തടയപ്പെടുകയും, കടുത്ത ശിക്ഷക്ക് വിധേയമാകുകയും ചെയ്യുന്ന പിശാച് അല്ലാഹുവിങ്കൽ എത്രമാത്രം ശപിക്കപ്പെട്ടവനാണെന്നും അവനെ ഉപദേശകനോ, ആരാധ്യനോ ആയി സ്വീകരിക്കുന്നത് എത്രമേൽ അബദ്ധമാണെന്നും ജനങ്ങൾ-പിശാചിന്റെ നേതൃത്വം സ്വീകരിച്ചവർ-മനസ്സിലാക്കുകയാണ് ഇവിടെ പ്രധാന ഉദ്ദേശ്യം.

('ജിന്ന്', 'ശൈത്വാൻ', 'മലഉൽ അഅ്‌ലാ', ആകാശത്തുനിന്ന് പിശാചിന്റെ കട്ടുകേൾവി എന്നിവയെക്കുറിച്ചും, ഇവയെ സംബന്ധിച്ച് തൽപരകക്ഷികളുടെ പല പിഴച്ച വാദങ്ങളെക്കുറിച്ചും സൂ: ഹിജ്റിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പുകളിൽ വിവരിച്ചിട്ടുണ്ട്)

فَٱسۡتَفۡتِهِمۡ أَهُمۡ أَشَدُّ خَلۡقًا أَم مَّنۡ خَلَقۡنَآۚ إِنَّا خَلَقۡنَٰهُم مِّن طِينٖ لَّازِبِۭ ﴿١١﴾

﴿11﴾ (നബിയേ) അവരോട് അഭിപ്രായം (അഥവാ വിധി) ചോദിക്കുക: അവരാണോ സൃഷ്ടിക്കുവാൻ കൂടുതൽ പ്രയാസപ്പെട്ടവർ, അഥവാ നാം സൃഷ്ടിച്ചിട്ടുള്ള (മേൽപറഞ്ഞ) വരോ? നാം അവരെ, ഒട്ടുന്ന കളിമണ്ണിൽ നിന്നു സൃഷ്ടിച്ചിരിക്കയാണ്.

بَلۡ عَجِبۡتَ وَيَسۡخَرُونَ ﴿١٢﴾

﴿12﴾എങ്കിലും, നീ ആശ്ചര്യപ്പെടുകയാണ്; അവർ പരിഹസിക്കുകയും ചെയ്യുന്നു!

وَإِذَا ذُكِّرُواْ لَا يَذۡكُرُونَ ﴿١٣﴾

﴿13﴾ അവർക്ക് ഉപദേശം നൽകപ്പെട്ടാൽ അവർ ആലോചിക്കുന്നില്ല;

وَإِذَا رَأَوۡاْ ءَايَةٗ يَسۡتَسۡخِرُونَ ﴿١٤﴾

﴿14﴾ വല്ല ദൃഷ്ടാന്തവും കണ്ടാൽ അവർ പരിഹാസം കൊള്ളുകയും ചെയ്യുന്നു!

وَقَالُوٓاْ إِنۡ هَٰذَآ إِلَّا سِحۡرٞ مُّبِينٌ ﴿١٥﴾

﴿15﴾ അവർ പറയുകയും ചെയ്യും: ഇത് പ്രത്യക്ഷമായ ജാലമല്ലാതെ (മറ്റൊന്നും)അല്ല.

أَءِذَا مِتۡنَا وَكُنَّا تُرَابٗا وَعِظَٰمًا أَءِنَّا لَمَبۡعُوثُونَ ﴿١٦﴾

﴿16﴾ ഞങ്ങൾ മരണപ്പെടുകയും, മണ്ണും എല്ലുകളുമായിത്തീരുകയും ചെയ്തിട്ടോ നിശ്ചയമായും ഞങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവരാകുന്നത്?!

﴿11﴾ فَاسْتَفْتِهِمْ എന്നാൽ അവരോട് നീ അഭിപ്രായം ചോദിക്കുക, വിധിതേടുക أَهُمْ അവരാണോ أَشَدُّ കൂടുതൽ കാഠിന്യം (പ്രയാസം, ഊക്ക്, ശക്തി) ഉള്ളവർ خَلْقًا സൃഷ്ടിയിൽ, സൃഷ്ടിക്കുവാൻ أَمْ مَنْ അഥവാ (അതല്ല) യാതൊരു കൂട്ടരോ خَلَقْنَا നാം സൃഷ്ടിച്ച إِنَّا خَلَقْنَاهُمْ നിശ്ചയമായും നാം അവരെ സൃഷ്ടിച്ചിരിക്കുന്നു مِنْ طِينٍ കളിമണ്ണിനാൽ لَازِبٍ ഒട്ടുന്ന ﴿12﴾ بَلْ عَجِبْتَ എങ്കിലും (പക്ഷേ) നീ ആശ്ചര്യപ്പെടുകയാണ് وَيَسْخَرُونَ അവർ പരിഹസിക്കയും ചെയ്യുന്നു. ﴿13﴾ وَإِذَا ذُكِّرُوا അവർ ഉപദേശിക്ക (ഓർമിപ്പിക്ക)പ്പെട്ടാൽ لَا يَذْكُرُونَ അവർ ഓർമിക്കുക (ആലോചിക്കുക)യില്ല ﴿14﴾ وَإِذَا رَأَوْا അവർ കണ്ടാൽ آيَةً വല്ല ദൃഷ്ടാന്തവും يَسْتَسْخِرُونَ അവർ പരിഹാസം കൊള്ളും ﴿15﴾ وَقَالُوا അവർ പറയുകയും ചെയ്യും إِنْ هَذَا ഇതല്ല إِلَّا سِحْرٌ ജാലമല്ലാതെ مُبِينٌ പ്രത്യക്ഷമായ ﴿16﴾ أَئِذَا مِتْنَا ഞങ്ങൾ (നാം)മരണപ്പെട്ടാലോ وَكُنَّا تُرَابًا മണ്ണായിത്തീരുകയും

وَعِظَامًا എല്ലുകളും أَإِنَّا നിശ്ചയമായും, നമ്മളോ (ഞങ്ങളോ) لَمَبْعُوثُونَ എഴുന്നേൽപിക്കപ്പെടുന്നവർ (ആകുന്നു)

أَوَءَابَآؤُنَا ٱلْأَوَّلُونَ ﴿١٧﴾

﴾17﴿ ഞങ്ങളുടെ പൂർവ്വികൻമാരായ പിതാക്കളുമോ (-അവരും എഴുന്നേൽപിക്കപ്പെടുകയോ)?!

قُلْ نَعَمْ وَأَنتُمْ دَٰخِرُونَ ﴿١٨﴾

﴾18﴿ (നബിയേ) പറയുക : അതെ, (അത് സംഭവിക്കും,) നിങ്ങളാകട്ടെ, നിന്ദ്യരുമായിരിക്കും

فَإِنَّمَا هِىَ زَجْرَةٌ وَٰحِدَةٌ

﴾19﴿ എന്നാലത് [ആ സംഭവം] ഒരേ ഒരു അട്ടഹാസം മാത്രമായിരിക്കും;

فَإِذَا هُمْ يَنظُرُونَ ﴿١٩﴾

അപ്പോഴേക്കും, അവരതാ, (എഴുന്നേറ്റ്) നോക്കുന്നുണ്ടായിരിക്കും!

وَقَالُوا۟ يَٰوَيْلَنَا هَٰذَا يَوْمُ ٱلدِّينِ ﴿٢٠﴾

﴾20﴿ അവർ (അപ്പോൾ) പറയുകയും ചെയ്യും : ഞങ്ങളുടെ നാശമേ! ഇത് പ്രതിഫലത്തിന്റെ [പ്രതിഫലനടപടിയുടെ] ദിവസമാണ്!!.

هَٰذَا يَوْمُ ٱلْفَصْلِ ٱلَّذِى كُنتُم بِهِۦ تُكَذِّبُونَ ﴿٢١﴾

﴾21﴿ ഇതാണ് നിങ്ങൾ വ്യാജമാക്കിക്കൊണ്ടിരുന്ന (ആ) തീരുമാനത്തിന്റെ ദിവസം!

﴾17﴿ أَوَآبَاؤُنَا നമ്മുടെ പിതാക്കളുമോ الأَوَّلُونَ പൂർവ്വികൻമാരായ ﴾18﴿ قُلْ നീ പറയുക نَعَمْ അതെ وَأَنْتُمْ നിങ്ങളാകട്ടെ, നിങ്ങളായിക്കൊണ്ട് دَاخِرُونَ നിന്ദ്യർ, നിസ്സാരൻമാർ, അപമാനിതർ ﴾19﴿ فَإِنَّمَاهِيَ എന്നാൽ നിശ്ചയമായും അത് زَجْرَةٌ ഒരു അട്ടഹാസം (വലിയ ശബ്ദം) മാത്രം وَاحِدَةٌ ഒറ്റ فَإِذَاهُمْ അപ്പോൾ അവരതാ يَنْظُرُونَ നോക്കിക്കൊണ്ട്, നോക്കും ﴾20﴿ وَقَالُوا അവർ പറയുകയും ചെയ്യും يَاوَيْلَنَا ഞങ്ങളുടെ നാശമേ هَذَا ഇത് يَوْمُ الدِّينِ പ്രതിഫലത്തിന്റെ (നടപടി എടുക്കലിന്റെ) ദിവസമാണ് ﴾21﴿ هَذَايَوْمُ الْفَصْلِ ഇത് തീരുമാനത്തിന്റെ ദിവസമാണ് الَّذِي كُنْتُمْ നിങ്ങൾ ആയിരുന്നതായ بِهِ അതിനെ تُكَذِّبُونَ വ്യാജമാക്കുക.

മരണാനന്തരജീവിതത്തെ നിഷേധിക്കുന്ന ഈ മുശ്‌രിക്കുകളെ സൃഷ്ടിക്കുവാനാണോ അധികം പ്രയാസമുള്ളത്, അതോ മേൽപറഞ്ഞ ആകാശം, ഭൂമി, നക്ഷത്രങ്ങൾ, തീജ്വാലകൾ, പിശാചുക്കൾ മുതലായവയെ സൃഷ്ടിക്കുവാനോ പ്രയാസം? എന്ന് ആലോചിച്ചു നോക്കുവാൻ അവരെ ആഹ്വാനം ചെയ്യുന്നതാണ് 11-ാം വചനം. അവയെല്ലാം

സൃഷ്ടിച്ചു കൈകാര്യം ചെയ്യുന്നവന്നുണ്ടോ ഇവരുടെ കാര്യത്തിൽ വല്ല പ്രയാസവും?! എന്ന് സാരം. ഒട്ടുന്ന കളിമണ്ണിൽ നിന്ന് സൃഷ്ടിച്ചുവെന്നു പറഞ്ഞത് മനുഷ്യന്റെ ആദ്യ സൃഷ്ടിയെ ചൂണ്ടിക്കാട്ടുന്നതാണ്. (സൂ: സജദഃ 7 ഉം 8 ഉം നോക്കുക.)

ഈ അവസാനത്തെ വാക്യം അല്ലാഹുവിന്റെ ഭാഗത്തുനിന്ന് അവരോട് പറയപ്പെടുന്നതായിരിക്കാം. അവർ തമ്മിൽ പറയുന്നതായിരിക്കുവാനും സാധ്യതയുണ്ട്. ഒരു അട്ടഹാസം (زَجْرَةٌوَاحِدَةٌ) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം സൂ: യാസീനിലും മറ്റും വിവരിച്ചിട്ടുണ്ടല്ലോ. അവിശ്വാസികളെ സംബന്ധിച്ച് മലക്കുകളോടുണ്ടാകുന്ന ചില ഉത്തരവുകളാണ് അടുത്ത വചനത്തിൽ വരുന്നത്.

വിഭാഗം - 2

۞ ٱحْشُرُوا۟ ٱلَّذِينَ ظَلَمُوا۟ وَأَزْوَٰجَهُمْ وَمَا كَانُوا۟ يَعْبُدُونَ ﴿٢٢﴾

﴿22﴾ അക്രമം ചെയ്തിട്ടുള്ളവരെയും അവരുടെ ഇണകളെയും, അവർ ആരാധിച്ചുവന്നിരുന്നവരെയും നിങ്ങൾ ഒരുമിച്ചുകൂട്ടുവിൻ,

مِن دُونِ ٱللَّهِ فَٱهْدُوهُمْ إِلَىٰ صِرَٰطِ ٱلْجَحِيمِ ﴿٢٣﴾

﴿23﴾ (അതെ) അല്ലാഹുവിന് പുറമെ (ആരാധിച്ചു വന്നവയെ), എന്നിട്ട് അവരെ കത്തിജ്വലിക്കുന്ന നരകത്തിന്റെ പാതയിലേക്ക് നയിക്കുവിൻ!

وَقِفُوهُمْ ۖ إِنَّهُم مَّسْـُٔولُونَ ﴿٢٤﴾

﴿24﴾ അവരെ നിറുത്തുകയും ചെയ്യുവിൻ - നിശ്ചയമായും അവർ ചോദ്യം ചെയ്യപ്പെടുന്നവരാണ്.

﴿22﴾ احْشُرُوا നിങ്ങൾ ശേഖരിക്കുവിൻ, ഒരുമിച്ചുകൂട്ടുവിൻ الَّذِينَ ظَلَمُوا അക്രമം ചെയ്തവരെ وَأَزْوَاجَهُمْ അവരുടെ ഇണകളെയും وَمَا كَانُوا അവർ ആയിരുന്നതിനെയും يَعْبُدُونَ ആരാധിക്കുക ﴿23﴾ مِنْ دُونِ اللَّهِ അല്ലാഹുവിന് പുറമെ فَاهْدُوهُمْ എന്നിട്ട് അവരെ നിങ്ങൾ നയിക്കുവിൻ, വഴികാട്ടുവിൻ إِلَىٰ صِرَاطِ പാത(വഴി)യിലേക്ക് الْجَحِيمِ ജ്വലിക്കുന്ന (കത്തുന്ന)നരകത്തിന്റെ ﴿24﴾ وَقِفُوهُمْ അവരെ നിങ്ങൾ നിറുത്തുകയും ചെയ്യുവിൻ إِنَّهُمْ നിശ്ചയമായും അവർ مَسْئُولُونَ ചോദിക്കപ്പെടുന്നവരാണ്

സജ്ജനങ്ങളുടെ ഇണകൾ അവരോടൊപ്പം സ്വർഗത്തിൽ സുഖിക്കുമെന്ന് സൂ: യാസീൻ 56 ലും മറ്റും പ്രസ്താവിച്ചിരിക്കുന്നതുപോലെ, അവിശ്വാസികളുടെ ഇണകൾ ശിക്ഷയിൽ അവരോടൊപ്പവും ഉണ്ടായിരിക്കുമെന്ന് അല്ലാഹു ഇവിടെ പ്രസ്താവിക്കുന്നു. പക്ഷേ, സൽക്കർമികളായ ഇണകൾക്ക്മാത്രമേ സൽക്കർമികളൊന്നിച്ച് സുഖിക്കുവാനുള്ള സൽഭാഗ്യവും, ദുഷ്ക്കർമികളായ ഇണകൾക്ക് മാത്രമേ ദുഷ്ക്കർമികളൊന്നിച്ച് ശിക്ഷ അനുഭവിക്കുവാനുള്ള ദുർഭാഗ്യവും ഉണ്ടാകുകയുള്ളുവെന്ന് പറയേണ്ടതില്ല. ഇതിന് ഖുർആനിൽ തന്നെ ധാരാളം തെളിവുകൾ കാണാം.

നബിﷺപറയുന്നു: ഒരു അടിയാന്റെ കാലടികൾ (വിചാരണവേളയിൽ) അവൻ ചോദ്യം ചെയ്യപ്പെടാതെ നീങ്ങുകയില്ല, അതായത്: അവന്റെ ആയുഷ്കാലത്തെക്കുറിച്ച് അതെന്തിൽ ചിലവഴിച്ചുവെന്നും, അവന്റെ അറിവിനെക്കുറിച്ച് അതുകൊണ്ടെന്ത് പ്രവർത്തിച്ചുവെന്നും, അവന്റെ ധനത്തെക്കുറിച്ച് അതെവിടെനിന്ന് സമ്പാദിച്ചുവെന്നും എന്തിൽ ചിലവഴിച്ചുവെന്നും, അവന്റെ ശരീരത്തെക്കുറിച്ച് അതിനെ എന്തിൽ വിനിയോഗിച്ചു എന്നും! (തി.) അക്രമികളോടും, അവരുടെ ആരാധ്യൻമാരോടും ഇപ്രകാരം ചോദിക്കപ്പെടും:

مَا لَكُمْ لَا تَنَاصَرُونَ ﴿٢٥﴾

﴾25﴿ (അക്രമികളേ,) നിങ്ങൾക്കെന്താണ്, നിങ്ങൾ അന്യോ ന്യം സഹായിക്കുന്നില്ല ?!

بَلْ هُمُ ٱلْيَوْمَ مُسْتَسْلِمُونَ ﴿٢٦﴾

﴾26﴿ പക്ഷേ, ഇന്ന് അവർ കീഴടങ്ങിയവരാണ്.

﴾25﴿ مَالَكُمْ നിങ്ങൾക്കെന്താണ് لَاتَنَاصَرُونَ നിങ്ങളന്യോന്യം സഹായിക്കുന്നില്ല ﴾26﴿ بَلْ എങ്കിലും, പക്ഷേ هُمُ ٱلْيَوْمَ അവർ ഇന്ന് مُسْتَسْلِمُونَ കീഴടങ്ങിയവരാണ്

നിങ്ങൾ ഇഹത്തിൽവെച്ച് അന്യോന്യം സഹായിച്ചും, സഹകരിച്ചും വന്നിരുന്നു. നിങ്ങളുടെ ആരാധ്യവസ്തുക്കൾ നിങ്ങളെ സഹായിക്കുമെന്ന് പറയുകയും ചെയ്തിരുന്നു. ഇപ്പോൾ ആരും അന്യോന്യം സഹായിക്കുന്നില്ലല്ലോ ? എന്ന് അവരെ നിന്ദിച്ചുകൊണ്ടുള്ള ചോദ്യമാണിത്. അല്ലാഹു തന്നെ അതിന് മറുപടിയും പറയുന്നു : ഇതിന് കാരണം, അവർ ഇന്ന് തികച്ചും ദുർബ്ബലരും നിസ്സഹായരുമായി കീഴൊതുങ്ങിയിരിക്കുകയാണ്. അവരുടെ മുമ്പത്തെ ധിക്കാരവും, നിഷേധവുമല്ലാം ഇന്ന് അവരെ വിട്ടുമാറിയിരിക്കുന്നു.

وَأَقْبَلَ بَعْضُهُمْ عَلَىٰ بَعْضٍ يَتَسَآءَلُونَ ﴿٢٧﴾

﴾27﴿ അവർ അന്യോന്യം ചോദ്യം ചെയ്തുകൊണ്ട് ചിലർ ചിലരുടെ നേരെ മുന്നിടും (തിരിയും)

قَالُوٓاْ إِنَّكُمْ كُنتُمْ تَأْتُونَنَا عَنِ ٱلْيَمِينِ ﴿٢٨﴾

﴾28﴿ അവർ പറയും: നിങ്ങൾ ഞങ്ങളുടെ അടുക്കൽ വലത്വശത്തുകൂടി വന്നിരുന്നുവല്ലോ!

﴾27﴿ وَأَقْبَلَ മുന്നിടും, തിരിയും بَعْضُهُمْ അവരിൽ ചിലർ عَلَىٰ بَعْضٍ ചിലരിൽ يَتَسَاءَلُونَ അന്യോന്യം ചോദ്യം ചെയ്തുകൊണ്ട് ﴾28﴿ قَالُوا അവർ പറയും إِنَّكُمْ كُنتُمْ നിശ്ചയമായും നിങ്ങളായിരുന്നു تَأْتُونَنَا ഞങ്ങളുടെ അടുക്കൽ വരുക عَنِ ٱلْيَمِينِ വലത് വശത്തുകൂടി

വലതുവശത്തുകൂടി വരുക എന്നു പറഞ്ഞതിന്റെ താൽപര്യം, ശക്തിയായും, അധികാരസ്വരത്തിലും വഴിപിഴപ്പിക്കുവാൻ ചെല്ലുക എന്നാകുന്നു. ഇത് നേതാക്കളുടെ നേരെ നീതർക്കുള്ള ആക്ഷേപമാണ്. നേതാക്കളുടെ മറുപടി ഇപ്രകാരമായിരിക്കും:

قَالُواْ بَل لَّمۡ تَكُونُواْ مُؤۡمِنِينَ ﴿٢٩﴾

《29》 അവർ പറയും: പക്ഷേ, നിങ്ങൾ (സ്വയം തന്നെ) വിശ്വാസികളായിരുന്നില്ല;

وَمَا كَانَ لَنَا عَلَيۡكُم مِّن سُلۡطَٰنِۭۖ بَلۡ كُنتُمۡ قَوۡمٗا طَٰغِينَ ﴿٣٠﴾

《30》 ഞങ്ങൾക്ക് നിങ്ങളുടെ മേൽ യാതൊരധികാരശക്തിയും ഉണ്ടായിരുന്നതുമില്ല, എങ്കിലും, നിങ്ങൾ (സ്വയം) അതിക്രമികളായ ഒരു ജനതയായിരുന്നു.

فَحَقَّ عَلَيۡنَا قَوۡلُ رَبِّنَآۖ إِنَّا لَذَآئِقُونَ ﴿٣١﴾

《31》 ആകയാൽ, നമ്മുടെ രക്ഷിതാവിന്റെ വാക്ക് നമ്മുടെമേൽ യഥാർത്ഥമായി ഭവിച്ചു. നാം നിശ്ചയമായും (ശിക്ഷ)ആസ്വദിക്കുന്നവർ തന്നെ.

فَأَغۡوَيۡنَٰكُمۡ إِنَّا كُنَّا غَٰوِينَ ﴿٣٢﴾

《32》 എന്നാൽ, ഞങ്ങൾ നിങ്ങളെ വഴിതെറ്റിച്ചു; (കാരണം) നിശ്ചയമായും ഞങ്ങൾ വഴിതെറ്റിയവരായിരുന്നു.

《29》 قَالُوا അവർ പറയും بَلْ لَمْ تَكُونُوا പക്ഷേ നിങ്ങളായിരുന്നില്ല مُؤْمِنِينَ വിശ്വാസികൾ 《30》 وَمَا كَانَ لَنَا ഞങ്ങൾക്ക് ഉണ്ടായിരുന്നില്ല عَلَيْكُمْ നിങ്ങളുടെ മേൽ مِنْ سُلْطَانٍ ഒരു അധികാര ശക്തിയും بَلْ كُنتُمْ എങ്കിലും നിങ്ങളായിരുന്നു قَوْمًا طَاغِينَ അതിരു കവിഞ്ഞ (അതിക്രമികളായ) ഒരു ജനത 《31》 فَحَقَّ عَلَيْنَا ആകയാൽ നമ്മുടെ മേൽ യഥാർത്ഥമായി, അവകാശപ്പെട്ടു قَوْلُ رَبِّنَا നമ്മുടെ റബ്ബിന്റെ വാക്ക് إِنَّا നിശ്ചയമായും നാം لَذَائِقُونَ അനുഭവിക്കുന്ന (ആസ്വദിക്കുന്ന)വർ തന്നെ 《32》 فَأَغْوَيْنَاكُمْ എന്നാൽ ഞങ്ങൾ നിങ്ങളെ വഴിതെറ്റിച്ചു إِنَّا كُنَّا നിശ്ചയമായും ഞങ്ങളായിരുന്നു غَاوِينَ വഴി തെറ്റിയവർ

ആരോപണങ്ങൾകൊണ്ടോ, പ്രത്യാരോപണങ്ങൾകൊണ്ടോ ഒരു ഫലവും ഇരുവിഭാഗക്കാർക്കും ലഭിക്കുവാനില്ല. ഇരുകൂട്ടർക്കും രക്ഷാമാർഗം നഷ്ടപ്പെട്ടിരിക്കുന്നു.

فَإِنَّهُمۡ يَوۡمَئِذٖ فِي ٱلۡعَذَابِ مُشۡتَرِكُونَ ﴿٣٣﴾

《33》 എന്നാൽ, അന്നത്തെ ദിവസം അവർ (എല്ലാവരും) ശിക്ഷയിൽ പങ്കാളികളായിരിക്കുന്നതാണ്.

إِنَّا كَذَٰلِكَ نَفۡعَلُ بِٱلۡمُجۡرِمِينَ ﴿٣٤﴾

﴾34﴿ നിശ്ചയമായും കുറ്റവാളികളെക്കൊണ്ട് നാം അപ്രകാരമത്രെ ചെയ്യുക

إِنَّهُمۡ كَانُوٓاْ إِذَا قِيلَ لَهُمۡ لَآ إِلَٰهَ إِلَّا ٱللَّهُ يَسۡتَكۡبِرُونَ ﴿٣٥﴾

﴾35﴿ (കാരണം) അല്ലാഹു അല്ലാതെ ഒരു ഇലാഹുമില്ല എന്ന് അവരോട് പറയപ്പെട്ടാൽ, അവർ അഹംഭാവം കാണിക്കുകയായിരുന്നു.

وَيَقُولُونَ أَئِنَّا لَتَارِكُوٓاْ ءَالِهَتِنَا لِشَاعِرٖ مَّجۡنُونِۭ ﴿٣٦﴾

﴾36﴿ അവർ പറയുകയും ചെയ്യും: ഒരു ഭ്രാന്തനായ കവിക്കുവേണ്ടി നാം നമ്മുടെ ഇലാഹുകളെ [ആരാധ്യവസ്തുക്കളെ] ഉപേക്ഷിക്കുന്നവരാണോ?!

بَلۡ جَآءَ بِٱلۡحَقِّ وَصَدَّقَ ٱلۡمُرۡسَلِينَ ﴿٣٧﴾

﴾37﴿ പക്ഷേ, (അതൊന്നുമല്ല) അദ്ദേഹം യഥാർത്ഥം കൊണ്ടു വന്നിരിക്കുകയും, 'മുർസലു'കളെ സത്യമാ(ക്കി സ്ഥാപി)ക്കുകയും ചെയ്തിരിക്കയാണ്.

﴾33﴿ فَإِنَّهُمۡ എന്നാൽ അവർ يَوۡمَئِذٖ അന്നത്തെ ദിവസം فِي ٱلۡعَذَابِ ശിക്ഷയിൽ مُشۡتَرِكُونَ പങ്കുചേർന്നവരാണ്, കൂട്ടുകാരാണ് ﴾34﴿ إِنَّا നിശ്ചയമായും നാം كَذَٰلِكَ نَفۡعَلُ അപ്രകാരമാണ് ചെയ്യുക بِٱلۡمُجۡرِمِينَ കുറ്റവാളികളെക്കൊണ്ട് ﴾35﴿ إِنَّهُمۡ كَانُوا കാരണം അവരായിരുന്നു إِذَا قِيلَ لَهُمۡ അവരോട് പറയപ്പെട്ടാൽ لَا إِلَٰهَ ഒരു ഇലാഹും ഇല്ല إِلَّا ٱللَّهُ അല്ലാഹു ഒഴികെ (എന്ന്) يَسۡتَكۡبِرُونَ അവർ ഗർവ്വ് (അഹംഭാവം) കാണിച്ചിരുന്നു ﴾36﴿ وَيَقُولُونَ അവർ പറയുകയും ചെയ്യും أَئِنَّا ഞങ്ങളോ لَتَارِكُو آلِهَتِنَا ഞങ്ങളുടെ ആരാധ്യവസ്തുക്കളെ (ദൈവങ്ങളെ)ഉപേക്ഷിക്കുന്നവരാകുന്നു لِشَاعِرٖ ഒരു കവിക്കുവേണ്ടി مَجۡنُونٖ ഭ്രാന്തനായ ﴾37﴿ بَلۡ جَاءَ എങ്കിലും അദ്ദേഹം വന്നിരിക്കുന്നു بِٱلۡحَقِّ യഥാർത്ഥവും കൊണ്ട് وَصَدَّقَ അദ്ദേഹം സത്യമാക്കുകയും ചെയ്തിരിക്കുന്നു ٱلۡمُرۡسَلِينَ മുർസലുകളെ

'ഭ്രാന്തൻ, കവി' എന്നൊക്കെ പറയുന്നത് നബിതിരുമേനി ﷺയെ ഉദ്ദേശിച്ചുകൊണ്ടാണ്. അടുത്ത വചനത്തിൽ അവിശ്വാസികളെ അഭിമുഖീകരിച്ചു പറയുന്നു:

إِنَّكُمۡ لَذَآئِقُواْ ٱلۡعَذَابِ ٱلۡأَلِيمِ ﴿٣٨﴾

﴾38﴿ (ഹേ, അവിശ്വാസികളേ) നിശ്ചയമായും നിങ്ങൾ വേദനയേറിയ ശിക്ഷ ആസ്വദിക്കുന്നവർതന്നെയാണ്.

وَمَا تُجْزَوْنَ إِلَّا مَا كُنتُمْ تَعْمَلُونَ ﴿٣٩﴾	﴾39﴿ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനല്ലാതെ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നതുമല്ല.
إِلَّا عِبَادَ ٱللَّهِ ٱلْمُخْلَصِينَ ﴿٤٠﴾	﴾40﴿ അല്ലാഹുവിന്റെ കളങ്കരഹിതരാക്കപ്പെട്ട (ശുദ്ധന്മാരായ) അടിയാൻമാരൊഴികെ,
أُو۟لَـٰٓئِكَ لَهُمْ رِزْقٌ مَّعْلُومٌ ﴿٤١﴾	﴾41﴿ അക്കൂട്ടരാകട്ടെ, അവർക്ക് അറിയപ്പെട്ടതായ ഉപജീവനമുണ്ടായിരിക്കും
فَوَٰكِهُ ۖ وَهُم مُّكْرَمُونَ ﴿٤٢﴾	﴾42﴿ അതായത് ; (സുഖഭോജ്യങ്ങളായ) പഴവർഗങ്ങൾ, അവർ, ആദരിക്കപ്പെട്ടവരുമായിരിക്കും;
فِى جَنَّـٰتِ ٱلنَّعِيمِ ﴿٤٣﴾	﴾43﴿ സൗഭാഗ്യത്തിന്റെ സ്വർഗങ്ങളിൽ!
عَلَىٰ سُرُرٍ مُّتَقَـٰبِلِينَ ﴿٤٤﴾	﴾44﴿ ചില (ഉന്നതതരം) കട്ടിലുകളിൽ പരസ്പരം അഭിമുഖരായിക്കൊണ്ട്.

﴾38﴿ إِنَّكُمْ നിശ്ചയമായും നിങ്ങൾ لَذَآئِقُوا الْعَذَابِ ശിക്ഷ ആസ്വദിക്കുന്നവർ തന്നെ الْأَلِيمِ വേദനയേറിയ ﴾39﴿ وَمَاتُجْزَوْنَ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുകയുമില്ല إِلَّامَاكُنتُمْ നിങ്ങൾ ആയിരുന്നതിനല്ലാതെ تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കും ﴾40﴿ إِلَّاعِبَادَاللَّهِ അല്ലാഹുവിന്റെ അടിയാന്മാരൊഴികെ الْمُخْلَصِينَ ശുദ്ധിയാക്ക (നിഷ്കളങ്കരാക്ക-തെളിയിച്ചെടുക്ക)പ്പെട്ടവരായ ﴾41﴿ أُولَٰئِكَ അക്കൂട്ടരാകട്ടെ لَهُمْ അവർക്കുണ്ട് رِزْقٌ ഉപജീവനം, ആഹാരം مَعْلُومٌ അറിയപ്പെട്ട, നിർണയപ്പെട്ട ﴾42﴿ فَوَاكِهُ അതായത് പഴ(ഫലവർഗ)ങ്ങൾ (സുഖഭോജ്യങ്ങൾ) وَهُمْ അവർ مُكْرَمُونَ ആദരിക്കപ്പെട്ടവരുമാണ് ﴾43﴿ فِي جَنَّاتِ സ്വർഗങ്ങളിൽ النَّعِيمِ സൗഭാഗ്യത്തിന്റെ, അനുഗ്രഹത്തിന്റെ ﴾44﴿ عَلَىٰ سُرُرٍ ചില കട്ടിലുകളിൽ مُتَقَابِلِينَ അന്യോന്യം അഭിമുഖരായിക്കൊണ്ട്.

സ്വർഗത്തിൽ വിശപ്പും ദാഹവും അനുഭവപ്പെടുകയില്ല (ത്വാഹാ ; 118, 119) അതുകൊണ്ട് അവിടെ ഭക്ഷണം കഴിക്കുന്നത് വിശപ്പിനുവേണ്ടിയും, പാനീയം ഉപയോഗിക്കുന്നത് ദാഹത്തിനുവേണ്ടിയും ആയിരിക്കയില്ല ; ആനന്ദത്തിനും സന്തോഷത്തിനും വേണ്ടിയായിരിക്കും. അതുകൊണ്ടാണ് അവരുടെ ഉപജീവനം സുഖഭോജ്യങ്ങളായ പഴവർഗങ്ങളാണ് (فَوَاكِهُ) എന്നു പറഞ്ഞിരിക്കുന്നത്. ബന്ധുമിത്രാദികളും, സ്വന്തക്കാരും സ്വർഗീയസോഫകളിലും, പര്യങ്കകളിലും ചാരിയിരുന്നു സല്ലപിക്കുന്നതിനെപ്പറ്റിയാണ് 44-ാം

വചനത്തിൽ പ്രസ്താവിക്കുന്നത്. ആ ഉദ്യാനസല്ലാപവേളയെ അല്ലാഹു വിവരിക്കുന്നു:

يُطَافُ عَلَيْهِم بِكَأْسٍ مِّن مَّعِينٍ ﴿٤٥﴾

《45》 ഉറവ് പൊട്ടിയൊഴുകുന്ന (പാനീയ)ജലത്തിന്റെ നിറകോപ്പയും കൊണ്ട് അവരിൽ ചുറ്റി നടക്കപ്പെടും;

بَيْضَآءَ لَذَّةٍ لِّلشَّـٰرِبِينَ ﴿٤٦﴾

《46》 വെള്ളനിറമുള്ളതും, കുടിക്കുന്നവർക്കു രുചികരമായതും!

لَا فِيهَا غَوْلٌ وَلَا هُمْ عَنْهَا يُنزَفُونَ ﴿٤٧﴾

《47》 അതിൽ യാതൊരു കെടുതിയും (ഉണ്ടാകുക)ഇല്ല ; അവർക്ക് അതിനാൽ ലഹരി ഏർപ്പെടുകയുമില്ല.

وَعِندَهُمْ قَـٰصِرَٰتُ ٱلطَّرْفِ عِينٌ ﴿٤٨﴾

《48》 അവരുടെ അടുക്കൽ (പരദൃഷ്ടിവെക്കാതെ)ദൃഷ്ടിയെ നിയന്ത്രിക്കുന്ന തരളനേത്രകളായ സ്ത്രീകളും ഉണ്ടായിരിക്കും.

كَأَنَّهُنَّ بَيْضٌ مَّكْنُونٌ ﴿٤٩﴾

《49》 അവർ (പക്ഷിക്കൂടുകളിൽ) സൂക്ഷിച്ചുവെക്കപ്പെട്ട മുട്ടകൾ പോലെയിരിക്കും.

《45》 يُطَافُ ചുറ്റി നടക്കപ്പെടും عَلَيْهِمْ അവരിൽ بِكَأْسٍ നിറകോപ്പയുമായി مِنْ مَعِينٍ ഉറവുപൊട്ടിയൊഴുകുന്ന ജലത്തിന്റെ 《46》 بَيْضَاءَ വെളുത്തതായ لَذَّةٍ രുചികരമായ لِلشَّارِبِينَ കുടിക്കുന്നവർക്ക് 《47》 لَا فِيهَا അതിലില്ല غَوْلٌ ഒരു കെടുതലും, കേടും وَلَا هُمْ അവരില്ലതാനും عَنْهَا അതിനാൽ يُنْزَفُونَ അവർക്ക് ലഹരി (മത്ത്, മയക്കം)പിടിപെടും 《48》 وَعِنْدَهُمْ അവരുടെ അടുക്കലുണ്ടായിരിക്കും قَاصِرَاتُ الطَّرْفِ ദൃഷ്ടി(കണ്ണു)ചുരുക്കുന്ന (നിയന്ത്രിക്കുന്ന)സ്ത്രീകൾ عِينٌ തരള (വിശാല) നേത്രങ്ങൾ 《49》 كَأَنَّهُنَّ അവരാണെന്നപോലെയിരിക്കും بَيْضٌ മുട്ട مَكْنُونٌ സൂക്ഷിച്ചു(ഒളിച്ചു)വെക്കപ്പെട്ട

പാനീയം നിറച്ചുവെച്ച കോപ്പക്കാണ് كَأْس (കഅ്സ്) എന്നു പറയുന്നത്. സ്വർഗത്തിൽ ശുദ്ധജലത്തിന്റെയും, പാലിന്റെയും, കള്ളിന്റെയും, തേനിന്റെയും അരുവികൾ ഒഴുകുന്നതായി സൂ:മുഹമ്മദ് 15-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടാണ് ഉറവുപൊടിഞ്ഞുണ്ടാകുന്നത് (مَعِين) എന്ന് പാനീയത്തെ വിശേഷിപ്പിച്ചിരിക്കുന്നത്.

ക്വുർആൻ അവതരിക്കുന്ന കാലത്തും, അതിനുശേഷം ഇന്നുവരെയും -ഈ പരിഷ്കൃത യുഗത്തിൽ പോലും- മനുഷ്യരിൽ കള്ള്മുതലായ പാനീയങ്ങൾക്കുള്ള സ്ഥാനം പ്രസിദ്ധമാണ്. എന്നാൽ, സ്വർഗത്തിലെ കള്ളും, ഇതര പാനീയങ്ങളും, ഈ ലോകത്തിനെ

അപേക്ഷിച്ചു വെറും നാമമാത്ര സാമ്യമാണുള്ളത്. നമുക്ക് പരിചയമുള്ള വാക്കുകളില ല്ലാതെ നമുക്ക് അതിനെപ്പറ്റി വിവരിച്ചുതരുവാൻ വഴിയില്ലല്ലോ. ഇഷ്ടംപോലെ എവി ടെയും, കിട്ടാവുന്ന വിധം അവ ഒഴുകിക്കൊണ്ടിരിക്കും. കൗതുകവും, പരിശുദ്ധതയും വിളങ്ങുന്ന സ്ഫടികസമാനമായ വെള്ളവർണം! പുളിപ്പോ, ചവർപ്പോ, മറ്റു കെടുതലു കളോ ഇല്ലാതെ അങ്ങേയറ്റം രുചികരവും! ഉപയോഗിച്ചാൽ, തലചുറ്റലോ, മയക്കമോ, മത്തോ ഒന്നും തന്നെ പിടിപെടുകയില്ല. തികച്ചും ആനന്ദകരം. എങ്ങും എഴുന്നേറ്റു പോയി കൊണ്ടു വരേണ്ടതുമില്ല. ഇരിക്കുന്നേടത്തുതന്നെ കൊണ്ടു വന്ന് നിറക്കോപ്പക ളുമായി സ്വർഗീയ ബാലന്മാർ അവരിൽ ചുറ്റിനടന്നു കൊടുത്തുകൊണ്ടിരിക്കും!

കൂടാതെ, പരന്മാരിലേക്ക് ഒട്ടും ദൃഷ്ടി പതിക്കാതെ, സ്വന്തം വരൻമാരിൽ മാത്രം ദൃഷ്ടി പതിക്കുന്ന പതിവ്രതകളും, സൗന്ദര്യം വമിക്കുന്നതും അത്യാകർഷകമായ വിശാല നേത്രങ്ങളോടു കൂടിയവരുമായ തരുണീമണികളും, അവരൊന്നിച്ചുണ്ടായിരിക്കും. പക്ഷി ക്കൂടുകളിൽ മാർദ്ദവമേറിയ തൂവലുകൾക്കിടയിൽ സൂക്ഷിക്കപ്പെട്ടതും, കൈതൊട്ടോ പൊടിയാടിയോ, നിറഭേദം വരാത്തതുമായമുട്ടകളെപോലെ, വടിവൊത്തു മൃദുലമായി അഴകാർന്നവരായിരിക്കും അവർ. (സ്ത്രീകളുടെ സൗന്ദര്യവർണനകളിൽ അവരെ മുട്ട കളോട് ഉപമിക്കൽ അറബികളിൽ പതിവുള്ളതാണ്.) ഇങ്ങിനെ വിവിധ തരത്തിലുള്ള ആനന്ദജീവിതം ആസ്വദിച്ചുകൊണ്ടിരിക്കും മദ്ധ്യെ അവരിൽ നടക്കുന്ന ഒരു സംഭാഷണ രംഗം അല്ലാഹു വിവരിക്കുന്നു:

فَأَقْبَلَ بَعْضُهُمْ عَلَىٰ بَعْضٍ يَتَسَآءَلُونَ ﴿٥٠﴾

﴾50﴿ അങ്ങനെ, അവർ അന്യോന്യം ചോദിച്ചുകൊണ്ട് ചിലർ ചിലരുടെ നേരെ മുന്നിടും [തിരിയും]

قَالَ قَآئِلٌ مِّنْهُمْ إِنِّى كَانَ لِى قَرِينٌ ﴿٥١﴾

﴾51﴿ അവരിൽ ഒരു വക്താവ് പറയും: നിശ്ചയമായും എനിക്കൊരു സഹചാരി [ഉറ്റസ്നേഹിതൻ] ഉണ്ടായിരുന്നു:

يَقُولُ أَءِنَّكَ لَمِنَ ٱلْمُصَدِّقِينَ ﴿٥٢﴾

﴾52﴿ അവൻ പറയുമായിരുന്നു: (പുനരുത്ഥാനം)സത്യമെന്നു വിശ്വസിക്കുന്നവരിൽ പെട്ടവൻ തന്നെയാണോ നീ?

أَءِذَا مِتْنَا وَكُنَّا تُرَابًا وَعِظَٰمًا أَءِنَّا لَمَدِينُونَ ﴿٥٣﴾

﴾53﴿ നാം മരണപ്പെടുകയും, മണ്ണും എല്ലുകളുമായിത്തീരുകയും ചെയ്താൽ, നിശ്ചയമായും നാം (പ്രതിഫല)നടപടി എടുക്കപ്പെടുന്നവർ ആയിരിക്കുകയോ ?!

﴾50﴿ فَأَقْبَلَ അങ്ങനെ മുന്നിടും (തിരിയും) بَعْضُهُمْ അവരിൽ ചിലർ عَلَىٰ بَعْضٍ ചില രുടെ നേരെ يَتَسَآءَلُونَ അവർ അന്യോന്യം ചോദ്യം നടത്തിക്കൊണ്ട് ﴾51﴿ قَالَ قَآئِلٌ ഒരു

വക്താവ് പറയും مِنۡهُمۡ അവരിൽ നിന്ന് إِنِّي നിശ്ചയമായും ഞാൻ كَانَ لِي എനിക്കുണ്ടാ യിരുന്നു قَرِينٌ ഒരു സഹചാരി, ചങ്ങാതി ﴾52﴿ يَقُولُ അവൻ പറയും أَئِنَّكَ നിശ്ചയ മായും നീയാണോ لَمِنَ الْمُصَدِّقِينَ സത്യമാക്കുന്ന (വിശ്വസിക്കുന്ന)വരിൽ ﴾53﴿ أَئِذَا مِتْنَا നാം മരിച്ചിട്ടാണോ وَكُنَّا تُرَابًا നാം മണ്ണായിത്തീരുകയും وَعِظَامًا എല്ലുകളും أَئِنَّا നാം ആയിരിക്കയോ لَمَدِينُونَ നടപടി എടുക്കപ്പെടുന്ന (പ്രതിഫലം നൽകപ്പെടുന്ന)വർ തന്നെ.

തനിക്ക് ഇഹത്തിൽവെച്ചുണ്ടായിരുന്ന ഒരു സ്നേഹിതനെപ്പറ്റി അദ്ദേഹം ഓർക്കുക യാണ്, അയാൾ മരണാനന്തരജീവിതത്തെ നിഷേധിക്കുന്ന ആളായിരുന്നു. അയാൾ മുമ്പ് തന്നോട് പറഞ്ഞ ചില വാക്കുകളാണദ്ദേഹം ഉദ്ധരിക്കുന്നത്. ഈ സ്നേഹിതന്റെ ഇപ്പോ ഴത്തെ സ്ഥിതിഗതിയെന്താണെന്നറിയുവാൻ അദ്ദേഹം ആഗ്രഹിക്കുകയും, അതിനായി തന്റെ കൂട്ടുകാരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

قَالَ هَلۡ أَنتُم مُّطَّلِعُونَ ﴿٥٤﴾

﴾54﴿ അദ്ദേഹം (കൂട്ടുകാരോട്) പറയും: നിങ്ങൾ എത്തിനോക്കു (വാൻ ഉദ്ദേശിക്കു)ന്നവരാണോ?

فَٱطَّلَعَ فَرَءَاهُ فِي سَوَآءِ ٱلۡجَحِيمِ ﴿٥٥﴾

﴾55﴿ എന്നിട്ട് അദ്ദേഹം എത്തിനോ ക്കും, അപ്പോൾ അദ്ദേഹം അവനെ ജ്വലിക്കുന്ന നരകത്തിന്റെ മദ്ധ്യത്തിൽ കാണുന്നതാണ്.

قَالَ تَٱللَّهِ إِن كِدتَّ لَتُرۡدِينِ ﴿٥٦﴾

﴾56﴿ അദ്ദേഹം (അവനോട്)പ റയും: അല്ലാഹുവിനെതന്നെ (സത്യം)! നിശ്ചയമായും നീ എന്നെ നാശത്തിലകപ്പെടുത്തിയേക്കുമായി രുന്നു!

وَلَوۡلَا نِعۡمَةُ رَبِّي لَكُنتُ مِنَ ٱلۡمُحۡضَرِينَ ﴿٥٧﴾

﴾57﴿ എന്റെ രക്ഷിതാവിന്റെ അനു ഗ്രഹം ഇല്ലായിരുന്നുവെങ്കിൽ, ഞാൻ (ഇതിൽ) ഹാജരാക്കപ്പെടുന്നവരിൽ ഉൾപ്പെടുകതന്നെ ചെയ്യുമായിരുന്നു !

﴾54﴿ قَالَ അദ്ദേഹം പറയും هَلۡ أَنتُمۡ നിങ്ങളാണോ مُطَّلِعُونَ എത്തി(പാളി, ചെന്നു) നോക്കുന്നവർ ﴾55﴿ فَاطَّلَعَ എന്നിട്ടദ്ദേഹം എത്തിനോക്കും فَرَآهُ അപ്പോഴവനെ കാണും فِي سَوَاءِ الْجَحِيمِ ജ്വലിക്കുന്ന നരകത്തിന്റെ മദ്ധ്യത്തിൽ, നടുവിൽ ﴾56﴿ قَالَ അദ്ദേഹം പറയും تَاللَّهِ അല്ലാഹുവിനെത്തന്നെ (സത്യം) إِنۡ كِدۡتَ നിശ്ചയമായും നീ ആയേക്കുമാ യിരുന്നു لَتُرۡدِينِ എന്നെ നഷ്ടത്തിലാക്കുക, അപകടപ്പെടുത്തുക തന്നെ. ﴾57﴿ وَلَوۡلَا ഇല്ലായിരുന്നെങ്കിൽ نِعۡمَةُ رَبِّي എന്റെ റബ്ബിന്റെ അനുഗ്രഹം لَكُنۡتُ ഞാൻ ആകുക തന്നെ ചെയ്തിരുന്നു مِنَ الْمُحۡضَرِينَ ഹാജരാക്കപ്പെടുന്നവരിൽ.

നിന്നെപ്പോലെ എന്നെയും അപകടത്തിലാക്കുവാൻ നീ ശ്രമിച്ചുവെങ്കിലും അല്ലാഹു എന്നെ കാത്തുരക്ഷിച്ചു, എന്ന് സാരം. അദ്ദേഹം തന്റെ കൂട്ടുകാരെ അഭിമുഖീകരിച്ച് ഇങ്ങിനെ പറയും:

أَفَمَا نَحْنُ بِمَيِّتِينَ ﴿٥٨﴾

﴾58﴿ **എനി, നാം മരണപ്പെട്ടുപോകുന്നവരല്ലല്ലോ,**

إِلَّا مَوْتَتَنَا ٱلْأُولَىٰ وَمَا نَحْنُ بِمُعَذَّبِينَ ﴿٥٩﴾

﴾59﴿ **നമ്മുടെ ആദ്യത്തെ മരണമല്ലാതെ?! നാം ശിക്ഷിക്കപ്പെടുന്നവരുമല്ലല്ലോ?!**

﴾58﴿ أَفَمَانَحْنُ എനി നമ്മളല്ലല്ലോ بِمَيِّتِينَ മരണപ്പെട്ടു പോകുന്നവർ ﴾59﴿ إِلامَوْتَتَنَا നമ്മുടെ മരണമല്ലാതെ الأولَى ആദ്യത്തെ, ഒന്നാമത്തെ وَمَانَحْنُ നാമല്ലല്ലോ بِمُعَذَّبِينَ ശിക്ഷിക്കപ്പെടുന്നവരും

തന്റെ നിർഭാഗ്യവാനായ ആ ചങ്ങാതിയുടെ സ്ഥിതിഗതികൾ കണ്ടപ്പോൾ, തനിക്കും കൂട്ടുകാർക്കും ലഭിച്ച മഹനീയ പ്രതിഫലങ്ങളെ സന്തോഷപൂർവ്വം സ്മരിച്ചുകൊണ്ട് അദ്ദേഹം കൂട്ടുകാരോട് പറയുന്നതാണിത്. നരകത്തിലെ സ്നേഹിതനോട് പറയുന്ന കൂട്ടത്തിൽ ഉൾപ്പെട്ടതുതന്നെയാണ് ഈ വാക്കുകൾ എന്നും ചിലർക്കഭിപ്രായമുണ്ട്. ഏതായാലും തനിക്കും തന്റെ കൂട്ടുകാർക്കും ലഭിച്ച അനുഗ്രഹങ്ങളിൽ സന്തോഷം പ്രകടിപ്പിക്കുകയാണദ്ദേഹം ചെയ്യുന്നത്. ഭൗതിക ജീവിതത്തിൽ നിന്നും നാം മരിച്ചു വിടവാങ്ങി; എനി നമുക്ക് ഇവിടെ മരണമില്ലാത്ത ശാശ്വത ജീവിതമാണുള്ളത്; എന്നിരിക്കെ, ശിക്ഷയെക്കുറിച്ച് നമുക്ക് ഭയപ്പെടേണ്ടതുമില്ല; ഇത് അല്ലാഹു നമുക്ക് നൽകിയ മഹത്തായ അനുഗ്രഹം തന്നെ എന്നു സാരം. സ്വർഗസ്ഥരായ ഭാഗ്യവാൻമാരുടെ സ്ഥിതിഗതികൾ പലതും വിവരിച്ചശേഷം അല്ലാഹു പറയുന്നു:

إِنَّ هَـٰذَا لَهُوَ ٱلْفَوْزُ ٱلْعَظِيمُ ﴿٦٠﴾

﴾60﴿ **നിശ്ചയമായും ഇതുതന്നെയാണ് മഹത്തായ ഭാഗ്യം!**

لِمِثْلِ هَـٰذَا فَلْيَعْمَلِ ٱلْعَـٰمِلُونَ ﴿٦١﴾

﴾61﴿ **യത്നിക്കുന്ന ആളുകൾ ഇതുപോലെയുള്ളതിന് വേണ്ടി യത്നിച്ചുകൊള്ളട്ടെ!**

﴾60﴿ إِنَّهَذَا നിശ്ചയമായും ഇത് لَهُوَ ഇത് തന്നെയാണ് الْفَوْزُالْعَظِيمُ മഹത്തായ (വമ്പിച്ച) ഭാഗ്യം, വിജയം ﴾61﴿ لِمِثْلِهَذَا ഇത് പോലുള്ളതിന് വേണ്ടി فَلْيَعْمَلِ പ്രവർത്തിച്ചുകൊള്ളട്ടെ الْعَامِلُونَ പ്രവർത്തിക്കുന്നവർ

ഇങ്ങിനെയുള്ള മഹത്തായ ഭാഗ്യം ലഭിക്കുവാനും, അതിനുവേണ്ടി യത്നിക്കുവാനും അല്ലാഹു നമ്മെ തുണക്കട്ടെ. ആമീൻ. അടുത്ത വചനങ്ങളിൽ, നരകവാസികളുടെ സ്ഥിതിഗതികൾ എന്തായിരിക്കുമെന്ന് അല്ലാഹു ചോദിക്കുന്നു:

أَذَٰلِكَ خَيۡرٞ نُّزُلًا أَمۡ شَجَرَةُ ٱلزَّقُّومِ ٦٢

《62》 ആതിഥ്യസല്കാരത്തിൽ ഉത്തമമായത് അതാണോ? അതല്ല - സക്കൂം വൃക്ഷമോ?!

إِنَّا جَعَلۡنَٰهَا فِتۡنَةٗ لِّلظَّٰلِمِينَ ٦٣

《63》 നിശ്ചയമായും, നാം അതിനെ [ആ വൃക്ഷത്തെ] അക്രമികൾക്ക് ഒരു പരീക്ഷണം (അഥവാ ആപത്ത്) ആക്കിയിരിക്കുന്നു.

إِنَّهَا شَجَرَةٞ تَخۡرُجُ فِيٓ أَصۡلِ ٱلۡجَحِيمِ ٦٤

《64》 അത് ജ്വലിക്കുന്ന നരകത്തിന്റെ അടിയിൽ ഉല്പാദിക്കുന്ന ഒരു വൃക്ഷമാകുന്നു.

طَلۡعُهَا كَأَنَّهُۥ رُءُوسُ ٱلشَّيَٰطِينِ ٦٥

《65》 അതിന്റെ പഴക്കുല, പിശാചുക്കളുടെ തലകളെപ്പോലെയിരിക്കും.

فَإِنَّهُمۡ لَأٓكِلُونَ مِنۡهَا فَمَالِـُٔونَ مِنۡهَا ٱلۡبُطُونَ ٦٦

《66》 എന്നാലവർ, നിശ്ചയമായും അതിൽ നിന്ന് തിന്നുന്നവരായിരിക്കും; എന്നിട്ട് അതിൽ നിന്ന് വയറു നിറക്കുന്നവരുമായിരിക്കും;

ثُمَّ إِنَّ لَهُمۡ عَلَيۡهَا لَشَوۡبٗا مِّنۡ حَمِيمٖ ٦٧

《67》 പിന്നീട്, അതിനുമീതെ (കുടിക്കുവാൻ) ചുട്ടുതിളക്കുന്ന വെള്ളം കൊണ്ടുള്ള ഒരു ചേരുവയും [മിശ്രജലവും] അവർക്കുണ്ട്.

ثُمَّ إِنَّ مَرۡجِعَهُمۡ لَإِلَى ٱلۡجَحِيمِ ٦٨

《68》 പിന്നെ, അവരുടെ മടക്കം, ജ്വലിക്കുന്ന നരകത്തിലേക്കു തന്നെ.

《62》 أَذَٰلِكَ خَيۡرٌ അതാണോ ഉത്തമം نُزُلًا ആതിഥ്യസൽക്കാരത്തിൽ أَمۡ അതല്ല, അഥവാ, അതോ شَجَرَةُ الزَّقُّومِ സക്കൂം വൃക്ഷമോ 《63》 إِنَّا جَعَلۡنَاهَا നിശ്ചയമായും നാമതിനെ ആക്കിയിരിക്കുന്നു فِتۡنَةً ഒരു പരീക്ഷണം, ആപത്ത് (ശിക്ഷ) لِلظَّالِمِينَ അക്രമികൾക്ക് 《64》 إِنَّهَا നിശ്ചയമായും അത് شَجَرَةٌ ഒരു വൃക്ഷമാണ് تَخۡرُجُ അത് പുറപ്പെടുന്നു (ഉൽപാദിക്കുന്നു) فِيٓ أَصۡلِ الۡجَحِيمِ നരകത്തിന്റെ അടിയിൽ 《65》 طَلۡعُهَا അതിന്റെ (പഴ)കുല كَأَنَّهُ അതാണെന്നപോലെയിരിക്കും رُءُوسُ الشَّيَاطِينِ പിശാചുക്കളുടെ തലകൾ (പോലെ) 《66》 فَإِنَّهُمۡ എന്നാലവർ لَآكِلُونَ തിന്നുന്നവർതന്നെയായിരിക്കും مِنۡهَا അതിൽ നിന്ന് فَمَالِئُونَ مِنۡهَا എന്നിട്ട് അതിൽ നിന്ന് നിറക്കുന്നവരായിരിക്കും الۡبُطُونَ വയറുകൾ 《67》 ثُمَّ പിന്നെ إِنَّ لَهُمۡ നിശ്ചയമായും അവർക്കുണ്ട് عَلَيۡهَا അതിന്റെ

മീതെ لَشَوْبًا ഒരു ചേരുവ (മിശ്രം, കലർപ്പ്) مِنْ حَمِيمٍ ചുട്ടു (തിളക്കുന്ന) വെള്ളത്തിൽ നിന്ന് ﴾68﴿ ثُمَّ പിന്നെ إِنَّ مَرْجِعَهُمْ നിശ്ചയമായും അവരുടെ മടക്കം لَإِلَى الْجَحِيمِ ജ്വലിക്കുന്ന നരകത്തിലേക്കു തന്നെ.

സ്വർഗത്തിലെ അതിഥികൾക്ക് ലഭിക്കുന്ന സൽക്കാരം മുകളിൽ വിവരിച്ചതാണ്. അതേ സമയത്ത് നരകത്തിലെ ആളുകൾക്ക് അവിടെ ലഭിക്കുവാനുള്ളത്, ഇതാ ഇപ്പറയുന്നതുമാണ്. അതുകൊണ്ട് ഏതാണ് വേണ്ടതെന്ന് തീരുമാനിച്ചുകൊള്ളുവാൻ അല്ലാഹു ജനങ്ങളെ ആഹ്വാനം ചെയ്യുന്നു.

അറേബ്യയുടെ ചില കടൽ തീരപ്രദേശങ്ങളിൽ സക്കൂം (الزَّقُّوم) എന്ന പേരിൽ, കയ്പ്പും ദുർവാസനയുമുള്ള ഒരുതരം വൃക്ഷം ഉണ്ടെന്ന് പറയപ്പെടുന്നു. ഉണ്ടെങ്കിൽ തന്നെ, നരകത്തിന്റെ അടിയിൽ ഉൽപാദിക്കുന്ന സക്കൂമും അതുമായി പേരിൽ മാത്രമല്ലാത്ത യാതൊരു സാമ്യവുമില്ലെന്ന് സ്പഷ്ടമാണ്. കാഴ്ചയിൽതന്നെ വികൃതമായ ആ മരത്തിന്റെ കൊള്ളരുതായ്മ ചൂണ്ടിക്കാണിക്കുവാനാണ് كَأَنَّهُ رُءُوسُ الشَّيَاطِينِ (പിശാചുക്കളുടെ തലകൾ പോലെ) എന്ന് അതിന്റെ കുലകളെ ഉപമിച്ചിരിക്കുന്നത്. കൊള്ളരുതാത്ത വികൃത രൂപങ്ങളെ പിശാചുക്കളുടെ തലപോലെയെന്നു ഉപമിക്കുക അറബികളിൽ പതിവുണ്ട്. അതിന്റെ ഫലങ്ങൾ എത്ര തന്നെ അരോചകവും, അസുഖകരവുമാണെങ്കിലും നരകവാസികൾ അടക്കവയ്യാത്ത വിശപ്പുമൂലം അത് തിന്നു വയറു നിറക്കുവാൻ നിർബ്ബന്ധിതരാകും. അതവരുടെ വയറുകളിൽ തിളച്ചു മറിയും (സൂ: ദുഖാൻ : 45) പിന്നീട് ദാഹം അടക്കവയ്യാതെ വെള്ളത്തിന് അവർ ആർത്തികൊള്ളും. ദാഹത്തിന് കിട്ടുന്ന വെള്ളമാകട്ടെ ‘ഹമീ’മാകുന്ന ചുട്ടുതിളക്കുന്ന വെള്ളവും! അതാണവർക്ക് കുടിക്കുവാൻ കിട്ടുക. അതാണെങ്കിൽ, അവരുടെ ആമാശയങ്ങളെ നുറുക്കിക്കളയുന്നതുമായിരിക്കും ! (സൂ: മുഹമ്മദ് : 15) മറ്റേതെങ്കിലും, വിധേന അവർക്ക് വല്ല ആശ്വാസവും ലഭിക്കുവാനുണ്ടോ ? ഇല്ല. പിന്നെയും നരകത്തിൽ തങ്ങളുടെ വാസസ്ഥലങ്ങളിലേക്ക് തന്നെയാണവർക്ക് മടങ്ങുവാനുള്ളത്. അങ്ങിനെ നരകത്തിനും ചുട്ടുതിളക്കുന്ന വെള്ളത്തിനുമിടയിൽ അവർ ചുറ്റിത്തിരിയണം ! (സൂ:റഹ്മാൻ 44) അല്ലാഹു നമ്മെയെല്ലാം കാത്തു രക്ഷിക്കട്ടെ ആമീൻ. ഇത്രയും കഠിനകഠോരമായ ശിക്ഷകൾക്ക് അവർ വിധേയരാകുന്നതിന് കാരണം അല്ലാഹു എടുത്തുകാട്ടുന്നു.

إِنَّهُمْ أَلْفَوْا۟ ءَابَآءَهُمْ ضَآلِّينَ ﴿٦٩﴾

﴾69﴿ നിശ്ചയമായും അവർ തങ്ങളുടെ പിതാക്കളെ വഴിപിഴച്ചവരായി കണ്ടെത്തി:

فَهُمْ عَلَىٰٓ ءَاثَٰرِهِمْ يُهْرَعُونَ ﴿٧٠﴾

﴾70﴿ എന്നിട്ട് അവർ അവരുടെ കാൽപാടുകളിൽകൂടി തിരക്കിട്ട് ചെല്ലുമായിരുന്നു,

وَلَقَدْ ضَلَّ قَبْلَهُمْ أَكْثَرُ ٱلْأَوَّلِينَ ﴿٧١﴾

﴾71﴿ ഇവർക്കുമുമ്പ് പൂർവ്വികൻമാരിൽ അധികമാളുകളും വഴിപിഴച്ചു പോകയുണ്ടായിട്ടുണ്ട്.

وَلَقَدۡ أَرۡسَلۡنَا فِيهِم مُّنذِرِينَ ﴿٧٢﴾

﴾72﴿ അവരില്‍ നാം, താക്കീതുകാരെ [ദൂതന്‍മാരെ] അയക്കുകയും ഉണ്ടായി.

فَٱنظُرۡ كَيۡفَ كَانَ عَٰقِبَةُ ٱلۡمُنذَرِينَ ﴿٧٣﴾

﴾73﴿ എന്നിട്ട്, നോക്കുക : (ആ) താക്കീത് നല്‍കപ്പെട്ടവരുടെ പര്യവസാനം എങ്ങിനെയാണ് ഉണ്ടായതെന്ന്! എല്ലാവരും [ശിക്ഷിക്കപ്പെട്ടു]

إِلَّا عِبَادَ ٱللَّهِ ٱلۡمُخۡلَصِينَ ﴿٧٤﴾

﴾74﴿ അല്ലാഹുവിന്റെ കളങ്കരഹിതരാക്കപ്പെട്ട (ശുദ്ധന്മാരായ) അടിയാന്‍മാരൊഴികെ; അവര്‍ [രക്ഷപ്പെട്ടു] .

ضَالِّينَ അവരുടെ പിതാക്കളെ آبَاءَهُمۡ കാരണം അവര്‍ കണ്ടെത്തി إِنَّهُمۡ أَلۡفَوۡا ﴾69﴿
വഴിപിഴച്ചവരായി ﴾70﴿ فَهُمۡ എന്നിട്ടവര്‍ عَلَىٰٓ آثَٰرِهِمۡ അവരുടെ കാല്‍പാടുകളില്‍ (പ്ര
വര്‍ത്തനങ്ങളില്‍) يُهۡرَعُونَ തിരക്കിട്ടു ചെന്നിരുന്നു, ധൃതിപ്പെട്ടിരുന്നു ﴾71﴿ وَلَقَدۡ ضَلَّ
വഴിപിഴക്കുകയുണ്ടായിട്ടുണ്ട് قَبۡلَهُمۡ അവരുടെ മുമ്പ് أَكۡثَرُ الۡأَوَّلِينَ പൂര്‍വ്വികരില്‍ അധികവും
﴾72﴿ وَلَقَدۡ أَرۡسَلۡنَا നാം അയച്ചിട്ടുമുണ്ട് فِيهِمۡ അവരില്‍ مُنۡذِرِينَ താക്കീതുകാരെ ﴾73﴿
فَانۡظُرۡ എന്നിട്ട് നോക്കുക كَيۡفَ كَانَ എങ്ങിനെ ആയി, ഉണ്ടായി عَاقِبَةُ الۡمُنۡذَرِينَ താക്കീത്
ചെയ്യപ്പെട്ടവരുടെ പര്യവസാനം (അന്ത്യം) ﴾74﴿ إِلَّا عِبَادَ اللهِ അല്ലാഹുവിന്റെ അടിയാന്‍മാ
രൊഴികെ الۡمُخۡلَصِينَ നിഷ്കളങ്കരാക്കപ്പെട്ടവരായ, ശുദ്ധരായ

പിതാക്കളുടെ പിഴച്ച മാര്‍ഗങ്ങളെ ഒട്ടും ആലോചിക്കാതെ കണ്ടമാനം താത്പര്യപൂര്‍വ്വം അവര്‍ പിന്‍പറ്റിയിരുന്നുവെന്നാണ് يُهۡرَعُونَ (അവര്‍ തിരക്കിട്ടുചെന്നിരുന്നു) എന്നു പറഞ്ഞതിന്റെ വിവക്ഷ. ഇങ്ങിനെ പല സമുദായങ്ങളും പൂര്‍വ്വീകരുടെ പിഴച്ച മാര്‍ഗങ്ങള്‍ പിന്‍പറ്റുകമൂലം നാശത്തിലും ശിക്ഷയിലും അകപ്പെടുകയുണ്ടായിട്ടുണ്ട്. പക്ഷേ, നിഷ്കളങ്കരും ശുദ്ധ ഹൃദയരുമായ ആളുകള്‍ അതില്‍ നിന്ന് രക്ഷപ്പെടുകയും ചെയ്തു. ഇതിനു ചില ഉദാഹരണങ്ങളാണ് താഴെ കാണുന്നത്:

വിഭാഗം - 3

وَلَقَدۡ نَادَىٰنَا نُوحٌ فَلَنِعۡمَ ٱلۡمُجِيبُونَ ﴿٧٥﴾

﴾75﴿ നൂഹ് നമ്മെ വിളിക്കുകയുണ്ടായി. അപ്പോള്‍ ഉത്തരം നല്‍കിയവര്‍ വളരെ നന്നായിട്ടുണ്ട്.
[വളരെ നല്ല നിലയില്‍ ഉത്തരം നല്‍കി]

وَنَجَّيْنَـٰهُ وَأَهْلَهُۥ مِنَ ٱلْكَرْبِ ٱلْعَظِيمِ ﴿٧٦﴾	﴾76﴿ അദ്ദേഹത്തെയും, തന്റെ ആൾക്കാരെയും നാം വമ്പിച്ച സങ്കടത്തിൽ [വിപത്തിൽ] നിന്നു രക്ഷിക്കുകയും ചെയ്തു.
وَجَعَلْنَا ذُرِّيَّتَهُۥ هُمُ ٱلْبَاقِينَ ﴿٧٧﴾	﴾77﴿ അദ്ദേഹത്തിന്റെ സന്തതിയെത്തന്നെ അവശേഷിക്കുന്നവരാക്കുകയും ചെയ്തു.
وَتَرَكْنَا عَلَيْهِ فِى ٱلْـَٔاخِرِينَ ﴿٧٨﴾	﴾78﴿ പിന്നീടുള്ളവരിൽ [ഭാവി തലമുറകളിൽ] അദ്ദേഹത്തിന്റെമേൽ നാം (സൽകീർത്തി) ബാക്കിയാക്കുകയും ചെയ്തു.
سَلَـٰمٌ عَلَىٰ نُوحٍ فِى ٱلْعَـٰلَمِينَ ﴿٧٩﴾	﴾79﴿ ലോകരിൽ നൂഹിന്റെമേൽ സലാം [സമാധാനശാന്തി] ഉണ്ടായിരിക്കും.
إِنَّا كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿٨٠﴾	﴾80﴿ നിശ്ചയമായും, നാം അപ്രകാരമാണ് സുകൃതവാന്മാർക്ക് പ്രതിഫലം കൊടുക്കുന്നത്.
إِنَّهُۥ مِنْ عِبَادِنَا ٱلْمُؤْمِنِينَ ﴿٨١﴾	﴾81﴿ അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ അടിയാൻമാരിൽ പെട്ടവനാകുന്നു.
ثُمَّ أَغْرَقْنَا ٱلْـَٔاخَرِينَ ﴿٨٢﴾	﴾82﴿ പിന്നെ, മറ്റുള്ളവരെ(യെല്ലാം) നാം മു(ക്കി നശിപ്പി)ക്കുകയും ചെയ്തു.

﴾75﴿ وَلَقَدْ نَادَانَا നമ്മെ വിളിക്കുകയുണ്ടായി نُوحٌ നൂഹ് فَلَنِعْمَ അപ്പോൾ വളരെ നന്നായി الْمُجِيبُونَ ഉത്തരം നൽകിയവർ ﴾76﴿ وَنَجَّيْنَاهُ അദ്ദേഹത്തെ നാം രക്ഷിക്കയും ചെയ്തു وَأَهْلَهُ അദ്ദേഹത്തിന്റെ ആൾക്കാരെ (സ്വന്തക്കാരെ)യും مِنَ الْكَرْبِ സങ്കടത്തി(വിപത്തി)ൽ നിന്നും الْعَظِيمِ വമ്പിച്ച ﴾77﴿ وَجَعَلْنَا നാം ആക്കുകയും ചെയ്തു ذُرِّيَّتَهُ അദ്ദേഹത്തിന്റെ സന്തതിയെ هُمُ അവരെ തന്നെ الْبَاقِينَ ബാക്കിയായ (അവശേഷിക്കുന്ന)വർ ﴾78﴿ وَتَرَكْنَا നാം വിട്ടു (ബാക്കിയാക്കി) عَلَيْهِ അദ്ദേഹത്തിന്റെ പേരിൽ فِي الْآخِرِينَ പിന്നീടുള്ളവരിൽ, പിൻഗാമികളിൽ ﴾79﴿ سَلَامٌ സലാം, സമാധാനശാന്തി യുണ്ട് عَلَىٰ نُوحٍ നൂഹിന്റെമേൽ فِي الْعَالَمِينَ ലോകരിൽ ﴾80﴿ إِنَّا നിശ്ചയമായും നാം كَذَٰلِكَ نَجْزِي അപ്രകാരം നാം പ്രതിഫലം കൊടുക്കുന്നു الْمُحْسِنِينَ സുകൃതം(നൻമ,

പുണ്യം) ചെയ്യുന്നവർക്ക് ﴾81﴿ إِنَّهُۥ നിശ്ചയമായും അദ്ദേഹം مِنۡ عِبَادِنَا നമ്മുടെ അടിയാൻമാരിൽ പെട്ടവനാണ് ٱلۡمُؤۡمِنِينَ സത്യവിശ്വാസികളായ ﴾82﴿ ثُمَّ أَغۡرَقۡنَا പിന്നെ നാം മുക്കി ٱلۡـَٔاخَرِينَ മറ്റേവരെ

നൂഹ് നബി(അ)യുടെയും, ജലപ്രളയത്തിന്റെയും സംഭവം ഒന്നിലധികം പ്രാവശ്യം മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്; ഇവിടെ പറഞ്ഞതിന്റെ സാരം ഇതാണ്; തന്റെ ജനതയുടെ ധിക്കാരവും അക്രമവും അങ്ങേയറ്റം മുഴുത്തപ്പോൾ അദ്ദേഹം രക്ഷക്കായി പ്രാർത്ഥിച്ചു. അല്ലാഹു വേണ്ടതുപോലെ അതിന് ഉത്തരവും നൽകി. അവിശ്വാസികളെയെല്ലാം ജലപ്രളയത്തിൽ നശിപ്പിക്കുകയും, അദ്ദേഹത്തെയും സത്യവിശ്വാസികളെയും രക്ഷിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സന്തതികളെ നിലനിറുത്തുകയും, ഭാവിതലമുറകളിൽ അദ്ദേഹത്തിന് സൽകീർത്തിയും സമാധാനശാന്തിയുടെ ആശീർവാദങ്ങളും അവശേഷിപ്പിക്കുകയും ചെയ്തു.

പിന്നീട് അവശേഷിച്ചത് അദ്ദേഹത്തിന്റെ സന്തതികളാണെന്ന് (وَجَعَلۡنَا ذُرِّيَّتَهُۥ هُمُ ٱلۡبَاقِينَ) പറഞ്ഞതിൽനിന്ന് ഭൂലോകത്ത് പിന്നീടുണ്ടായ മനുഷ്യരെല്ലാം ആ സന്തതിവഴി ഉണ്ടായവരാണെന്ന് മനസ്സിലാകുന്നു. കപ്പലിൽ കയറി രക്ഷപ്പെട്ടവരിൽ അദ്ദേഹത്തിന്റെ മക്കളല്ലാത്തവരും ഉണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ സന്താന പരമ്പരമാത്രമേ ലോകത്ത ്നിലനിന്നിട്ടുള്ളൂവെന്നാണ് പല ക്വുർആൻ വ്യാഖ്യാതാക്കളും പറയുന്നത്. അറബികൾ, പേർഷ്യക്കാർ, റോമക്കാർ (യൂറോപ്യൻ) മുതലായവർ സാം എന്ന പുത്രന്റെയും, നീഗ്രോ മുതലായ കറുത്ത വർഗങ്ങൾ ഹാം എന്ന പുത്രന്റെയും തുർക്കികൾ, യാഗോക്ക്, മാഗോക്ക് (റഷ്യ, മങ്കോളിയാ മുതലായ നാടുകളിലുള്ളവർ) യാഫെഥ് എന്ന പുത്രന്റെയും സന്തതികളാണെന്നുമാണ് പൊതുവിൽ അഭിപ്രായം. സാം അറബികളുടെയും, ഹാം അബീസീനിയക്കാരുടെയും, യാഫെഥ് റോമക്കാരുടെയും പിതാവാണെന്ന് ഒരു ഹദീഥിലും വന്നിട്ടുണ്ട്. (തി; ഹാ; ത്വ;) ചരിത്രപരമായി നോക്കുമ്പോൾ ഇപ്പറഞ്ഞതിനെ അനുകൂലിക്കുന്നതും, പ്രതികൂലിക്കുന്നതുമായ അഭിപ്രായങ്ങൾ കാണാം.الله اعلم

നൂഹ് നബി(അ)യെപ്പറ്റി إِنَّهُۥ مِنۡ عِبَادِنَا ٱلۡمُؤۡمِنِينَ(അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ അടിയാൻമാരിൽപെട്ടവനാണ്) എന്ന് പറഞ്ഞുവല്ലോ, സത്യവിശ്വാസികളെല്ലാം ഒരേ കക്ഷിയിലും സമൂഹത്തിലും പെട്ടവരാണെന്ന് സൂചിപ്പിച്ചുകൊണ്ട് അടുത്ത വചനം ഇബ്റാഹീം നബി(അ)യുടെ കഥ വിവരിക്കുന്നു.

۞ وَإِنَّ مِن شِيعَتِهِۦ لَإِبۡرَٰهِيمَ ﴿٨٣﴾

﴾83﴿ നിശ്ചയമായും, അദ്ദേഹത്തിന്റെ കക്ഷിയിൽപെട്ടവൻ തന്നെയാണ് ഇബ്റാഹീമും.

إِذۡ جَآءَ رَبَّهُۥ بِقَلۡبٖ سَلِيمٍ ﴿٨٤﴾

﴾84﴿ നിർദ്ദോഷമായ ഒരു ഹൃദയത്തോടുകൂടി അദ്ദേഹം തന്റെ രക്ഷിതാവിങ്കൽ വന്ന സന്ദർഭം (ഓർക്കുക)

إِذۡ قَالَ لِأَبِيهِ وَقَوۡمِهِۦ مَاذَا تَعۡبُدُونَ ﴿٨٥﴾

﴾85﴿ അതായത്, അദ്ദേഹം തന്റെ പിതാവിനോടും, ജനതയോടും പറഞ്ഞ സന്ദർഭം ; നിങ്ങൾ എന്തിനെയാണ് ആരാധിക്കുന്നത്?!

أَئِفۡكًا ءَالِهَةً دُونَ ٱللَّهِ تُرِيدُونَ ﴿٨٦﴾

﴾86﴿ കള്ളമായിക്കൊണ്ട് അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധ്യൻമാരെ ഉദ്ദേശിക്കുകയാണോ ?!

فَمَا ظَنُّكُم بِرَبِّ ٱلۡعَٰلَمِينَ ﴿٨٧﴾

﴾87﴿ അപ്പോൾ, ലോകരക്ഷിതാവിനെപ്പറ്റി നിങ്ങളുടെ ധാരണയെന്താണ്?!

﴾83﴿ وَإِنَّ مِن شِيعَتِهِ നിശ്ചയമായും അദ്ദേഹത്തിന്റെ കക്ഷിയിൽപെട്ടവൻതന്നെ
لَإِبۡرَٰهِيمَ ഇബ്റാഹീം ﴾84﴿ إِذۡ جَآءَ അദ്ദേഹം വന്ന സന്ദർഭം رَبَّهُۥ തന്റെ രക്ഷിതാവിങ്കൽ
بِقَلۡبٍ ഒരു ഹൃദയവുമായി سَلِيمٍ നിർദ്ദോഷമായ, അന്യൂനമായ, സുരക്ഷിതമായ ﴾85﴿
إِذۡ قَالَ അതായത് താൻ പറഞ്ഞപ്പോൾ لِأَبِيهِ തന്റെ പിതാവിനോട് وَقَوۡمِهِ തന്റെ ജനത
യോടും مَاذَا تَعۡبُدُونَ എന്തിനെയാണ് നിങ്ങളാരാധിക്കുന്നത് ﴾86﴿ أَئِفۡكًا കള്ളമായിട്ടോ
آلِهَةً പല ആരാധ്യവസ്തുക്കളെ دُونَ ٱللَّهِ അല്ലാഹുവിന് പുറമെ تُرِيدُونَ നിങ്ങളുദ്ദേശി
ക്കുന്നു ﴾87﴿ فَمَا ظَنُّكُم അപ്പോൾ നിങ്ങളുടെ ധാരണ (വിചാരം) എന്താണ്
بِرَبِّ ٱلۡعَالَمِينَ ലോക(രുടെ) രക്ഷിതാവിനെപ്പറ്റി

യാതൊരുവിധ കളങ്കവും, സ്വാർത്ഥവും തീണ്ടാത്ത ശുദ്ധമനസ്സോടെ സത്യവിശ്വാസത്തിന്റെ മാർഗത്തിൽ ഇബ്റാഹീം നബി(അ) ത്യാഗസന്നദ്ധനായി എന്നത്രെ നിർദ്ദോഷമായ ഹൃദയത്തോടുകൂടി അദ്ദേഹം തന്റെ റബ്ബിങ്കൽ വന്നു എന്ന് പറഞ്ഞതിന്റെ താൽപര്യം. ഇബ്റാഹീം നബി(അ)യുടെ സംഭവത്തിന്റെ പല വശങ്ങളും ഇതിനുമുമ്പ് ഒന്നിലധികം പ്രാവശ്യം വിവരിക്കപ്പെട്ടിട്ടുള്ളതാണ്. അദ്ദേഹം വിഗ്രഹങ്ങളെ ആക്ഷേപിച്ചതും, നശിപ്പിച്ചതും, അതുമൂലം പരീക്ഷണങ്ങൾക്ക് വിധേയനായത്, മകൻ ഇസ്മാഈൽ നബി(അ)നെ ബലിയർപ്പിക്കുന്നത് എന്നിവയെപ്പറ്റിയാണ് പ്രധാനമായും ഈ സൂറത്തിൽ വിവരിക്കുന്നത്. ജനങ്ങളെല്ലാം ഒരു ഉൽസവത്തിൽ പങ്കെടുക്കുവാൻ പോകുമ്പോൾ അദ്ദേഹം അവരൊന്നിച്ച് സംബന്ധിക്കാതിരിക്കുന്നതിനുള്ള കാരണമാണ് അടുത്ത വചനത്തിൽ കാണുന്നത്.

فَنَظَرَ نَظۡرَةً فِي ٱلنُّجُومِ ﴿٨٨﴾

﴾88﴿ അങ്ങനെ, അദ്ദേഹം നക്ഷത്രങ്ങളിൽ ഒരു നോട്ടം നോക്കി.

فَقَالَ إِنِّي سَقِيمٌ ﴿٨٩﴾

﴾89﴿ എന്നിട്ട് പറഞ്ഞു: നിശ്ചയമായും ഞാൻ അസുഖമുള്ളവനാണ്.

فَتَوَلَّوۡاْ عَنۡهُ مُدۡبِرِينَ ﴿٩٠﴾

﴾90﴿ അപ്പോൾ, അവർ അദ്ദേഹത്തെ വിട്ടു പിന്തിരിഞ്ഞു മാറിപ്പോയി.

《88》 فَنَظَرَ അങ്ങനെ അദ്ദേഹം നോക്കി نَظْرَةً ഒരു നോട്ടം فِي النُّجُومِ നക്ഷത്രങ്ങളിൽ 《89》 فَقَالَ എന്നിട്ട് പറഞ്ഞു إِنِّي നിശ്ചയമായും ഞാൻ سَقِيمٌ അസുഖമുള്ളവനാണ്, രോഗിയാണ്, അനാരോഗ്യനാണ് 《90》 فَتَوَلَّوْا അപ്പോൾ അവർ തിരിഞ്ഞു പോയി عَنْهُ അദ്ദേഹത്തിൽ നിന്ന് مُدْبِرِينَ പിന്നിട്ടവരായി

'നക്ഷത്രത്തിൽ' നോക്കി എന്ന് പറഞ്ഞതിന്റെ താൽപര്യം കുറേനേരം ചിന്തിച്ചു എന്നായിരിക്കാം. ഒരു വിഷയത്തെക്കുറിച്ച് കാര്യമായും, ദീർഘമായും ചിന്തിച്ചു എന്ന അർത്ഥത്തിൽ نَظَرَ فِي النُّجُوم (നക്ഷത്രങ്ങളെ നോക്കി) എന്ന് അറബികൾ പറയാറുണ്ടായിരുന്നതായി ക്വത്താദഃ(റ)യിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അവരുടെ അഭാവത്തിൽ അവരുടെ വിഗ്രഹങ്ങളെ കൊത്തിമുറിക്കുവാൻ ഉദ്ദേശിച്ചിരിക്കുകയാണ് ഇബ്റാഹീം നബി. അതിനാൽ അവരൊന്നിച്ച് ഉത്സവത്തിൽ പങ്കെടുക്കാതിരിക്കുവാൻ ഒരു കാരണം അദ്ദേഹം ആലോചിച്ചു. ഞാൻ സുഖമില്ലാത്തവനാണ് – അഥവാ നിങ്ങളുടെ സ്ഥിതിഗതികൾ നിമിത്തം – മനസ്സിന് സുഖമില്ല – എന്ന് പറഞ്ഞു. ഒരു പക്ഷേ, ശാരീരികമായി തന്നെ അദ്ദേഹത്തിന് എന്തെങ്കിലും അസുഖമുണ്ടായിരുന്നുവെന്നും വരാം. الله اعلم ഏതായാലും ജനങ്ങൾ സ്ഥലം വിട്ടു.

فَرَاغَ إِلَىٰٓ ءَالِهَتِهِمْ فَقَالَ أَلَا تَأْكُلُونَ ﴿٩١﴾

《91》 എന്നിട്ട് അദ്ദേഹം അവരുടെ ആരാധ്യവസ്തുക്കളിലേക്ക് തിരിഞ്ഞു (അഥവാ ഒഴിഞ്ഞുചെന്നു) എന്നിട്ട് പറഞ്ഞു: നിങ്ങൾ തിന്നുന്നില്ലേ?!

مَا لَكُمْ لَا تَنطِقُونَ ﴿٩٢﴾

《92》 നിങ്ങൾക്കെന്താണ് - നിങ്ങൾ മിണ്ടുന്നില്ലേ?!

فَرَاغَ عَلَيْهِمْ ضَرْبًۢا بِٱلْيَمِينِ ﴿٩٣﴾

《93》 അങ്ങനെ, അദ്ദേഹം വലംകയ്യാൽ [ഊക്കോടെ] വെട്ടിക്കൊണ്ട് അവരുടെ മേൽക്ക് തിരിഞ്ഞു

《91》 فَرَاغَ അപ്പോൾ അദ്ദേഹം തിരിഞ്ഞു, ഒളിഞ്ഞുചെന്നു إِلَىٰٓ آلِهَتِهِمْ അവരുടെ ദൈവങ്ങളിലേക്ക്, ആരാധ്യവസ്തുക്കളിലേക്ക് فَقَالَ എന്നിട്ട് പറഞ്ഞു أَلَا تَأْكُلُونَ നിങ്ങൾ തിന്നുന്നില്ലേ 《92》 مَا لَكُمْ നിങ്ങൾക്കെന്താണ് لَا تَنطِقُونَ നിങ്ങൾ മിണ്ടുന്നില്ല, സംസാരിക്കുന്നില്ല 《93》 فَرَاغَ അങ്ങനെ അദ്ദേഹം തിരിഞ്ഞു عَلَيْهِمْ അവരിൽ, അവരുടെ മേൽ ضَرْبًا വെട്ടിക്കൊണ്ട്, അടിച്ചുകൊണ്ട് بِالْيَمِينِ വലങ്കയ്യാൽ(ഊക്കോടെ)

സൂ: അൻബിയാഇൽ പറഞ്ഞതുപോലെ, വലിയ വിഗ്രഹത്തെമാത്രം അദ്ദേഹം ബാക്കിയാക്കി. നിങ്ങൾ തിന്നുന്നില്ലേ, നിങ്ങൾ മിണ്ടുന്നില്ലല്ലോ എന്നൊക്കെ അവയെ നിന്ദിച്ചു പറഞ്ഞ വാക്കുകളാണെന്ന് വ്യക്തമാണ്. വിഗ്രഹങ്ങളുടെ മുമ്പിൽ നിവേദ്യമായി സമർപ്പിക്കപ്പെട്ട ഭക്ഷണസാധനങ്ങളെ ഉദ്ദേശിച്ചായിരിക്കാം തിന്നുന്നില്ലേ എന്ന് പറഞ്ഞത്. ജനങ്ങൾ ഉത്സവത്തിൽനിന്ന് മടങ്ങിവന്നപ്പോഴാണ് സംഭവം അറിയുന്നത്.

فَأَقْبَلُوٓا۟ إِلَيْهِ يَزِفُّونَ ﴿٩٤﴾

《94》 എന്നിട്ട് അവർ ധൃതിപിടിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അടുക്കലേക്ക് മുന്നിട്ടു ചെന്നു.

قَالَ أَتَعْبُدُونَ مَا تَنْحِتُونَ ﴿٩٥﴾

《95》 അദ്ദേഹം പറഞ്ഞു: നിങ്ങൾ (സ്വയം)കൊത്തിപ്പണിതുണ്ടാക്കുന്നതിനെ നിങ്ങൾ ആരാധിക്കുകയോ?!

وَٱللَّهُ خَلَقَكُمْ وَمَا تَعْمَلُونَ ﴿٩٦﴾

《96》 അല്ലാഹുവാണല്ലോ, നിങ്ങളെയും, നിങ്ങൾ പ്രവർത്തിച്ചുണ്ടാക്കുന്നതിനെയും സൃഷ്ടിച്ചത്!

قَالُوا۟ ٱبْنُوا۟ لَهُۥ بُنْيَـٰنًا فَأَلْقُوهُ فِى ٱلْجَحِيمِ ﴿٩٧﴾

《97》 അവർ പറഞ്ഞു: നിങ്ങൾ അവനുവേണ്ടി ഒരു എടുപ്പ് നിർമിക്കുവിൻ; എന്നിട്ട് അവനെ ജ്വലിക്കുന്ന അഗ്നിയിൽ ഇട്ടേക്കുവിൻ!

فَأَرَادُوا۟ بِهِۦ كَيْدًا فَجَعَلْنَـٰهُمُ ٱلْأَسْفَلِينَ ﴿٩٨﴾

《98》 അങ്ങനെ, അവർ അദ്ദേഹത്തെപ്പറ്റി ഒരു തന്ത്രം ഉദ്ദേശിച്ചു. എന്നാൽ, അവരെ നാം ഏറ്റവും അധമന്മാരാക്കി [പരാജിതരാക്കി].

《94》 فَأَقْبَلُوا എന്നിട്ട് അവർ മുന്നിട്ടു إِلَيْهِ അദ്ദേഹത്തിന്റെ അടുക്കലേക്ക് يَزِفُّونَ ധൃതി പിടിച്ചവരായി, തിരക്കിട്ടുകൊണ്ട് 《95》 قَالَ അദ്ദേഹം പറഞ്ഞു أَتَعْبُدُونَ നിങ്ങൾ ആരാധിക്കുകയോ مَاتَنْحِتُونَ നിങ്ങൾ കൊത്തിയുണ്ടാക്കുന്ന (ശില്പവേല ചെയ്യുന്ന) തിനെ 《96》 وَاللَّهُ അല്ലാഹുവാണല്ലോ, അല്ലാഹുവത്രെ خَلَقَكُمْ നിങ്ങളെ സൃഷ്ടിച്ചത് وَمَاتَعْمَلُونَ നിങ്ങൾ പ്രവർത്തിച്ചുണ്ടാക്കുന്നതിനെയും 《97》 قَالُوا അവർ പറഞ്ഞു ابْنُوا നിങ്ങൾ പടുത്തുണ്ടാക്കുവിൻ, സ്ഥാപിക്കുവിൻ لَهُ അവനുവേണ്ടി بُنْيَانًا ഒരു എടുപ്പ്, കെട്ടിടം فَأَلْقُوهُ എന്നിട്ടവനെ ഇടുവിൻ فِي الْجَحِيمِ ജ്വലിക്കുന്ന തീയിൽ 《98》 فَأَرَادُوا അങ്ങനെ അവർ ഉദ്ദേശിച്ചു بِهِ അദ്ദേഹത്തെക്കൊണ്ട് كَيْدًا ഒരു തന്ത്രം, ഉപായം فَجَعَلْنَاهُمُ എന്നാൽ നാമവരെ ആക്കി الْأَسْفَلِينَ ഏറ്റവും അധമൻമാർ, താണവർ

بُنْيَان (എടുപ്പ് അല്ലെങ്കിൽ കെട്ടിടം) അദ്ദേഹത്തെ ചുട്ടെരിക്കുവാനുള്ള അഗ്നികുണ്ഡമാകുന്നു. ഇവിടെ ചുരുക്കിപ്പറഞ്ഞതായ ഈ സംഭവത്തെക്കുറിച്ച് സൂറത്തുൽ അൻബിയാഇലും അതിന്റെ വ്യാഖ്യാനത്തിലും തുടർന്നുള്ള വ്യാഖ്യാനക്കുറിപ്പിലും വിവരിച്ചു കഴിഞ്ഞിരിക്കകൊണ്ട് കൂടുതൽ വിവരിക്കുന്നില്ല. അഗ്നി കുണ്ഡത്തിൽനിന്ന് രക്ഷപ്പെട്ടശേഷമുണ്ടായ സംഭവങ്ങളാണ് അല്ലാഹു തുടർന്നു പറയുന്നത്:

وَقَالَ إِنِّى ذَاهِبٌ إِلَىٰ رَبِّى

《99》 അദ്ദേഹം പറഞ്ഞു: നിശ്ചയമായും ഞാൻ എന്റെ റബ്ബിങ്കലേക്ക്

سَيَهْدِينِ ﴿٩٩﴾

പോകുകയാണ്. അവൻ എനിക്ക് മാർഗദർശനം നൽകിക്കൊള്ളും.

رَبِّ هَبْ لِى مِنَ ٱلصَّٰلِحِينَ ﴿١٠٠﴾

《100》 എന്റെ റബ്ബേ, നീ എനിക്ക് സദ്‌വൃത്തന്മാരിൽപെട്ടവരെ പ്രദാനം ചെയ്യേണമേ!

《99》 وَقَالَ അദ്ദേഹം പറഞ്ഞു إِنِّي നിശ്ചയമായും ഞാൻ ذَاهِبٌ പോകുന്നവനാണ് إِلَىٰ رَبِّي എന്റെ റബ്ബിങ്കലേക്ക് سَيَهْدِينِ അവൻ എനിക്ക് മാർഗദർശനം നൽകിക്കൊള്ളും. 《100》 رَبِّ എന്റെ രക്ഷിതാവേ هَبْ لِي എനിക്ക് പ്രദാനം ചെയ്യേണമേ مِنَ الصَّالِحِينَ സദ്‌വൃത്തൻമാരിൽ നിന്ന്, നല്ല ആളുകളിൽപെട്ട(വരെ)

ആ നാട്ടിൽ തൗഹീദിന്റെ പ്രബോധനം നടത്തുവാൻ യാതൊരു മാർഗവുമില്ലെന്ന് ഇബ്‌റാഹീം നബി(അ)ക്ക് ബോധ്യപ്പെട്ടു. തന്റെ റബ്ബ് തനിക്ക് വേണ്ടുന്ന സഹായവും, നിർദ്ദേശവും നൽകുമെന്ന ഉത്തമവിശ്വാസം അദ്ദേഹത്തിനുണ്ട്. അങ്ങനെ, അദ്ദേഹം ശാമിലേക്ക് ഹിജ്റഃ പോയി. തൗഹീദിന്റെ പ്രബോധനത്തിൽ തന്നെ സഹായിക്കുവാനും, ആ പ്രബോധനകൃത്യം തനിക്കു ശേഷവും നിലനിറുത്തുവാനും കൊള്ളാവുന്ന സദ്‌വൃത്തരായ പിൻഗാമികൾ തനിക്കുണ്ടായാൽ കൊള്ളാമെന്ന് അദ്ദേഹം ആശിച്ചു. അദ്ദേഹത്തിനു വാർദ്ധക്യവും പിടിപെട്ടിരിക്കുന്നു. അങ്ങിനെ, അതിനായി അല്ലാഹുവോട് അദ്ദേഹം പ്രാർത്ഥിച്ചു. പ്രാർത്ഥന സ്വീകരിക്കപ്പെടുകയും ചെയ്തു.

فَبَشَّرْنَٰهُ بِغُلَٰمٍ حَلِيمٍ ﴿١٠١﴾

《101》 അപ്പോൾ, സഹനശീലനായ ഒരു ബാലനെക്കുറിച്ച് നാം അദ്ദേഹത്തിന് സന്തോഷവാർത്ത അറിയിച്ചു.

فَلَمَّا بَلَغَ مَعَهُ ٱلسَّعْىَ قَالَ يَٰبُنَىَّ إِنِّىٓ أَرَىٰ فِى ٱلْمَنَامِ أَنِّىٓ أَذْبَحُكَ فَٱنظُرْ مَاذَا تَرَىٰ ۚ

《102》 എന്നിട്ട് അവൻ ആ [ബാലൻ] തന്റെ കൂടെ പ്രയത്നിക്കുവാൻ (പ്രായം) എത്തിയപ്പോൾ, അദ്ദേഹം പറയുകയാണ്: എന്റെ കുഞ്ഞുമകനേ, ഞാൻ നിന്നെ അറുക്കുന്നതായി ഞാൻ ഉറക്കിൽ(സ്വപ്നം) കാണുന്നു! അതുകൊണ്ട് (അതിനെപ്പറ്റി) നീ എന്താണഭിപ്രായപ്പെടുന്നത് എന്ന് (ചിന്തിച്ചു) നോക്കുക!

قَالَ يَٰٓأَبَتِ ٱفْعَلْ مَا تُؤْمَرُ ۖ سَتَجِدُنِىٓ إِن شَآءَ ٱللَّهُ مِنَ ٱلصَّٰبِرِينَ ﴿١٠٢﴾

അവൻ പറഞ്ഞു: 'എന്റെ ഉപ്പാ, അവിടുത്തോട് കൽപിക്കപ്പെടുന്നത് അവിടുന്ന് ചെയ്തുകൊള്ളുക! അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം, എന്നെ ക്ഷമ കാണിക്കുന്നവരിൽ

**പെട്ടവനായി അങ്ങുന്ന് കണ്ടെത്തിച്ചേ
ക്കുന്നതാണ്.'**

﴾101﴿ فَبَشَّرْنَاهُ അപ്പോൾ നാം അദ്ദേഹത്തിന് സന്തോഷവാർത്ത അറിയിച്ചു
بِغُلَامٍ ഒരു ബാലനെ (ആൺകുട്ടിയെ)ക്കുറിച്ച് حَلِيمٍ സഹനശീലനായ, ഒതുക്കമുള്ള ﴾102﴿
فَلَمَّا بَلَغَ എന്നിട്ടു അവൻ എത്തിയപ്പോൾ مَعَهُ തന്റെ കൂടെ السَّعْيَ പ്രയത്നത്തിന്, പരി
ശ്രമിക്കുവാൻ قَالَ അദ്ദേഹം പറഞ്ഞു يَا بُنَيَّ എന്റെ കുഞ്ഞു(ഓമന)മകനേ إِنِّي أَرَىٰ നിശ്ച
യമായും ഞാൻ കാണുന്നു فِي الْمَنَامِ ഉറക്കിൽ (സ്വപ്നത്തിൽ) أَنِّي أَذْبَحُكَ ഞാൻ നിന്നെ
അറുക്കുന്നതായി فَانظُرْ അതുകൊണ്ട് നീ നോക്കുക مَاذَا تَرَىٰ നീ എന്താണ് അഭിപ്രായ
പ്പെടുന്നതെന്ന് قَالَ അവൻ പറഞ്ഞു يَا أَبَتِ എന്റെ ഉപ്പാ, പിതാവേ افْعَلْ ചെയ്തുകൊ
ള്ളുക مَا تُؤْمَرُ നിങ്ങളോട് (അവിടുത്തോട്) കൽപിക്കപ്പെടുന്നത് سَتَجِدُنِي എന്നെ നിങ്ങൾ
കണ്ടെത്തിച്ചേക്കും إِن شَاءَ اللَّهُ അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം مِنَ الصَّابِرِينَ ക്ഷമിക്കുന്ന
വരിൽപെട്ട(വനായി)

ഇബ്റാഹീം നബി(അ)യുടെ പ്രഥമ പുത്രനായ ഇസ്മാഈൽ നബി(അ)യാണ് ഇവിടെ സഹനശീലനായ ബാലൻ (غُلَامٍ حَلِيمٍ) എന്നു പറഞ്ഞത്. അദ്ദേഹത്തോടൊപ്പം പ്രയത്നിക്കാറായി (بَلَغَ مَعَهُ السَّعْيَ) എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, ഉപജീവനമാർഗങ്ങളിലും മറ്റും തന്നെ സഹായിക്കുവാനുള്ള പ്രായം എത്തിയെന്നും, മതസേവന കൃത്യങ്ങളിൽ തന്റേടത്തോടെ തന്നോടൊപ്പം പങ്കെടുക്കാറായി എന്നും - രണ്ടുവിധത്തിലും- ആകാവുന്നതാണ്. അന്ന് ഇസ്മാഈൽ (അ)ന് പതിമൂന്ന് വയസ്സു പ്രായമായിരുന്നുവെന്ന് പറയപ്പെടുന്നു. ഏതായാലും വൃദ്ധനായ പിതാവിന് മകനെക്കൊണ്ട് സഹായം ലഭിക്കാറായ ഘട്ടത്തിലാണ് ആ ഏകപുത്രനെ അറുക്കുന്നതായി അദ്ദേഹം സ്വപ്നം കാണുന്നത്. നബിമാരുടെ സ്വപ്നം യാഥാർത്ഥ്യമായിരിക്കും. ആകയാൽ അതിന് വഹ്‌യിന്റെ സ്ഥാനമുണ്ട്.

നബിﷺ പറയുകയുണ്ടായി : പ്രവാചകത്വത്തിൽ നിന്ന് സന്തോഷവാർത്ത അറിയിപ്പുകൾ (المُبشِرات) അല്ലാതെ ഒന്നും ബാക്കിയില്ല, സ്വഹാബികൾ ചോദിച്ചു : എന്താണ് സന്തോഷ വാർത്ത അറിയിപ്പുകൾ ? തിരുമേനി പറഞ്ഞു : 'നല്ലതായ സ്വപ്നമാകുന്നു'. (ബു.) മറ്റൊരു ഹദീഥിൽ നബിﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു : 'നല്ല സ്വപ്നം പ്രവാചകത്വത്തിന്റെ നാൽപത്താറ് അംശങ്ങളിൽപെട്ട ഒരംശമാണ്'. (ബു.മു.) വേറൊരു ഹദീഥിൽ നബിﷺ പറയുന്നു :'നല്ല സ്വപ്നം അല്ലാഹുവിൽ നിന്നും, ദുസ്വപ്നം പിശാചിൽനിന്നുമാണ്. അതുകൊണ്ട് നിങ്ങളിൽ ഒരാൾ താൻ ഇഷ്ടപ്പെടുന്ന സ്വപ്നം കണ്ടാൽ താൻ ഇഷ്ടപ്പെടുന്നവരോടല്ലാതെ അതിനെക്കുറിച്ച് സംസാരിക്കരുത്. തനിക്ക് അനിഷ്ടമായിരിക്കുന്നതുകണ്ടാൽ, അതിന്റെ കെടുതിയിൽനിന്നും, പിശാചിന്റെ കെടുതിൽ നിന്നും അല്ലാഹുവിനോട് രക്ഷതേടുകയും, തന്റെ ഇടതുഭാഗത്ത് മൂന്നു പ്രാവശ്യം തുപ്പുകയും, ചെയ്യട്ടെ. അതിനെപ്പറ്റി ഒരാളോടും സംസാരിക്കുകയും ചെയ്യരുത്. എന്നാലത് അവന് ഉപദ്രവം ചെയ്കയില്ല'. (ബു. മു.)

ഇബ്റാഹീം (അ) സ്വപ്നം മകനെ അറിയിച്ചു. അഭിപ്രായം ആരായുകയും ചെയ്തു. ആ പിതാവിന്റെ മകനല്ലേ?! സദ്‌വൃത്തരിൽപ്പെട്ട സന്താനത്തിനുവേണ്ടിയാണദ്ദേഹം

പ്രാർത്ഥിച്ചിരുന്നതും, അപ്പോൾ ഇസ്മാഈൽ (അ) ഒരു സദ്വൃത്തൻ തന്നെയായിരിക്കുമല്ലോ. കൂടാതെ സഹനശീലൻ (حَلِيم) എന്നൊരു സാക്ഷ്യപത്രവും അല്ലാഹു അദ്ദേഹത്തിനുനല്കിയിരിക്കുന്നു. പിതാവിന്റെ സ്വപ്നം സാക്ഷാൽകരിക്കപ്പെടേണ്ടുന്ന ഒരു കല്പനയാണെന്ന് അദ്ദേഹത്തിനറിയാം. അദ്ദേഹം വൈമനസ്യം കൂടാതെ പിതാവിന് സമ്മതം നൽകി. അല്ലാഹു തനിക്ക് ക്ഷമയും സഹനവും നൽകുമെന്ന് സ്വയം സമാധാനിക്കുകയും, പിതാവിനെ സമാധാനിപ്പിക്കുകയും ചെയ്തു.

فَلَمَّآ أَسْلَمَا وَتَلَّهُۥ لِلْجَبِينِ ﴿١٠٣﴾

《103》 അങ്ങനെ, രണ്ടുപേരും (കൽപനക്കു) കീഴടങ്ങുകയും, അദ്ദേഹം അവനെ നെറ്റിവെച്ച് (കമിഴ്ത്തി)കിടത്തുകയും ചെയ്തപ്പോൾ..! [ഹാ! ആ സന്ദർഭം വിവരിക്കേണ്ടതില്ല]

وَنَـٰدَيْنَـٰهُ أَن يَـٰٓإِبْرَٰهِيمُ ﴿١٠٤﴾

《104》 നാം [അല്ലാഹു] അദ്ദേഹത്തെ വിളിച്ചു (പറഞ്ഞു): ഹേ, ഇബ്റാഹീം [മതി]

قَدْ صَدَّقْتَ ٱلرُّءْيَآ ۚ إِنَّا كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿١٠٥﴾

《105》 തീർച്ചയായും, നീ സ്വപ്നത്തെ സാക്ഷാൽക്കരിച്ചിരിക്കുന്നു! ഇപ്രകാരമാണ് സുകൃതവാൻമാർക്ക് നാം പ്രതിഫലം കൊടുക്കുന്നത്.

إِنَّ هَـٰذَا لَهُوَ ٱلْبَلَـٰٓؤُا۟ ٱلْمُبِينُ ﴿١٠٦﴾

《106》 നിശ്ചയമായും, ഇത് തന്നെയാണ് സ്പഷ്ടമായ പരീക്ഷണം.

وَفَدَيْنَـٰهُ بِذِبْحٍ عَظِيمٍ ﴿١٠٧﴾

《107》 മഹത്തായ ഒരു ബലിമൃഗത്തെക്കൊണ്ട് അവനു (പകരം) നാം തെണ്ടംകൊടുക്കുകയും ചെയ്തു.

《103》 فَلَمَّا أَسْلَمَا അങ്ങനെ രണ്ടുപേരും കീഴടങ്ങിയ (അനുസരിച്ച)പ്പോൾ وَتَلَّهُ അവനെ തള്ളിയിട്ടു, കിടത്തി لِلْجَبِينِ നെറ്റിത്തടത്തിൽ, ചെന്നിക്കു **《104》** وَنَادَيْنَاهُ നാം അദ്ദേഹത്തെ വിളിച്ചു أَنْ يَا إِبْرَاهِيمُ ഇബ്റാഹീമേ എന്ന് **《105》** قَدْ صَدَّقْتَ തീർച്ചയായും നീ സത്യമാക്കി (സാക്ഷാൽകരിച്ചു) الرُّؤْيَا സ്വപ്നം إِنَّا നിശ്ചയമായും നാം كَذَٰلِكَ അപ്രകാരം نَجْزِي നാം പ്രതിഫലം നൽകുന്നു الْمُحْسِنِينَ സുകൃതവാൻമാർക്ക്, നന്മ ചെയ്യുന്നവർക്ക് **《106》** إِنَّ هَٰذَا നിശ്ചയമായും ഇത് لَهُوَ ഇതു തന്നെ الْبَلَاءُ الْمُبِينُ സ്പഷ്ടമായ പരീക്ഷണം **《107》** وَفَدَيْنَاهُ നാം അവന് തെണ്ടംകൊടുത്തു, ബലി

യാക്കി بِذِبۡحٍ عَظِيمٍ മഹത്തായ ഒരു അറവ് മൃഗ(ബലിമൃഗ)ത്തെ

പുത്രവാത്സല്യമോ, പിതൃസ്നേഹമോ ഒന്നുംതന്നെ ആ മഹാനുഭവൻമാരെ തടഞ്ഞില്ല. അവർ അല്ലാഹുവിന്റെ കൽപനക്ക് പരിപൂർണമായും കീഴടങ്ങി: അല്ലാഹുവിന്റെ പ്രീതിക്കു മുമ്പിൽ മറ്റെല്ലാം അവർ അവഗണിച്ചു. പ്രിയപുത്രനെ ബലി ചെയ്വാനായി കമഴ്ത്തിക്കിടത്തി..... അല്ലാഹു വിവരിക്കാതെ വിട്ടുകളഞ്ഞ ആ രംഗം ഇവിടെ വിവരിക്കേണ്ടതില്ല ഏറെക്കുറെ ആർക്കും ഊഹിക്കാവുന്നതാണ്. പുത്രനെ അറുത്തുകഴിഞ്ഞിട്ടില്ല-ബാക്കിയെല്ലാം പൂർത്തിയായി. ഈ അവസരത്തിൽ അല്ലാഹു അതാ വിളിക്കുന്നു: ഇബ്റാഹീമേ ! മതി ! സ്വപ്നം സാക്ഷാൽകരിച്ചു കഴിഞ്ഞു!

ഇസ്മാഈൽ (അ)നു പകരം അല്ലാഹുവിന്റെ കൽപന പ്രകാരം ഒരു മഹത്തായ ബലിമൃഗത്തെ (ذِبۡحٍ عَظِيمٍ) ഇബ്റാഹീം നബി(അ)ബലിയർപ്പിച്ചു. ഈ ബലിമൃഗം ഒരു ആടായിരുന്നുവെന്നാണ് ബഹുഭൂരിഭാഗം ക്വുർആൻ വ്യാഖ്യാതാക്കളും പറയുന്നത്. അതാണ് ശരിയായിട്ടുള്ളതും എന്ന് ഇബ്നുകഥീർ(റ) പ്രസ്താവിച്ചിരിക്കുന്നു. ഈ ആട് എവിടെ നിന്ന് ലഭിച്ചുവെന്നും മറ്റും പറയുവാൻ തെളിവുകളില്ല. അതറിയുന്നതിൽ നമുക്കു പ്രത്യേക പ്രയോജനവുമില്ല. ഈ മഹത്തായ ബലിസംഭവം നടന്നത് മക്കഃയുടെ അടുത്ത് സ്ഥിതി ചെയ്യുന്ന മിനാ (منى) യിൽവെച്ച് ഒരു വലിയപെരുന്നാൾ ദിവസമായിരുന്നു. ഈ മഹത്തായ ത്യാഗത്തിന്റെ സ്മരണ നിലനിറുത്തുവാനും, സത്യവിശ്വാസികളിൽ ത്യാഗശീലം വളർത്തുവാനും വേണ്ടിയത്രെ വലിയ പെരുന്നാൾ ദിവസം ഹാജിമാർ മിനായിൽ വെച്ചും, അല്ലാത്തവർ നാട്ടിൽവെച്ചും ബലി കർമം നടത്തുവാൻ നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹു പറയുന്നു:

وَتَرَكۡنَا عَلَيۡهِ فِي ٱلۡأٓخِرِينَ ﴿١٠٨﴾

﴾108﴿ പിന്നീടുള്ളവരിൽ [ഭാവിതലമുറകളിൽ] അദ്ദേഹത്തിന്റെ മേൽ നാം (സൽകീർത്തി) ബാക്കിയാക്കുകയും ചെയ്തു.

سَلَٰمٌ عَلَىٰٓ إِبۡرَٰهِيمَ ﴿١٠٩﴾

﴾109﴿ ഇബ്റാഹീമിന്റെമേൽ സലാം [സമാധാന ശാന്തി]!

كَذَٰلِكَ نَجۡزِي ٱلۡمُحۡسِنِينَ ﴿١١٠﴾

﴾110﴿ അപ്രകാരമാണ് നാം സുകൃതവാൻമാർക്ക് പ്രതിഫലം നൽകുന്നത്

إِنَّهُۥ مِنۡ عِبَادِنَا ٱلۡمُؤۡمِنِينَ ﴿١١١﴾

﴾111﴿ നിശ്ചയമായും, അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ അടിയാൻമാരിൽപെട്ടവനാകുന്നു.

﴾108﴿ وَتَرَكۡنَا നാം ബാക്കിയാക്കുകയും عَلَيۡهِ അദ്ദേഹത്തിന്റെ മേൽ فِي ٱلۡأٓخِرِينَ പിന്നീടുള്ളവരിൽ ﴾109﴿ سَلَٰمٌ സലാം (സമാധാനം) ശാന്തി عَلَىٰٓ إِبۡرَٰهِيمَ ഇബ്റാഹീമിന്റെ മേൽ ﴾110﴿ كَذَٰلِكَ نَجۡزِي അപ്രകാരം നാം പ്രതിഫലം നൽകുന്നു ٱلۡمُحۡسِنِينَ

സുകൃത(സൽഗുണ)വാൻമാർക്ക് ﴾111﴿ إِنَّهُۥ مِنْ عِبَادِنَا അദ്ദേഹം നമ്മുടെ അടിയാൻമാരിൽപെട്ടവനാണ് ٱلْمُؤْمِنِينَ സത്യവിശ്വാസികളായ

ഈ നാലു വചനങ്ങൾ ശ്രദ്ധിച്ചു നോക്കുക, ഇവിടെ മാത്രമല്ല, ഇതിനുമുമ്പ് നൂഹ് നബി (അ)യെക്കുറിച്ചും, താഴെ മൂസാ (അ), ഹാറൂൻ (അ), ഇൽയാസ് (അ) എന്നീ നബിമാരെക്കുറിച്ചും ഇതുപോലെ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. പിൽക്കാലക്കാരിൽ അവരുടെ സൽകീർത്തി നിലനിൽക്കുമെന്നും, അവരുടെ മേൽ സലാം ഉണ്ടായിരിക്കുമെന്നും പറഞ്ഞശേഷം, അവർ സുകൃതവാൻമാർ അഥവാ സൽഗുണവാൻമാർ ആണെന്നും സത്യവിശ്വാസികൾ ആണെന്നും അവരെപ്പറ്റി പുകഴ്ത്തിയിരിക്കുന്നു. ഇബ്റാഹീം നബി(അ) സുകൃതവാനാണെന്ന് ഇതിനുമുമ്പ് 105-ാം വചനത്തിലും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എല്ലാ സൽഭാഗ്യങ്ങളുടെയും കാരണം സുകൃതങ്ങളാണെന്നും, അവയുടെ അടിസ്ഥാനം സത്യവിശ്വാസമാണെന്നും ഇതിൽ നിന്ന് മനസ്സിലാക്കാം. ഇബ്റാഹീം നബി(അ)ക്ക് സിദ്ധിച്ച മറ്റൊരു അനുഗ്രഹത്തെയാണ് അടുത്ത വചനങ്ങളിൽ പ്രസ്താവിക്കുന്നത്.

وَبَشَّرْنَٰهُ بِإِسْحَٰقَ نَبِيًّا مِّنَ ٱلصَّٰلِحِينَ ﴿١١٢﴾

﴾112﴿ സദ്‌വൃത്തൻമാരിൽപെട്ട ഒരു പ്രവാചകനായിക്കൊണ്ട് ഇസ്ഹാകിനെക്കുറിച്ച് അദ്ദേഹത്തിന് നാം സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു.

وَبَٰرَكْنَا عَلَيْهِ وَعَلَىٰٓ إِسْحَٰقَ ۚ وَمِن ذُرِّيَّتِهِمَا مُحْسِنٌ وَظَالِمٌ لِّنَفْسِهِۦ مُبِينٌ ﴿١١٣﴾

﴾113﴿ അദ്ദേഹത്തിന്റെ (ബലിക്ക് തയ്യാറായ പുത്രന്റെ) മേലും ഇസ്ഹാകിന്റെ മേലും നാം ബർക്കത്ത് (ആശീർവാദം) നല്കുകയും ചെയ്തിരിക്കുന്നു. അവർ രണ്ടുപേരുടെയും സന്താനങ്ങളിലുണ്ട് സുകൃതനും തന്നോടുതന്നെ സ്പഷ്ടമായ അക്രമം കാണിക്കുന്നവനും.

﴾112﴿ وَبَشَّرْنَاهُ അദ്ദേഹത്തിന് നാം സന്തോഷവാർത്ത നല്കുകയും ചെയ്തു بِإِسْحَاقَ ഇസ്ഹാകിനെക്കുറിച്ച് نَبِيًّا ഒരു പ്രവാചകനായിക്കൊണ്ട് مِنَ الصَّالِحِينَ സദ്‌വൃത്തൻമാരിൽപെട്ട ﴾113﴿ وَبَارَكْنَا നാം ബർക്കത്ത് (ആശീർവാദം)നൽകി, അഭിവൃദ്ധിയുണ്ടാക്കിക്കൊടുത്തു عَلَيْهِ അദ്ദേഹത്തിന് وَعَلَىٰ إِسْحَاقَ ഇസ്ഹാകിനും وَمِنْ ذُرِّيَّتِهِمَا അവർ രണ്ടുപേരുടെയും സന്താനങ്ങളിലുണ്ട് مُحْسِنٌ സുകൃതൻ, സൽഗുണവാൻ وَظَالِمٌ അക്രമിയും لِنَفْسِهِ തന്നോടുതന്നെ, സ്വന്തം ആത്മാവിനോട് مُبِينٌ സ്പഷ്ടമായ

ഇവരുടെ സന്താനപരമ്പരയിൽ എത്രയോ തലമുറകൾ ഉണ്ടായി. ഇന്നും അവ പെരു

കിക്കൊണ്ടേ ഇരിക്കുന്നു. ഇബ്റാഹീം നബി(അ)യുടെ സന്താനപരമ്പര ഈ രണ്ടു പുത്രൻമാർവഴിയാണ് നിലനിന്നു പോന്നത്. അനേകം നബിമാരും അവരിലുണ്ടായി. എന്നാൽ, ഈ രണ്ടു പ്രവാചകവര്യൻമാരുടെ പരമ്പരയിൽ പെട്ടവരെല്ലാം പുണ്യവാൻമാരാണെന്നോ, ഇവരുടെ സന്തതികൾ മാത്രം മോക്ഷം പ്രാപിക്കുന്നവരാണെന്നോ ഒരു നിശ്ചയവുമില്ല. അതല്ലെങ്കിൽ ഇസ്ഹാക് നബി(അ) ന്റെ സന്തതികളായ ഇസ്റാഈല്യരെല്ലാം ഉൽകൃഷ്ടരാണെന്നോ, ഇസ്മാഈൽ നബി(അ)ന്റെ സന്തതികളായ അറബികളെല്ലാം ഉൽകൃഷ്ടരാണെന്നോ,നിശ്ചയിക്കപ്പെട്ടിട്ടുമില്ല.അവരിലെല്ലാം തന്നെ നല്ല ആളുകളും അക്രമികളും ഉണ്ടായിരിക്കും. പ്രവാചകൻമാരുടെ സന്തതികളായതുകൊണ്ടുമാത്രം ആർക്കും രക്ഷയില്ല. സത്യവിശ്വാസവും സൽക്കർമവുംകൊണ്ടേ രക്ഷയുള്ളൂ എന്നൊക്കെയാണ് അവസാനവാക്യം സൂചിപ്പിക്കുന്നത്.

ബലിയർപ്പിക്കപ്പെട്ട പുത്രൻ ആര്?

ഇബ്റാഹീം (അ) ബലിയർപ്പിച്ച പുത്രന്റെ പേർ ക്വുർആനിൽ വ്യക്തമായി പ്രസ്താവിച്ചിട്ടില്ല, ബലവത്തായ ഹദീഥുകളിലും പറയപ്പെട്ടിട്ടില്ല. എങ്കിലും ക്വുർആന്റെ പ്രസ്താവനകളും, വാചകക്രമവും നോക്കുമ്പോൾ അത് ഇസ്മാഈൽ നബി(അ)തന്നെയാണെന്ന് വ്യക്തമാകുന്നതാണ്. പല സ്വഹാബികളിൽനിന്നും, മുൻഗാമികളായ മഹാൻമാരിൽനിന്നും നിവേദനം ചെയ്യപ്പെട്ടിട്ടുള്ളതും ഇസ്മാഈൽ നബി(അ) ആയിരുന്നുവെന്നുതന്നെ, ബലിയർപ്പിക്കപ്പെട്ടത് ഇസ്ഹാക് നബി(അ)ആണെന്നത്രെ വേദക്കാർ-യഹൂദരും ക്രിസ്ത്യാനികളും- പറയുന്നത്. ഇന്ന് നിലവിലുള്ള തൗറാത്തിലും (ബൈബ്ളിലും) അങ്ങിനെയാണുള്ളതും. പക്ഷേ, ബൈബ്ളിന്റെ ചില പ്രസ്താവനകൾ ഇതിനോട് യോജിക്കുന്നില്ലതാനും, താഴെ പറയുന്ന സംഗതികൾ ഇവിടെ ശ്രദ്ധേയമാകുന്നു:

1) 100-ാം വചനത്തിൽ തനിക്ക് പിൻതുടർച്ചക്കാരുണ്ടാകുവാൻ വേണ്ടി ഇബ്റാഹീം നബി(അ) പ്രാർത്ഥിച്ചതായും, 101-ാം വചനത്തിൽ, അപ്പോൾ അദ്ദേഹത്തിന് ഒരു ആൺകുട്ടി ഉണ്ടാകുവാൻ പോകുന്ന സന്തോഷവാർത്ത അറിയിച്ചതായും പറഞ്ഞുവല്ലോ. തുടർന്നുള്ള കുറേ ആയത്തുകളിൽ അതേ ആൺകുട്ടിയെ ബലിയർപ്പിച്ച സംഭവമാണ് വിവരിച്ചിരിക്കുന്നത്. 111 വരെയുള്ള വചനങ്ങളിൽ വേറെ ഒരു മകനെപ്പറ്റി പ്രസ്താവിച്ചിട്ടേയില്ല. പിന്നീട് 112-ൽ അദ്ദേഹത്തിന് ഇസ്ഹാകിനെക്കുറിച്ചും സന്തോഷവാർത്ത അറിയിച്ചതായി (وَبَشَّرْنَاهُ بِإِسْحَاقَ الخ) പ്രസ്താവിക്കുന്നു. ഈ രണ്ട് പുത്രൻമാരല്ലാതെ ഇബ്റാഹീം നബി(അ)ക്ക് വേറെ മൂന്നാമതൊരു പുത്രൻ ഉണ്ടായതായി അറിയപ്പെടുന്നുമില്ല. അപ്പോൾ, 102 മുതൽ ആയത്തുകളിൽ പ്രസ്താവിക്കപ്പെട്ട ബലികർമത്തിന് വിധേയനായ-മകൻ ഇസ്മാഈൽ നബി(അ)തന്നെയാണെന്നല്ലാതെ വരാൻ മാർഗമില്ലല്ലോ.

2) 100-ാം വചനത്തിൽ തനിക്ക് പിൻതുടർച്ചക്കാരുണ്ടാകുവാൻ വേണ്ടി ഇബ്റാഹീം നബി(അ)പ്രാർത്ഥിച്ചതിൽ സദ്വൃത്തരിൽപെട്ട (مِنَ الصَّالِحِينَ) പിൻതുടർച്ചക്കാരനായിരിക്കേണമെന്ന്പറഞ്ഞിരുന്നുവല്ലോ. തൊട്ട വചനത്തിൽ കുട്ടി ഉണ്ടാകാൻ പോകുന്ന സന്തോഷവാർത്ത ലഭിച്ചതിനെപ്പറ്റി പറഞ്ഞപ്പോൾ സഹനശീലനായ ഒരാൺകുട്ടി (غُلَامٍ حَلِيمٍ) എന്നാണ് ആ മകനെ അല്ലാഹു വിശേഷിപ്പിച്ചത്. ഇസ്മാഈൽ നബി(അ) സദ്വൃത്തനല്ലാതിരുന്നതുകൊണ്ടല്ല-സദ്വൃത്തനായതോടുകൂടി അസാധാരണ സഹന

ശീലംകൂടി അദ്ദേഹത്തിൽ ഉണ്ടായിരുന്നത് നിമിത്തമാണ് – അതെന്ന് മനസ്സിലാക്കാം. തന്നെ അറുത്തു ബലിചെയ്വാൻ സസന്തോഷം സന്നദ്ധത പ്രകടിപ്പിച്ചതിൽപരം സഹനത്തിന്റെ മാതൃക മറ്റെന്താണ് ?! അതേസമയത്ത് ഇസ്ഹാകി(അ)നെക്കുറിച്ചുള്ള സന്തോഷവാർത്തയിൽ, അദ്ദേഹത്തെപ്പറ്റി ഇബ്റാഹീം (അ) പ്രാർത്ഥനയിൽ വിശേഷിപ്പിച്ച അതേ വാക്ക് (مِنَ الصَّالِحِينَ എന്ന്) തന്നെ ഉപയോഗിച്ചാണ് വിശേഷിപ്പിച്ചിരിക്കുന്നതും. അതായത് അദ്ദേഹം പ്രാർത്ഥനയിൽ ആവശ്യപ്പെട്ടപ്രകാരം സദ്വൃത്തരായ രണ്ട് മക്കളെ അല്ലാഹു അദ്ദേഹത്തിന് നൽകി. ഒന്നാമത്തെ മകന് സഹനശീലനാണെന്ന ഒരു പ്രത്യേകതയുംകൂടി ഉണ്ടായിരുന്നു എന്ന് സാരം.

3) ബലിസംഭവവും, ഇസ്ഹാക് (അ)നെക്കുറിച്ചുള്ള സന്തോഷവാർത്തയും വിവരിച്ചതിനെത്തുടർന്ന് (113 –ാം വചനത്തിൽ) അദ്ദേഹത്തിന്റെ മേലും ഇസ്ഹാകിന്റെ മേലും നാം ബർക്കത്ത് ചെയ്തിരിക്കുന്നുവെന്നും, അവരുടെ രണ്ടാളുടെയും സന്താനങ്ങളിൽ സൽഗുണവാൻമാരും അക്രമികളും ഉണ്ടെന്നും (وَبَارَكْنَا عَلَيْهِ وَعَلَىٰ إِسْحَاقَ وَمِن ذُرِّيَّتِهِمَا مُحْسِنٌ وَظَالِمٌ....) പറയുന്നു. അപ്പോൾ, ആദ്യം പ്രസ്താവിക്കപ്പെട്ട പുത്രൻ ഇസ്ഹാകല്ലെന്നും, വേറൊരാളാണെന്നും പറയേണ്ടതില്ലല്ലോ. രണ്ടുപേരുടെയും സന്താനപരമ്പരകൾ ഇന്നും നിലനിൽക്കുന്നുണ്ട്താനും.

4) സൂറത്തു ഹൂദ് 71 ൽ فَبَشَّرْنَاهَا بِإِسْحَاقَ وَمِن وَرَاءِ إِسْحَاقَ يَعْقُوبَ (അവൾക്ക്- ഇബ്റാഹീം നബിയുടെ ഭാര്യക്ക്-ഇസ്ഹാകിനെക്കുറിച്ചും, അദ്ദേഹത്തിന് ശേഷം യഅ്ക്വൂബിനെക്കുറിച്ചും നാം സന്തോഷവാർത്ത അറിയിച്ചു) എന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അപ്പോൾ, ഇസ്ഹാകിനെപ്പറ്റി സന്തോഷമറിയിക്കുന്നതോടൊപ്പം തന്നെ അദ്ദേഹത്തിൽ നിന്ന് വഴിയെ ഉണ്ടാവാൻ പോകുന്ന മകനെക്കുറിച്ചും അറിയിച്ചിരിക്കെ, അതിന്മുമ്പായി അദ്ദേഹത്തെ ബലിയർപ്പിക്കുവാൻ കൽപിക്കുന്നതിൽ അർത്ഥമില്ല.

5) ബൈബ്ളിൽ (നിലവിലുള്ള തൗറാത്തിൽ) അല്ലാഹു ഇബ്റാഹീം നബി(അ)യെ വിളിച്ചു ഇങ്ങിനെ പറയുന്നതായി പ്രസ്താവിക്കുന്നു : 'നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെത്തന്നെ കൂട്ടിക്കൊണ്ട് മോരിയാ ദേശത്ത് ചെന്ന് അവിടെ ഞാൻ നിന്നോട് കൽപിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്നു അരുളിച്ചെയ്തു'. (ഉൽപത്തി :22 ൽ 1-3) ഏകജാതൻ എന്നു പറയുമ്പോൾ, ഇബ്റാഹീം നബി(അ)ക്ക് ആ സന്ദർഭത്തിൽ വേറെ മക്കളുണ്ടായിരുന്നില്ലെന്നാണ് വരുന്നത്. വാസ്തവത്തിൽ മൂത്ത പുത്രനായ ഇസ്മാഈൽ നിലവിലുണ്ട്താനും. ഇസ്മാഈൽ (അ) ജനിച്ചപ്പോൾ ഇബ്റാഹീം നബി(അ)ക്ക് 86 വയസ്സാണെന്നും, ഇസ്ഹാക് (അ)നെക്കുറിച്ച് സന്തോഷവാർത്ത ലഭിച്ചത് അദ്ദേഹത്തിന് 99 വയസ്സുള്ളപ്പോഴാണെന്നും ബൈബ്ൾ തന്നെ പ്രസ്താവിക്കുന്നു. (ഉൽപത്തി 16-ൽ 16 ഉം, : 17 ൽ 1 ഉം) അപ്പോൾ, ഏകജാതൻ എന്ന വിശേഷണം ഇസ്മാഈലിന്നല്ലാതെ ഇസ്ഹാകിന് യോജിക്കയില്ലല്ലോ. ആ സ്ഥിതിക്ക് യിസ്ഹാക്കിനെത്തന്നെ എന്ന ഭാഗം തൗറാത്തിൽ പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതായിരിക്കാം. അക്കാലത്ത് ഇസ്മാഈൽ നബിയെയും മാതാവിനെയും മക്കഃയിൽ കൊണ്ടുപോയി താമസിപ്പിച്ചുകഴിഞ്ഞിരുന്നതുകൊണ്ടാണ് ഇസ്ഹാകിനെപ്പറ്റി ഏകജാതൻ എന്ന് പറഞ്ഞതെന്നു വേദക്കാർ പറയാറുള്ള ന്യായം സ്വീകാര്യമല്ലെന്ന് അധികം ആലോചിക്കാതെത്തന്നെ മനസ്സിലാകുന്നതാണ്.

6) ഏതു നിലക്കും ബലികഴിക്കപ്പെടുവാൻ ന്യായം മൂത്ത പുത്രനാണല്ലോ. മൂത്ത പുത്രൻ ഇസ്മാഈലാണെന്നതിൽ തർക്കവുമില്ല. കൂടാതെ, ബലികർമം നടന്ന സ്ഥലം

മോരിയാദേശമാണെന്നും, അവിടെ ഒരു മലയിൽവെച്ചാണെന്നും ബൈബ്ൾ പ്രസ്താവിക്കുന്നു. ഈ സ്ഥലം എവിടെയാണെന്ന് വേദക്കാർക്ക് അറിഞ്ഞുകൂടാ. വേദപുസ്തകനിഘണ്ടു ഇതു തുറന്നുസമ്മതിച്ചിട്ടുമുണ്ട്. (പേജ്, 352) ചെറുപ്പം മുതൽക്കേ ഇസ്മാഈൽ (അ)വസിച്ചുകൊണ്ടിരുന്ന മക്കഃയുടെ പരിസരമായ മിനായും, അവിടെ സ്ഥിതി ചെയ്യുന്ന മലയും ആയിരിക്കണം മോരിയാ പ്രദേശം. ഇസ്മാഈലീ വർഗമായ അറബികളോട്-നബിﷺ തിരുമേനിനിയോഗിക്കപ്പെടുന്നതിനു മുമ്പ് തന്നെ ഇസ്റാഈൽ വർഗത്തിനുണ്ടായിരുന്ന അസൂയയിൽ നിന്ന്, തങ്ങളാണ് ഉൽകൃഷ്ടവർഗമെന്ന നാട്യത്തിൽനിന്നും ഉടലെടുത്തതാണ് വാസ്തവത്തിൽ ഹോമയാഗം ചെയ്യപ്പെട്ട പുത്രൻ യിസ്ഹാക്കാണെന്നവാദം. ഈ പരമാർത്ഥം ഉമറുബ്നു അബ്ദിൽ അസീസ് (റ)ന്റെ ഖിലാഫത്തുകാലത്ത് യഹൂദരിൽ നിന്നു ഇസ്ലാമിൽ വന്ന ചില ആളുകൾ തുറന്നുപറഞ്ഞതായി ഇബ്നു ഇസ്ഹാക് (റ)രേഖപ്പെടുത്തിയിരിക്കുന്നു. തൗറാത്തിൽ വേദക്കാരാൽ നടത്തപ്പെട്ട ഈ കൈ കടത്തൽ വളരെ അൽഭുതകരമൊന്നുമല്ല.മുസ്ലിംകളിൽത്തന്നെ ചുരുക്കം ചിലരിൽ ബലിയർപ്പിക്കപ്പെട്ട പുത്രൻ ഇസ്ഹാക്വാണെന്ന അഭിപ്രായം മുമ്പുണ്ടായിരുന്നു. വേദക്കാരിൽനിന്നുള്ള കേട്ടുകേൾവികളെ മാത്രം അടിസ്ഥാനമാക്കിയായിരുന്നു അത്. ഇന്ന് ആർക്കും അങ്ങിനെ അഭിപ്രായമുള്ളതായി അറിയുന്നില്ല.

വിഭാഗം - 4

وَلَقَدْ مَنَنَّا عَلَىٰ مُوسَىٰ وَهَـٰرُونَ ﴿١١٤﴾

《114》 തീർച്ചയായും, മൂസായുടെയും ഹാറൂന്റെയും പേരിൽ നാം ദാക്ഷിണ്യം (അഥവാ അനുഗ്രഹം) ചെയ്തിരിക്കുന്നു.

وَنَجَّيْنَـٰهُمَا وَقَوْمَهُمَا مِنَ ٱلْكَرْبِ ٱلْعَظِيمِ ﴿١١٥﴾

《115》 രണ്ടുപേരെയും, അവരുടെ ജനതയെയും വമ്പിച്ച സങ്കടത്തിൽ [വിപത്തിൽ] നിന്നും നാം രക്ഷപ്പെടുത്തുകയും ചെയ്തു.

وَنَصَرْنَـٰهُمْ فَكَانُوا۟ هُمُ ٱلْغَـٰلِبِينَ ﴿١١٦﴾

《116》 അവരെ നാം സഹായിക്കയും ചെയ്തു. അങ്ങനെ, വിജയികൾ അവർ തന്നെ ആയിത്തീർന്നു.

《114》 وَلَقَدْمَنَنَّا തീർച്ചയായും നാം ദാക്ഷിണ്യം (അനുഗ്രഹം) ചെയ്തിരിക്കുന്നു عَلَىٰمُوسَى മൂസായുടെ മേൽ وَهَارُونَ ഹാറൂന്റെയും 《115》 وَنَجَّيْنَاهُمَا രണ്ടുപേരെയും നാം രക്ഷപ്പെടുത്തുകയും ചെയ്തു وَقَوْمَهُمَا അവരുടെ ജനതയെയും مِنَالْكَرْبِ സങ്കടത്തിൽ (ദുഃഖത്തിൽ)നിന്ന് الْعَظِيمِ വമ്പിച്ച, മഹാ 《116》 وَنَصَرْنَاهُمْ അവരെ നാം സഹായിക്കുകയും ചെയ്തു فَكَانُوا അങ്ങനെഅവരായി هُمُ അവർ തന്നെ الْغَالِبِينَ വിജയികൾ

ഇസ്റാഈല്യരിൽ ജനിക്കുന്ന ആൺകുട്ടികളെ കൊലപ്പെടുത്തുക, അടിമകളാക്കുക, കഠിന ജോലികൾ ചെയ്യിക്കുക തുടങ്ങി ഫിർഔൻ നടത്തിയിരുന്ന അക്രമങ്ങളാണ് വമ്പിച്ച സങ്കടം-അഥവാ വിപത്ത് - എന്നു പറഞ്ഞത്. ഇസ്റാഈല്യർ ഫിർഔനിൽ നിന്ന് രക്ഷപ്പെട്ടതും, പിന്നീട് പ്രതാപവും സംസ്കാരവും സിദ്ധിച്ച ജനതയായി ത്തീർന്നതും പ്രസിദ്ധമാണല്ലോ

وَءَاتَيْنَـٰهُمَا ٱلْكِتَـٰبَ ٱلْمُسْتَبِينَ ﴿١١٧﴾

﴿117﴾ രണ്ടുപേർക്കും നാം (ആ) വ്യക്തമായി വിവരിക്കുന്ന ഗ്രന്ഥം [തൗറാത്ത്] നൽകുകയും ചെയ്തു.

وَهَدَيْنَـٰهُمَا ٱلصِّرَٰطَ ٱلْمُسْتَقِيمَ ﴿١١٨﴾

﴿118﴾ രണ്ടുപേർക്കും നാം ചൊവ്വായ പാത കാട്ടിക്കൊടുക്കുകയും ചെയ്തു.

وَتَرَكْنَا عَلَيْهِمَا فِى ٱلْـَٔاخِرِينَ ﴿١١٩﴾

﴿119﴾ രണ്ടാളുടെമേലും, പിന്നീട് വരുന്നവരിൽ നാം (സൽകീർത്തി) ബാക്കിയാക്കുകയും ചെയ്തു.

سَلَـٰمٌ عَلَىٰ مُوسَىٰ وَهَـٰرُونَ ﴿١٢٠﴾

﴿120﴾ മൂസായുടെയും, ഹാറൂന്റെയും പേരിൽ സലാം [സമാധാന ശാന്തി]!

إِنَّا كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿١٢١﴾

﴿121﴾ നാം അങ്ങിനെയാണ് സുകൃതവാന്മാർക്ക് പ്രതിഫലം കൊടുക്കുന്നത്.

إِنَّهُمَا مِنْ عِبَادِنَا ٱلْمُؤْمِنِينَ ﴿١٢٢﴾

﴿122﴾ നിശ്ചയമായും, അവർ രണ്ടുപേരും നമ്മുടെ സത്യവിശ്വാസികളായ അടിയാൻമാരിൽ പെട്ടവരാണ്.

وَإِنَّ إِلْيَاسَ لَمِنَ ٱلْمُرْسَلِينَ ﴿١٢٣﴾

﴿123﴾ ഇൽയാസുംതന്നെ, മുർസലുകളിൽ പെട്ടവനാകുന്നു.

﴿117﴾ وَآتَيْنَاهُمَا രണ്ടാൾക്കും നാം കൊടുക്കുകയും ചെയ്തു. الْكِتَابَ വേദഗ്രന്ഥം الْمُسْتَبِينَ വ്യക്തമായി വിവരിക്കുന്ന ﴿118﴾ وَهَدَيْنَاهُمَا രണ്ടുപേർക്കും നാം കാട്ടിക്കൊടുക്കുകയും ചെയ്തു الصِّرَاطَ പാത, വഴി الْمُسْتَقِيمَ ചൊവ്വായ, നേരായ ﴿119﴾ وَتَرَكْنَا നാം ബാക്കിയാക്കുകയും ചെയ്തു عَلَيْهِمَا രണ്ടാളുടെ പേരിലും فِي الْآخِرِينَ പിന്നീടുള്ളവരിൽ ﴿120﴾ سَلَامٌ സലാം عَلَىٰ مُوسَىٰ മൂസായുടെ മേൽ وَهَارُونَ ഹാറൂന്റെയും ﴿121﴾ إِنَّا നിശ്ചയമായും നാം كَذَٰلِكَ അപ്രകാരം نَجْزِي നാം പ്രതി

ഫലം നൽകുന്നു الْمُحْسِنِينَ സുകൃതവാന്മാർക്ക് ﴾122﴿ إِنَّهُمَا നിശ്ചയമായും അവർ രണ്ടാളും مِنْ عِبَادِنَا നമ്മുടെ അടിയാൻമാരിൽ പെട്ടവരാണ് الْمُؤْمِنِينَ സത്യവിശ്വാസികളായ ﴾123﴿ وَإِنَّ إِلْيَاسَ നിശ്ചയമായും ഇൽയാസും لَمِنَ الْمُرْسَلِينَ മുർസലുകളിൽപെട്ടവൻതന്നെ

إِذْ قَالَ لِقَوْمِهِۦٓ أَلَا تَتَّقُونَ ١٢٤

﴾124﴿ അദ്ദേഹം തന്റെ ജനതയോട് പറഞ്ഞ സന്ദർഭം (ഓർക്കുക); നിങ്ങൾ (അല്ലാഹുവിനെ)സൂക്ഷിക്കുന്നില്ലേ ?!

أَتَدْعُونَ بَعْلًا وَتَذَرُونَ أَحْسَنَ ٱلْخَٰلِقِينَ ١٢٥

﴾125﴿ നിങ്ങൾ 'ബഅ്ലി' നെ വിളി(ച്ചു പ്രാർത്ഥി) ക്കുകയും, ഏറ്റവും നല്ല സ്രഷ്ടാവിനെ വിട്ടുകളയുകയും ചെയ്യുകയാണോ?

ٱللَّهَ رَبَّكُمْ وَرَبَّ ءَابَآئِكُمُ ٱلْأَوَّلِينَ ١٢٦

﴾126﴿ അതായത്, നിങ്ങളുടെ രക്ഷിതാവും, നിങ്ങളുടെ പൂർവ്വികൻമാരായ പിതാക്കളുടെ രക്ഷിതാവുമായ അല്ലാഹുവിനെ!

فَكَذَّبُوهُ فَإِنَّهُمْ لَمُحْضَرُونَ ١٢٧

﴾127﴿ എന്നിട്ട് അവർ അദ്ദേഹത്തെ വ്യാജമാക്കി, അതിനാൽ അവർ നിശ്ചയമായും (ശിക്ഷയിൽ) ഹാജറാക്കപ്പെടുന്നവരാകുന്നു

إِلَّا عِبَادَ ٱللَّهِ ٱلْمُخْلَصِينَ ١٢٨

﴾128﴿ അല്ലാഹുവിന്റെ കളങ്കരഹിതമാക്കപ്പെട്ട (ശുദ്ധരായ) അടിയാൻമാരൊഴികെ.

وَتَرَكْنَا عَلَيْهِ فِى ٱلْـَٔاخِرِينَ ١٢٩

﴾129﴿ അദ്ദേഹത്തിന്റെ മേൽ നാം പിന്നീടുള്ളവരിൽ (സൽകീർത്തി) ബാക്കിയാക്കുകയും ചെയ്തു.

﴾124﴿ إِذْ قَالَ അദ്ദേഹം പറഞ്ഞ സന്ദർഭം لِقَوْمِهِ തന്റെ ജനതയോട് أَلَا تَتَّقُونَ നിങ്ങൾ സൂക്ഷിക്കുന്നില്ലേ ﴾125﴿ أَتَدْعُونَ നിങ്ങൾ വിളിക്കുന്നുവോ بَعْلًا 'ബഅ്ലി' നെ وَتَذَرُونَ നിങ്ങൾ വിട്ടുകളയുകയും أَحْسَنَ الْخَالِقِينَ സൃഷ്ടികർത്താക്കളിൽ ഏറ്റവും ഉത്തമനെ (ഏറ്റവും നല്ല സ്രഷ്ടാവിനെ) ﴾126﴿ اللَّهَ അതായത് അല്ലാഹുവിനെ رَبَّكُمْ നിങ്ങളുടെ രക്ഷിതാവായ وَرَبَّ آبَائِكُمُ നിങ്ങളുടെ പിതാക്കളുടെയും രക്ഷിതാവായ

فَإِنَّهُمْ ‎ പൂർവ്വികൻമാരായ 《127》 فَكَذَّبُوهُ എന്നിട്ടവർ അദ്ദേഹത്തെ വ്യാജമാക്കി الأَوَّلِينَ
അതിനാൽ അവർ لَمُحْضَرُونَ ഹാജറാക്കപ്പെടുന്നവർ തന്നെ 《128》 إِلا عِبَادَاللهِ അല്ലാ
ഹുവിന്റെ അടിയാൻമാരൊഴികെ الْمُخْلَصِينَ കളങ്കരഹിതരാക്ക(ശുദ്ധിയാക്ക)പ്പെട്ട 《129》
وَتَرَكْنَا നാം ബാക്കിയാക്കുകയും ചെയ്തു عَلَيْهِ അദ്ദേഹത്തിന്റെ മേൽ فِي الآخِرِينَ പിന്നീ
ടുള്ളവരിൽ

سَلَٰمٌ عَلَىٰٓ إِلْ يَاسِينَ ﴿١٣٠﴾

《130》 ഇൽയാസിന്റെ (അഥവാ ഇൽയാസിന്റെ ആൾക്കാരുടെ)മേൽ സലാം [സമാധാന ശാന്തി]!

إِنَّا كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿١٣١﴾

《131》 നാം അപ്രകാരമാണ് സുകൃതവാൻമാർക്ക് പ്രതിഫലം കൊടുക്കുന്നത്.

إِنَّهُۥ مِنْ عِبَادِنَا ٱلْمُؤْمِنِينَ ﴿١٣٢﴾

《132》 നിശ്ചയമായും അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ അടിയാൻമാരിൽപെട്ടവനാകുന്നു.

《130》 سَلَامٌ സലാം عَلَىٰ إِلْيَاسِينَ ഇൽയാസിന്റെ മേൽ, ഇൽയാസിന്റെ ആൾക്കാരിൽ
《131》 إِنَّا كَذَٰلِكَ നിശ്ചയമായും നാം അപ്രകാരം نَجْزِي الْمُحْسِنِينَ സുകൃതവാൻമാർക്ക്
പ്രതിഫലം നൽകുന്നു 《132》 إِنَّهُ നിശ്ചയമായും അദ്ദേഹം مِنْ عِبَادِنَا നമ്മുടെ അടി
യാൻമാരിൽ പെട്ടവനാണ് الْمُؤْمِنِينَ സത്യവിശ്വാസികളായ

ഹാറൂൻ നബി(അ)യുടെ സന്തതികളിൽപെട്ട ഒരു ഇസ്റാഈലീ പ്രവാചകനായിരുന്നു ഇൽയാസ് നബി(അ) എന്നാണ് പല വ്യാഖ്യാതാക്കളും പറയുന്നത്. യൂശഉ് (يُوشَع – ع) നബിയുടെ പിൻഗാമിയായിരുന്നുവെന്നും ചിലർ പ്രസ്താവിക്കുന്നു.അദ്ദേഹത്തിന്റെ ജനത ആരാധിച്ചു വന്നിരുന്ന ഒരു വിഗ്രഹമാണ് ബഅ്ൽ بعل എന്ന് പറയുന്നത് അദ്ദേഹത്തിന്റെ രാജ്യം ബഅ്ലബക്ക് (بعلبك) ആയിരുന്നുവെന്നും പറയപ്പെടുന്നുണ്ട്. ബൈബ്ളിൽ (1 രാജാക്കൾ 17ലും മറ്റും) പ്രസ്താവിക്കപ്പെട്ടിട്ടുള്ള ഏലിയ പ്രവാചകനാണ് (*) ഇൽയാസ് (അ) എന്ന് കരുതപ്പെടുന്നു. الله اعلم

(*) ഗലീലാ (ജലീലിയാ) കടൽ, യോർദ്ദാൻ (ജോർദ്ദാൻ) നദി, ചാവുകടൽ (ബഹ്ർലൂത്) ഇവയുടെ കിഴക്ക് സുരിയാ (സിരിയാ) വനാന്തരംവരെ നീണ്ടുകിടക്കുന്ന ഗിലെയാദ് നാട്ടിലെ തിശ്ബി എന്ന ഗ്രാമത്തിലായിരുന്നു ഏലിയാ പ്രവാചകന്റെ ജനനമെന്നും, അദ്ദേഹം വളരെ മതപ്രബോധന കൃത്യങ്ങൾ നിർവ്വഹിച്ചിട്ടുണ്ടെന്നും ക്രി.മു. 875–851 കാലത്തായിരുന്നു അതെന്നും വേദപുസ്തകനിഘണ്ടുവിൽ പറയുന്നു.

യഥാർത്ഥ സൃഷ്ടികർത്താവ് അല്ലാഹു മാത്രമേയുള്ളൂവെങ്കിലും, ഏതെങ്കിലും വസ്തുക്കൾക്ക് രൂപം നൽകുന്നവരെപ്പറ്റി അവയുടെ സ്രഷ്ടാക്കൾ എന്ന് പറയപ്പെടാറുണ്ടല്ലോ. ഇതുപോലെയുള്ള ഏതെങ്കിലും അർത്ഥത്തിൽ സൃഷ്ടികർത്താക്കളായി കരുതപ്പെടുന്ന എല്ലാവരിലും വെച്ച് ഏറ്റവും നല്ലവൻ എന്നാണ് أَحۡسَنَ ٱلۡخَٰلِقِينَ (സ്രഷ്ടാക്കളിൽ വെച്ച് ഏറ്റവും നല്ലവൻ-അഥവാ ഏറ്റവും നല്ല സ്രഷ്ടാവ്) എന്ന വാക്കിന്റെ താൽപര്യം. പരമശൂന്യതയിൽ നിന്ന് വസ്തുക്കൾക്ക് അസ്തിത്വം നൽകുന്നവർ എന്ന അർത്ഥത്തിലുള്ള ഏക സ്രഷ്ടാവ് അല്ലാഹു തന്നെ. ٱللَّهُ خَٰلِقُ كُلِّ شَيۡءٖ (അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവത്രെ)

وَإِنَّ لُوطٗا لَّمِنَ ٱلۡمُرۡسَلِينَ ﴿١٣٣﴾

﴾133﴿ ലൂത്വും തന്നെ മുർസലുകളിൽ പെട്ടവനാകുന്നു.

إِذۡ نَجَّيۡنَٰهُ وَأَهۡلَهُۥٓ أَجۡمَعِينَ ﴿١٣٤﴾

﴾134﴿ അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ സ്വന്തക്കാരെയും മുഴുവനും നാം രക്ഷപ്പെടുത്തിയ സന്ദർഭം (ഓർക്കുക):

إِلَّا عَجُوزٗا فِي ٱلۡغَٰبِرِينَ ﴿١٣٥﴾

﴾135﴿ അവശേഷിച്ചവരിൽപെട്ട ഒരു വൃദ്ധ സ്ത്രീയെ ഒഴികെ.

ثُمَّ دَمَّرۡنَا ٱلۡأٓخَرِينَ ﴿١٣٦﴾

﴾136﴿ പിന്നെ, മറ്റുള്ളവരെ നാം തകർത്തു(നിശ്ശേഷം നശിപ്പിച്ചു)കളഞ്ഞു.

وَإِنَّكُمۡ لَتَمُرُّونَ عَلَيۡهِم مُّصۡبِحِينَ ﴿١٣٧﴾

﴾137﴿ നിങ്ങൾ പ്രഭാതവേളയിലായിക്കൊണ്ട് നിശ്ചയമായും അവരിൽ കൂടി കടന്നു പോകാറുണ്ടല്ലോ:

وَبِٱلَّيۡلِۚ أَفَلَا تَعۡقِلُونَ ﴿١٣٨﴾

﴾138﴿ രാത്രിയിലും (കടന്നുപോകാറുണ്ട്) എന്നിട്ടും നിങ്ങൾ ബുദ്ധികൊടുത്തു(ചിന്തി)ക്കുന്നില്ലേ?!

﴾133﴿ وَإِنَّ لُوطًا നിശ്ചയമായും ലൂത്വ് لَمِنَ الْمُرْسَلِينَ മുർസലുകളിൽപെട്ടവൻ തന്നെ ﴾134﴿ إِذْ نَجَّيْنَاهُ നാം അദ്ദേഹത്തെ രക്ഷപ്പെടുത്തിയ സന്ദർഭം وَأَهْلَهُ തന്റെ സ്വന്തക്കാരെ (വീട്ടുകാരെ)യും أَجْمَعِينَ മുഴുവനും ﴾135﴿ إِلَّا عَجُوزًا ഒരു വൃദ്ധ സ്ത്രീ (കിഴവി)ഒഴികെ فِي الْغَابِرِينَ അവശേഷിച്ച (പിന്തിനിന്നവരിൽപെട്ട) ﴾136﴿ ثُمَّ പിന്നെ دَمَّرْنَا നാം തകർത്തു الْآخَرِينَ മറ്റേവരെ ﴾137﴿ وَإِنَّكُمْ നിശ്ചയമായും നിങ്ങൾ لَتَمُرُّونَ നിങ്ങൾ കടന്നു (നടന്നു)പോകുന്നു عَلَيْهِمْ അവരിൽകൂടി مُصْبِحِينَ പ്രഭാതവേളയിലായിക്കൊണ്ട് ﴾138﴿ وَبِاللَّيْلِ രാത്രിയിലും أَفَلَا تَعْقِلُونَ അപ്പോൾ (എന്നിട്ടും) നിങ്ങൾ ബുദ്ധികൊടുക്കുന്നില്ലേ, ചിന്തിക്കുന്നില്ലേ

وَإِنَّ يُونُسَ لَمِنَ ٱلْمُرْسَلِينَ ﴿١٣٩﴾

《139》 യൂനുസും തന്നെ മുർസലുകളിൽ പെട്ടവനാകുന്നു.

إِذْ أَبَقَ إِلَى ٱلْفُلْكِ ٱلْمَشْحُونِ ﴿١٤٠﴾

《140》 ഭാരം നിറക്കപ്പെട്ട കപ്പലിലേക്ക് അദ്ദേഹം ഓടിപ്പോയ സന്ദർഭം (ഓർക്കുക)

فَسَاهَمَ فَكَانَ مِنَ ٱلْمُدْحَضِينَ ﴿١٤١﴾

《141》 എന്നിട്ട് അദ്ദേഹം നറുക്കെടുപ്പിൽ പങ്കെടുത്തു(ജയംപരീക്ഷിച്ചു). അപ്പോഴദ്ദേഹം തോല്പിക്കപ്പെട്ടവരിൽ ആയിത്തീർന്നു.

فَٱلْتَقَمَهُ ٱلْحُوتُ وَهُوَ مُلِيمٌ ﴿١٤٢﴾

《142》 അങ്ങനെ, താൻ ആക്ഷേപവിധേയനായിരിക്കെ അദ്ദേഹത്തെ മത്സ്യം വിഴുങ്ങി.

《139》 وَإِنَّ يُونُسَ നിശ്ചയമായും യൂനുസും لَمِنَ ٱلْمُرْسَلِينَ മുർസലുകളിൽപെട്ടവൻ തന്നെ 《140》 إِذْ أَبَقَ അദ്ദേഹം ഓടിപ്പോയ (ഒളിച്ചുപോയ)സന്ദർഭം إِلَى ٱلْفُلْكِ കപ്പലിലേക്ക് ٱلْمَشْحُونِ സാധനങ്ങൾ (ഭാരം)നിറക്കപ്പെട്ട 《141》 فَسَاهَمَ എന്നിട്ടദ്ദേഹം നറുക്കെടുപ്പിൽ പങ്കെടുത്തു فَكَانَ അപ്പോൾ അദ്ദേഹം ആയി مِنَ ٱلْمُدْحَضِينَ തോല്പിക്കപ്പെട്ട (പരാജയപ്പെട്ട)വരിൽ 《142》 فَٱلْتَقَمَهُ അങ്ങനെ അദ്ദേഹത്തെ വിഴുങ്ങി ٱلْحُوتُ മൽസ്യം وَهُوَ അദ്ദേഹം (ആയിരിക്കെ) مُلِيمٌ ആക്ഷേപവിധേയൻ - സ്വയം കുറ്റപ്പെടുത്തുന്നവൻ.

യൂനുസ് നബി(അ)യുടെ കഥ സൂ: അൻബിയാഉ് 87, 88 വചനങ്ങളിലും, അവയുടെ വ്യാഖ്യാനത്തിലും ഇതിനുമമ്പ് കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രബോധനവും, ഉപദേശവും നാട്ടുകാർ വകവെക്കാതായപ്പോൾ അവരുടെ മേൽ കോപിച്ചുകൊണ്ട് അദ്ദേഹം സ്ഥലം വിട്ടുപോയി. ഒരു കപ്പലിൽ കയറുകയും, വർദ്ധിച്ച കാറ്റുംകോളും നിമിത്തം കപ്പലിന്റെ സ്ഥിതി ആപൽകരമാവുകയും ഉണ്ടായി. കപ്പലിലെ ഭാരം കുറക്കുവാനായി യാത്രക്കാർക്കിടയിൽ ഒരു നറുക്കെടുപ്പ് നടത്തപ്പെട്ടു. അതിൽ അദ്ദേഹം പരാജയപ്പെട്ടു, കപ്പലിൽ നിന്നു പുറംതള്ളപ്പെടുകയും ചെയ്തു. സമുദ്രത്തിൽവെച്ച് ഒരു മൽസ്യം അദ്ദേഹത്തെ വിഴുങ്ങി. സ്ഥലം വിട്ടുപോകാൻ അല്ലാഹുവിൽ നിന്നുള്ള അനുവാദം ലഭിക്കുന്നതിനുമുമ്പായിരുന്നു അദ്ദേഹത്തിന്റെ യാത്ര. അതുകൊണ്ടാണ് ഓടിപ്പോയി (أَبَقَ) എന്നും, ആക്ഷേപവിധേയൻ (مُلِيمٌ) എന്നും അദ്ദേഹത്തെപ്പറ്റി അല്ലാഹു പറഞ്ഞത്. യജമാനന്റെ സമ്മതമില്ലാതെ ഒളിച്ചോടിപ്പോകുന്ന അടിമകളെപ്പോലെയാണ് അദ്ദേഹത്തിന്റെ പോക്ക് ഉണ്ടായതെന്നും, തന്റെ പേരിലുള്ള ആക്ഷേപത്തിന് താൻതന്നെയായിരുന്നു കാരണക്കാരനെന്നും താൽപര്യം.

فَلَوْلَآ أَنَّهُۥ كَانَ مِنَ ٱلْمُسَبِّحِينَ ﴿١٤٣﴾

《143》 എന്നാൽ, അദ്ദേഹം തസ്ബീഹ് [പ്രകീർത്തനം] നടത്തുന്നവരിൽപെട്ടവനല്ലായിരുന്നുവെങ്കിൽ

لَلَبِثَ فِي بَطْنِهِۦٓ إِلَىٰ يَوْمِ يُبْعَثُونَ ﴿١٤٤﴾

﴾144﴿ അവര്‍ [ജനങ്ങള്‍] ഉയിര്‍ത്തെഴുന്നേല്പിക്കപ്പെടുന്ന ദിവസംവരെ അതിന്‍റെ വയറ്റില്‍ (തന്നെ) അദ്ദേഹം കഴിഞ്ഞുകൂടേണ്ടി വരുമായിരുന്നു!

۞ فَنَبَذْنَٰهُ بِٱلْعَرَآءِ وَهُوَ سَقِيمٌ ﴿١٤٥﴾

﴾145﴿ എന്നിട്ട്, അദ്ദേഹം അനാരോഗ്യനായ നിലയില്‍, അദ്ദേഹത്തെ നാം (ആ) നഗ്ന പ്രദേശത്ത് ഇട്ടുകൊടുത്തു.

وَأَنۢبَتْنَا عَلَيْهِ شَجَرَةً مِّن يَقْطِينٍ ﴿١٤٦﴾

﴾146﴿ അദ്ദേഹത്തിനുമീതെ ചുരക്കാവര്‍ഗത്തില്‍പെട്ട ഒരു മരം (അഥവാ ചെടി) നാം ഉല്പാദിപ്പിക്കുകയും ചെയ്തു.

﴾143﴿ فَلَوْلَا എന്നാല്‍ ഇല്ലായിരുന്നുവെങ്കില്‍ أَنَّهُۥ كَانَ അദ്ദേഹം ആയിരുന്നുവെന്നുള്ളത് مِنَ ٱلْمُسَبِّحِينَ തസ്ബീഹ് നടത്തുന്നവരില്‍പെട്ട (വന്‍) ﴾144﴿ لَلَبِثَ അദ്ദേഹം താമസിക്കുക (കഴിഞ്ഞുകൂടുക)തന്നെ ചെയ്തിരുന്നു فِي بَطْنِهِۦ അതിന്‍റെ വയറ്റില്‍ إِلَىٰ يَوْمِ ദിവസം വരെ يُبْعَثُونَ അവര്‍ ഉയിര്‍ത്തെഴുന്നേല്‍പിക്കപ്പെടുന്ന ﴾145﴿ فَنَبَذْنَٰهُ എന്നിട്ട് നാം അദ്ദേഹത്തെ എറിഞ്ഞു, ഇട്ടു بِٱلْعَرَآءِ നഗ്നമായ (ഒഴിഞ്ഞ) സ്ഥലത്ത് وَهُوَ അദ്ദേഹം ആയിരിക്കെ سَقِيمٌ അനാരോഗ്യന്‍, രോഗി ﴾146﴿ وَأَنۢبَتْنَا നാം ഉല്‍പാദിപ്പിക്കുക (മുളപ്പിക്കു)കയും ചെയ്തു عَلَيْهِ അദ്ദേഹത്തിന്‍റെ മേല്‍ شَجَرَةً ഒരു മരം, ചെടി مِّن يَقْطِينٍ ചുരങ്ങ(ചുരക്ക)വര്‍ഗത്തില്‍പെട്ട.

മല്‍സ്യം അദ്ദേഹത്തെ കരയിലെറിഞ്ഞു. കേവലം വിജനപ്രദേശവും, രക്ഷാസൗകര്യങ്ങളില്ലാത്തതുമായ ഒരു സ്ഥലത്തായിരുന്നു അത്. മല്‍സ്യത്തിന്‍റെ വയറ്റില്‍ നിന്ന് പുറത്തെറിയപ്പെട്ടപ്പോള്‍ അദ്ദേഹം അങ്ങേയറ്റം അവശനായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. അല്ലാഹു അദ്ദേഹത്തെ പാഴാക്കിയില്ല. അദ്ദേഹത്തിനു തണലും, വിശ്രമസ്ഥാനവും നല്‍കുമാറുള്ള ഒരു മരം-അഥവാ ചുരക്കാവര്‍ഗത്തില്‍ പെട്ട ഒരു ചെടി- അല്ലാഹു അവിടെ ഏര്‍പ്പെടുത്തിക്കൊടുത്തു. അദ്ദേഹത്തിന്‍റെ പക്കല്‍ വന്നുപോയ ഒരു അബദ്ധം നിമിത്തമാണ് ഈ അത്യാഹിതം സംഭവിച്ചതെങ്കിലും, അദ്ദേഹം വളരെ ഭയഭക്തിയും ദൈവസ്മരണയും ഉള്ള ആളായിരുന്നതുകൊണ്ട് അല്ലാഹു അദ്ദേഹത്തിന് രക്ഷയും സഹായവും നല്‍കി. അല്ലായിരുന്നുവെങ്കില്‍, അദ്ദേഹം മല്‍സ്യത്തിന്‍റെ വയറ്റില്‍വെച്ചു മരണം അടയുകയും, അതദ്ദേഹത്തിന്‍റെ ഖബ്റായിത്തീരുകയും ചെയ്യുമായിരുന്നു.

يَقْطِين (യക്ത്വീന്‍) എന്ന പദത്തിനാണ് ചുരക്കാവര്‍ഗം എന്ന് നാം അര്‍ത്ഥം കല്പിച്ചത്. മത്തന്‍, വെള്ളരി, ചുരക്കാ എന്നിവപോലെ പടര്‍ന്നു വളരുന്ന വള്ളിച്ചെടികള്‍ക്ക് ഈ വാക്ക് ഉപയോഗിക്കപ്പെടുന്നു. ചുരക്കാ-അഥവാ ചുരങ്ങ -വള്ളിയാണിവിടെ ഉദ്ദേ

ശ്യമെന്നാണ് മിക്ക ക്വുർആൻ വ്യാഖ്യാതാക്കളും പറയുന്നത്. ഏതായാലും യൂനുസ് നബി(അ)ക്ക് അടിയിൽ വിരിച്ചുകിടക്കുവാനും, മുകളിൽ തണൽ ലഭിക്കുവാനും അതിന്റെ ഇലപടലങ്ങളും, ഭക്ഷണത്തിന് ഒരുപക്ഷേ, അതിന്റെ ഫലവും ഉപയോഗപ്പെട്ടിരിക്കുമെന്ന് കരുതാം. വാഴയായിരുന്നു പ്രസ്തുത ചെടിയെന്നും ചിലർ പറഞ്ഞുകാണുന്നു. അല്ലാഹുവിനറിയാം. شَجَرَة (ശജറത്ത്) എന്ന വാക്കിന് വൃക്ഷം അല്ലെങ്കിൽ മരം എന്നാണ് സാധാരണ അർത്ഥം നൽകാറുള്ളതെങ്കിലും, ചെടിക്കും, വള്ളിക്കും ആ വാക്ക് ഉപയോഗിക്കാറുണ്ട്താനും, വൃക്ഷം ഏതായിരുന്നാലും ശരി, അല്ലാഹു യൂനുസ് നബി (അ)ക്ക് ആ സന്ദർഭത്തിൽ വേണ്ടുന്ന ശുശ്രൂഷക്കുള്ള മാർഗങ്ങൾ ഒരുക്കിക്കൊടുത്തതാണ് നാമിവിടെ മനസ്സിരുത്തേണ്ടത്.

وَأَرْسَلْنَٰهُ إِلَىٰ مِا۟ئَةِ أَلْفٍ أَوْ يَزِيدُونَ ﴿١٤٧﴾

﴾147﴿ നൂറായിരം [ഒരു ലക്ഷം]-അഥവാ കൂടുതൽ വരുന്ന ആളുകളിലേക്ക് അദ്ദേഹത്തെ നാം അയക്കുകയും ചെയ്തു.

فَـَٔامَنُوا۟ فَمَتَّعْنَٰهُمْ إِلَىٰ حِينٍ ﴿١٤٨﴾

﴾148﴿ എന്നിട്ട് അവർ വിശ്വസിച്ചു. അങ്ങനെ, അവർക്ക് കുറെകാലത്തോളം നാം സുഖജീവിതം നൽകുകയും ചെയ്തു.

﴾147﴿ وَأَرْسَلْنَاهُ നാം അദ്ദേഹത്തെ അയക്കയും ചെയ്തു إِلَىٰ مِائَةِ أَلْفٍ നൂറായിരം (ലക്ഷം)ആളുകളിലേക്ക് أَوْ يَزِيدُونَ അല്ലെങ്കിൽ അധികരിക്കുന്ന(വരിലേക്ക്) ﴾148﴿ فَآمَنُوا എന്നിട്ട് അവർ വിശ്വസിച്ചു. فَمَتَّعْنَاهُمْ അങ്ങനെ അവർക്ക് നാം സുഖജീവിതം നൽകി إِلَىٰ حِينٍ കുറേ കാലത്തേക്ക്

അശ്ശൂർ രാജാക്കളുടെ ഒരു പ്രധാന നഗരിയായ നീനുവാ (نِينُوى) യായിരുന്നു യൂനുസ് (അ)ന്റെ രാജ്യം. ഒരു ലക്ഷത്തിലധികം ജനസംഖ്യ വരുന്ന ആ നാട്ടിലേക്ക് തന്നെ അദ്ദേഹം വീണ്ടും നിയോഗിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രബോധന ഫലമായി അവർ സത്യവിശ്വാസം സ്വീകരിക്കുകയും, അങ്ങിനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അവർക്ക് ലഭിക്കുകയും, വളരെകാലം അവർ സുഖൈശ്വര്യങ്ങളോടെ കഴിഞ്ഞുകൂടുകയും ചെയ്തു. ഇറാകിന്റെ വടക്കുഭാഗത്ത് ടൈഗ്രീസ് നദിയുടെ അടുത്തായി സ്ഥിതി ചെയ്യുന്ന ഒരു രാജ്യമാണ് നീനുവാ *(*)* ഒരു ലക്ഷത്തിലധികം ജനസംഖ്യ ഉണ്ടായിരുന്നുവെന്നു പറയുമ്പോൾ, നീനുവാ പട്ടണം അക്കാലത്തെ ഒരു പ്രധാന നഗരമായിരുന്നുവെന്ന് മനസ്സിലാക്കാമല്ലോ. സത്യവിശ്വാസം സ്വീകരിച്ചവരിൽ അന്നത്തെ രാജാവും ഉൾപ്പെട്ടിരുന്നുവെന്നും പറയപ്പെടുന്നു. യൂനുസ് നബി(അ)രണ്ടാമത് നിയോഗിക്കപ്പെട്ടത് സ്വന്തം നാട്ടിലേക്കായിരുന്നില്ല എന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. الله اعلم

അറബിയിൽ-മറ്റു ചില ഭാഷകളെപ്പോലെത്തന്നെ-ഒരു ലക്ഷം എന്ന അർത്ഥത്തിലുള്ള ഒറ്റവാക്കില്ലാത്തതുകൊണ്ടാണ് مِائَةِ أَلْفٍ (നൂറായിരം) എന്ന് പറയുന്നത്. മേൽപ്ര

(*) 1-ാം പടം നോക്കുക

സ്താവിക്കപ്പെട്ട പല ചരിത്ര സംഭവങ്ങളെയും വിവരിച്ചശേഷം അല്ലാഹു പറയുന്നു:

فَٱسْتَفْتِهِمْ أَلِرَبِّكَ ٱلْبَنَاتُ وَلَهُمُ ٱلْبَنُونَ ﴿١٤٩﴾

﴾149﴿ (നബിയേ) എന്നാൽ അവരോട് [ബഹുദൈവവിശ്വാസികളോട്] വിധി അന്വേഷിക്കുക: പെൺമക്കൾ നിന്റെ രക്ഷിതാവിനും, ആൺമക്കൾ അവർക്കുമാണോ?!

أَمْ خَلَقْنَا ٱلْمَلَٰٓئِكَةَ إِنَٰثًا وَهُمْ شَٰهِدُونَ ﴿١٥٠﴾

﴾150﴿ 'അഥവാ അവർ ദൃക്സാക്ഷികളായിക്കൊണ്ട് മലക്കുകളെ നാം സ്ത്രീകളായി സൃഷ്ടിച്ചിരിക്കുന്നുവോ?!' എന്ന്.

﴾149﴿ فَاسْتَفْتِهِمْ എന്നാലവരോട് വിധി (അഭിപ്രായം) അന്വേഷിക്കുക أَلِرَبِّكَ നിന്റെ റബ്ബിന്നോ الْبَنَاتُ പെൺമക്കൾ وَلَهُمُ അവർക്കുമാണോ الْبَنُونَ ആൺമക്കൾ ﴾150﴿ أَمْ خَلَقْنَا അഥവാ (അതല്ലെങ്കിൽ) നാം സൃഷ്ടിച്ചിരിക്കുന്നുവോ الْمَلَائِكَةَ മലക്കുകളെ إِنَاثًا പെണ്ണുങ്ങളായി وَهُمْ അവർ (ആയിരിക്കെ) شَاهِدُونَ സാക്ഷികൾ, ഹാജറുള്ളവർ

മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് മുശ്‌രിക്കുകൾ വിശ്വസിച്ചിരുന്നു. മലക്കുകളുടെ നാമത്തിൽ വിഗ്രഹങ്ങളുണ്ടാക്കി അവർ ആരാധിക്കയും ചെയ്തിരുന്നു. പെൺമക്കൾ ജീവിക്കുന്നത് ദുശ്ശകുനവും, അപമാനവുമായിക്കരുതി അവരെ ജീവനോടെ കുഴിച്ചുമൂടുക പതിവാക്കിയിരുന്ന അവർ, അല്ലാഹുവിന് മക്കളുണ്ടെന്നുമാത്രമല്ല, അതു പെൺമക്കളാണെന്ന്കൂടി പറയുന്നു. അതിനെക്കുറിച്ച് അല്ലാഹു ആക്ഷേപിക്കുകയാണ്. മലക്കുകളെ സൃഷ്ടിച്ചത് അല്ലാഹുവാണല്ലോ. അവൻ അവരെ ആണെന്നും പെണ്ണെന്നും തരംതിരിച്ചിട്ടില്ല. എന്നിരിക്കെ, മലക്കുകളെപ്പറ്റി പെൺമക്കളാണെന്ന് വിധി കല്പിക്കുവാൻ എന്ത് ന്യായമാണുള്ളത്?! അവരെ സൃഷ്ടിച്ചപ്പോൾ ഇവർ അവിടെ ഹാജറുണ്ടായിരിക്കുകയും, സ്ത്രീകളാക്കി സൃഷ്ടിച്ചത് കണ്ടിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ അതിന് ന്യായമുണ്ടായിരുന്നു. അതില്ലല്ലോ.

أَلَآ إِنَّهُم مِّنْ إِفْكِهِمْ لَيَقُولُونَ ﴿١٥١﴾

﴾151﴿ അല്ലാ! (അറിഞ്ഞേക്കുക:) നിശ്ചയമായും അവർ, തങ്ങളുടെ കള്ളം നിമിത്തം പറയുന്നു:

وَلَدَ ٱللَّهُ وَإِنَّهُمْ لَكَٰذِبُونَ ﴿١٥٢﴾

﴾152﴿ അല്ലാഹു (സന്താനം)ജനിപ്പിച്ചിരിക്കുന്നു എന്ന്! നിശ്ചയമായും, അവർ വ്യാജം പറയുന്നവർ തന്നെ.

أَصْطَفَى ٱلْبَنَاتِ عَلَى ٱلْبَنِينَ ﴿١٥٣﴾

﴾153﴿ അവൻ ആൺമക്കളെക്കാൾ (പ്രാധാന്യം നൽകി) പെൺമക്കളെ തിരഞ്ഞെടുത്തിരിക്കുകയോ?!

مَا لَكُمْ كَيْفَ تَحْكُمُونَ ﴿١٥٤﴾

﴿154﴾ (ഹേ, മുശ്‌രിക്കുകളേ,) നിങ്ങൾക്കെന്താണ്?! എങ്ങിനെ (യൊക്കെ) യാണ് നിങ്ങൾ വിധി കല്പിക്കുന്നത്?!

أَفَلَا تَذَكَّرُونَ ﴿١٥٥﴾

﴿155﴾ അപ്പോൾ, നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ?!

أَمْ لَكُمْ سُلْطَانٌ مُّبِينٌ ﴿١٥٦﴾

﴿156﴾ അഥവാ, സ്പഷ്ടമായ വല്ല അധികൃതലക്ഷ്യവും നിങ്ങൾക്കുണ്ടോ?!

فَأْتُوا بِكِتَابِكُمْ إِن كُنتُمْ صَادِقِينَ ﴿١٥٧﴾

﴿157﴾ എന്നാൽ, നിങ്ങളുടെ ഗ്രന്ഥം [രേഖ] കൊണ്ടുവരുവിൻ, നിങ്ങൾ സത്യവാൻമാരാണെങ്കിൽ!

﴿151﴾ أَلَا അല്ലാ, അറിയുക إِنَّهُمْ നിശ്ചയമായും അവർ مِنْ إِفْكِهِمْ അവരുടെ കള്ളം നിമിത്തം, നുണയാൽ لَيَقُولُونَ അവർ പറയുന്നു ﴿152﴾ وَلَدَ اللَّهُ അല്ലാഹു (മക്കളെ)ജനിപ്പിച്ചു എന്ന് وَإِنَّهُمْ നിശ്ചയമായും അവർ لَكَاذِبُونَ വ്യാജം പറയുന്നവർ തന്നെ ﴿153﴾ أَصْطَفَى അവൻ തിരഞ്ഞെടുക്ക(പ്രാധാന്യം നൽകി)യോ الْبَنَاتِ പെൺമക്കളെ عَلَى الْبَنِينَ ആൺമക്കളെക്കാൾ ﴿154﴾ مَا لَكُمْ നിങ്ങൾക്കെന്താണ് كَيْفَ تَحْكُمُونَ നിങ്ങൾ എങ്ങിനെയാണ് വിധിക്കുന്നത് ﴿155﴾ أَفَلَا تَذَكَّرُونَ അപ്പോൾ നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ ﴿156﴾ أَمْ لَكُمْ അഥവാ നിങ്ങൾക്കുണ്ടോ سُلْطَانٌ വല്ല അധികൃതലക്ഷ്യവും, പ്രമാണവും مُبِينٌ പ്രത്യക്ഷമായ, സ്പഷ്ടമായ ﴿157﴾ فَأْتُوا എന്നാൽ വരുവിൻ بِكِتَابِكُمْ നിങ്ങളുടെ ഗ്രന്ഥവും കൊണ്ട്, രേഖയുമായി إِنْ كُنْتُمْ നിങ്ങളാണെങ്കിൽ صَادِقِينَ സത്യം പറയുന്നവർ

അല്ലാഹുവിന് സന്താനങ്ങളുണ്ടെന്ന വ്യാജവാദത്തിന് പുറമെ മറ്റൊരു അനീതിയും കൂടിയാണ്, ആ മക്കൾ പെൺമക്കളാണെന്നുള്ള വാദം. കളവുകെട്ടിപ്പറയുന്നതിലും വേണ്ടേ അൽപമെങ്കിലും നീതി?! അതും ഇല്ലാത്തതിന്റെ പേരിലാണ് അല്ലാഹു ഇവരെപ്പറ്റി ഇത്ര ശക്തിയായ ഭാഷയിൽ ആക്ഷേപിക്കുന്നത്. സൂറത്തുന്നജ്മിൽ അല്ലാഹു ഇവരോട് ചോദിക്കുന്നത് ഇങ്ങിനെയാണ്: أَلَكُمُ الذَّكَرُ وَلَهُ الْأُنثَى ۝ تِلْكَ إِذًا قِسْمَةٌ ضِيزَى (നിങ്ങൾക്ക് ആണും അവനു പെണ്ണുമാണോ? എന്നാലത് അക്രമപരമായ ഒരു ഓഹരിയാണ്) അല്ലാഹുവിന്റെ പരിശുദ്ധതക്കും മഹത്വത്തിനും ഒട്ടും അനുയോജ്യമല്ലാത്ത ഇത്തരം നിരർത്ഥവാദങ്ങളിൽപെട്ട ഇവരുടെ മറ്റൊരു വാദമാണ് അടുത്ത ആയത്തിൽ കാണുന്നത്.

وَجَعَلُوا بَيْنَهُ وَبَيْنَ الْجِنَّةِ نَسَبًا ۚ

﴿158﴾അവർ, അവന്റെ [അല്ലാഹുവിന്റെ]യും ജിന്ന് വർഗത്തിന്റെയും ഇടയിൽ ഒരു കുടുംബബന്ധം

وَلَقَدْ عَلِمَتِ ٱلْجِنَّةُ إِنَّهُمْ لَمُحْضَرُونَ ﴿١٥٨﴾

ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു! തീർച്ചയായും, 'ജിന്നു'കൾക്കറിയാം അവർ (ശിക്ഷയിൽ) ഹാജരാക്കപ്പെടുന്നവരാണെന്ന്.

سُبْحَـٰنَ ٱللَّهِ عَمَّا يَصِفُونَ ﴿١٥٩﴾

﴾159﴿ അവർ വർണിച്ചു പറയുന്നതിൽ നിന്ന് അല്ലാഹു എത്രയോ പരിശുദ്ധനത്രെ.

إِلَّا عِبَادَ ٱللَّهِ ٱلْمُخْلَصِينَ ﴿١٦٠﴾

﴾160﴿ അല്ലാഹുവിന്റെ കളങ്കരഹിതമാക്കപ്പെട്ട (ശുദ്ധരായ) അടിയാന്മാരൊഴികെ [അവർ ഇതിൽ ഉൾപ്പെടുന്നതല്ല]

﴾158﴿ وَجَعَلُوا അവർ ആക്കുക(ഏർപ്പെടുത്തുക)യും ചെയ്തു بَيْنَهُ അവന്റെ ഇടയിൽ وَبَيْنَ الْجِنَّةِ ജിന്നുകളുടെ ഇടയിലും نَسَبًا ഒരു കുടുംബബന്ധം وَلَقَدْ عَلِمَتِ തീർച്ചയായും അറിയാം, അറിഞ്ഞിട്ടുണ്ട് الْجِنَّةُ ജിന്നുകൾക്ക്, ജിന്നുകൾ إِنَّهُمْ നിശ്ചയമായും അവർ (ഇവർ) لَمُحْضَرُونَ ഹാജറാക്കപ്പെടുന്നവർ തന്നെ (എന്ന്) ﴾159﴿ سُبْحَانَ اللَّهِ അല്ലാഹു മഹാപരിശുദ്ധനത്രെ عَمَّا يَصِفُونَ അവർ വർണിച്ചു (വിവരിച്ചു)പറയുന്നതിൽ നിന്ന് ﴾160﴿ إِلَّا عِبَادَ اللَّهِ അല്ലാഹുവിന്റെ അടിയാൻമാരൊഴികെ الْمُخْلَصِينَ കളങ്കരഹിതരാക്കപ്പെട്ട

ഇവിടെ 'ജിന്ന്' (الْجِنَّة) എന്ന് പറഞ്ഞതുകൊണ്ടുദ്ദേശ്യം മലക്കുകളാണെന്നാണ് ഭൂരിപക്ഷം മുഫസ്സിറുകളും പ്രസ്താവിച്ചിരിക്കുന്നത്. ഇതിന്റെ മുമ്പും പിമ്പുമുള്ള ആയത്തുകളിൽ മലക്കുകളെക്കുറിച്ചാണ് പ്രധാനമായും സംസാരിക്കുന്നതും. ജിന്ന് എന്ന വാക്കിനെക്കുറിച്ചാണ് ആലോചിക്കാനുള്ളത്. ഖുർആന്റെ പ്രത്യേക നിഘണ്ടുവായ മുഫ്റദാത്തിൽ മറവു (ستر) എന്ന അർത്ഥത്തിലുള്ള ധാതുവിൽ നിന്നാണ് ആ പേർ വന്നിരിക്കുന്നതെന്ന് വിവരിച്ച ശേഷം ഇമാം റാഗിബ് (റ) ഇപ്രകാരം പറയുന്നു:

'ജിന്ന്' (الْجِنّ) എന്ന വാക്ക് രണ്ടു പ്രകാരത്തിൽ ഉപയോഗിക്കപ്പെടാറുണ്ട്: മനുഷ്യൻ (إنس) എന്നതിന്റെ എതിരിൽ പഞ്ചേന്ദ്രിയങ്ങൾക്കതീതമായി മറഞ്ഞുനിൽക്കുന്ന ആത്മീയജീവികൾ എന്നതാണ് അവയിലൊന്ന്. ഇതനുസരിച്ച് ഈ വാക്കിൽ മലക്കുകളും, ശൈത്വാൻമാരും ഉൾപ്പെടും . അപ്പോൾ മലക്കുകളെല്ലാം ജിന്നുവർഗത്തിൽ ഉൾപ്പെടും. എല്ലാ ജിന്നുകളും മലക്കായിരിക്കയില്ല. ഈ അടിസ്ഥാനത്തിലാണ് അബൂസ്വാലിഹ് മലക്കുകളെല്ലാം ജിന്നുകളാണെന്ന് പറയുന്നത്. ആത്മീയജീവികളിൽപെട്ട ഒരു പ്രത്യേക വിഭാഗമാണ് ജിന്ന് എന്നത്രെ മറ്റൊരഭിപ്രായം. അതായത്: ആത്മീയജീവികൾ മൂന്നു തരമാണ് : അതിൽ ഉത്തമവിഭാഗത്തെ മലക്കുകളെന്നും, അധമവിഭാഗത്തെ ശൈത്വാൻമാരെന്നും, മദ്ധ്യമവിഭാഗത്തെ ജിന്നുകളെന്നും പറയുന്നു: وَأَنَّا مِنَّا الْمُسْلِمُونَ وَمِنَّا الْقَاسِطُونَ

(ഞങ്ങളിൽ മുസ്‌ലിംകളുമുണ്ട്, നീതി കെട്ടവരുമുണ്ട്) എന്നും *(*)* മറ്റുമുള്ള ഖുർആൻ വചനങ്ങൾ ഇത് മനസ്സിലാക്കിത്തരുന്നു (المفردات للامام الراغب – رح)

മലക്കുകളാണ് ഇവിടെ ഉദ്ദേശ്യം എന്ന്‌വെക്കുമ്പോൾ, അവർക്കും അല്ലാഹുവിനുമിടയിൽ മുശ്‌രിക്കുകൾ കുടുംബബന്ധം സ്ഥാപിക്കുന്നുവെന്ന് പറഞ്ഞതിന്റെ താൽപര്യം വ്യക്തമാണ്. മലക്കുകൾ അല്ലാഹുവിന്റെ പുത്രിമാരാണെന്ന വാദം അനുസരിച്ച് അല്ലാഹുവും അവരും ഒരേ വർഗത്തിൽപെട്ടവരാണെന്നും, അല്ലാഹു അവരുടെ ജനയിതാവാണെന്നും വരണമല്ലോ (تعالى الله عن ذلك)

എനി, ആ വാക്കുകൊണ്ടുദ്ദേശ്യം, സാധാരണ അറിയപ്പെടുന്ന അർത്ഥങ്ങളിലുള്ള ജിന്നുകൾതന്നെയാണെന്നുവെക്കുകയാണെങ്കിൽ, ആയത്തിന്റെ താൽപര്യം ഇപ്രകാരമായിരിക്കാം : ജിന്നുകളിലെ നേതാക്കളായ ചിലരുടെ പെൺമക്കളെ അല്ലാഹു വിവാഹം കഴിച്ചിട്ടുള്ളതായി ഖുസാഅഃ (خُزَاعَة) ഗോത്രക്കാരും കിനാനഃ (كِنَانَة) ഗോത്രക്കാരും വിശ്വസിച്ചിരുന്നുവെന്നും, ജിന്ന്‌വർഗവും അല്ലാഹുവും തമ്മിൽ വൈവാഹിക ബന്ധമുള്ളതായി യഹൂദരും പറഞ്ഞിരുന്നുവെന്നും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. നൻമയുടെയും, തിൻമയുടെയും ദൈവങ്ങളായി രണ്ടു സഹോദരദൈവങ്ങൾ ഉണ്ടെന്നും ഇതിൽ നൻമയുടെ ദൈവമാണ് അല്ലാഹു എന്നും, മറ്റേതു പിശാചാണെന്നും വേറെ ചിലരും വിശ്വസിച്ചിരുന്നു. ഇതുപോലെയുള്ള പല അന്ധവിശ്വാസങ്ങളും, വാദങ്ങളും ഇന്ത്യയിലെ ചില വിഭാഗക്കാരിലും കാണാവുന്നതാണ്. കൂടാതെ, സൂ: സബഉ് 41 ന്റെ വിവരണത്തിൽ നാം ചൂണ്ടിക്കാണിച്ചതുപോലെ, ജിന്നുകളെ പലരും ആരാധ്യദൈവങ്ങളായി സ്വീകരിച്ചിട്ടുള്ളതും പ്രസ്താവ്യമാണ്. ഇതെല്ലാം, ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അല്ലാഹുവിനും അവർക്കുമിടയിൽ കുടുംബ ബന്ധം സ്ഥാപിക്കലാണെന്ന് പറയേണ്ടതില്ല ഏതു തരത്തിലുള്ള കുടുംബ ബന്ധമായിരുന്നാലും, അതിൽ നിന്നെല്ലാം അല്ലാഹു മഹാ പരിശുദ്ധനത്രെ ! മേൽപറഞ്ഞ വ്യാജവാദികളോട് അല്ലാഹു പറയുന്നു:

فَإِنَّكُمْ وَمَا تَعْبُدُونَ ﴿١٦١﴾

﴾161﴿ എന്നാൽ, നിങ്ങളും, നിങ്ങൾ ആരാധിച്ചുവരുന്നവയും തന്നെ

مَآ أَنتُمْ عَلَيْهِ بِفَـٰتِنِينَ ﴿١٦٢﴾

﴾162﴿ നിങ്ങൾ അവന് [അല്ലാഹുവിന്] എതിരിൽ കുഴപ്പത്തിലാക്കുന്നവരല്ല

إِلَّا مَنْ هُوَ صَالِ ٱلْجَحِيمِ ﴿١٦٣﴾

﴾163﴿ ഏതൊരുവൻ ജ്വലിക്കുന്ന നരകത്തിൽ കടന്നെരിയുന്നവനാണോ അവനെയല്ലാതെ.

﴾161﴿ فَإِنَّكُمْ എന്നാൽ നിങ്ങൾ وَمَا تَعْبُدُونَ നിങ്ങൾ ആരാധിച്ചുവരുന്നവയും ﴾162﴿ مَآ أَنتُمْ നിങ്ങൾ (ഇല്ല) عَلَيْهِ അവന്റെ മേൽ (എതിരായി) بِفَاتِنِينَ കുഴപ്പത്തിലാക്കുന്നവർ ﴾163﴿ إِلا مَنْ യാതൊരുവനെയല്ലാതെ هُوَ അവൻ صَالِ الْجَحِيمِ ജ്വലിക്കുന്ന നരകത്തിൽ കടന്നെരിയുന്നവനാണ്.

(*) ജിന്നുകളുടെ വാക്യങ്ങളായി സൂ: ജിന്നിൽ അല്ലാഹു ഉദ്ധരിച്ചതാണ് ഇത്.

ഹേ, മുശ്‌രിക്കുകളേ, നരകാഗ്നിയിൽ കടന്നെരിയുവാൻ തയ്യാറായിക്കൊണ്ടിരിക്കുന്നവരും, സത്യവിശ്വാസം സ്വീകരിക്കുകയില്ലെന്ന് അല്ലാഹുവിന്നറിയാവുന്നവരുമായ ആളുകളെമാത്രമേ നിങ്ങൾക്കു വഴിപിഴപ്പിക്കുവാനും, കുഴപ്പത്തിലാക്കുവാനും സാധിക്കുകയുള്ളൂ. അല്ലാതെ, അല്ലാഹുവിന്റെ ഉദ്ദേശ്യത്തിന് വിരുദ്ധമായി മറ്റാരെയും കുഴപ്പത്തിലാക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ല എന്ന് സാരം. മലക്കുകളെക്കുറിച്ച് മുശ്‌രിക്കുകൾ ധരിക്കുകയും, വാദിക്കുകയും ചെയ്യുന്ന ചിലതെല്ലാം മുകളിൽ പറഞ്ഞുവല്ലോ. എന്നാൽ, മലക്കുകളുടെ നിലയെന്തായിരിക്കും? അവരുടെ വാചകങ്ങളിൽതന്നെ അല്ലാഹു അത് ചൂണ്ടിക്കാട്ടുന്നു. മലക്കുകൾ പറയുകയാണ്:

وَمَا مِنَّآ إِلَّا لَهُۥ مَقَامٌ مَّعْلُومٌ ﴿١٦٤﴾

﴾164﴿ ഞങ്ങളിൽപെട്ടവർക്ക് (ഒരാൾക്കും തന്നെ) ഒരു അറിയപ്പെട്ട (നിശ്ചിത)സ്ഥാനം ഇല്ലാതെയില്ല.

وَإِنَّا لَنَحْنُ ٱلصَّآفُّونَ ﴿١٦٥﴾

﴾165﴿ നിശ്ചയമായും ഞങ്ങൾതന്നെയാണ്, അണികെട്ടി നിൽക്കുന്നവരും

وَإِنَّا لَنَحْنُ ٱلْمُسَبِّحُونَ ﴿١٦٦﴾

﴾166﴿ നിശ്ചയമായും, ഞങ്ങൾതന്നെയാണ് തസ്ബീഹ് [അല്ലാഹുവിന്റെ പ്രകീർത്തനം] നടത്തുന്നവരും.

﴾164﴿ وَمَامِنَّا ഞങ്ങളിൽനിന്നും (ഒരാളും)ഇല്ല إِلَّالَهُ തനിക്കില്ലാതെ مَقَامٌ ഒരു സ്ഥാനം مَعْلُومٌ അറിയപ്പെട്ട (നിർണയിക്കപ്പെട്ട, നിശ്ചിത) ﴾165﴿ وَإِنَّالَنَحْنُ നിശ്ചയമായും ഞങ്ങൾതന്നെ الصَّافُّونَ അണികെട്ടിനിൽക്കുന്നവർ ﴾166﴿ وَإِنَّالَنَحْنُ ഞങ്ങൾ തന്നെയാണ് الْمُسَبِّحُونَ തസ്ബീഹ് നടത്തുന്നവരും.

ഓരോ മലക്കിനും ഓരോ നിശ്ചിത പദവിയും സ്ഥാനവുമുണ്ട്. അതനുസരിച്ചായിരിക്കും അവരുടെ ആരാധനാ കർമങ്ങളും, ദൈവ കീർത്തനങ്ങളും തുടങ്ങി എല്ലാ കാര്യങ്ങളും നടത്തപ്പെടുന്നത്. അവരവരുടെ നിലപാടനുസരിച്ചുള്ള സ്ഥാനങ്ങളിൽ അണിനിരന്നുകൊണ്ടായിരിക്കും അവർ തങ്ങളുടെ കർമങ്ങൾ നടത്തുക, അല്ലാഹുവിന്റെ ശക്തിമാഹാത്മ്യങ്ങളെയും, പരിശുദ്ധതയെയും പ്രകീർത്തനം ചെയ്യുക അവരുടെ പതിവാകുന്നു. സൂറത്തിന്റെ ആദ്യത്തിൽ മലക്കുകളെപ്പറ്റി പ്രസ്താവിച്ച പല കാര്യങ്ങളും ഇവിടെയും സ്മരണീയമാണ്.

വക്താക്കളുടെ പേർ വ്യക്തമായി പ്രസ്താവിക്കാതെയുള്ള ഉദ്ധരണികൾ ഇതുപോലെ ക്വുർആനിൽ വേറെയും പലതും കാണാം. അതിന്റെ സാഹിത്യ ശൈലികളിൽ ഒന്നാണത്. അവയുടെ വക്താക്കൾ ആരാണെന്ന് സന്ദർഭംകൊണ്ടു മനസ്സിലാക്കേണ്ടതും, മനസ്സിലാക്കാവുന്നതുമാകുന്നു. ഈ മൂന്നു വചനങ്ങളുടെ വക്താക്കൾ മലക്കുകളാണെന്നാണ് മിക്കവാറും ക്വുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം. കൂടുതൽ വ്യക്തവും അനുയോജ്യവും അതുതന്നെ. സത്യവിശ്വാസികളുടെ വാക്കുകളെന്ന നിലക്കാണവ ഉദ്ധരിച്ചിട്ടുള്ളതെന്നും ചുരുക്കം ചിലർ പ്രസ്താവിച്ചു കാണുന്നു. മുശ്‌രിക്കുകളെ സംബന്ധിച്ചാണ് അടുത്ത വചനങ്ങളിൽ പറയുന്നത്:

وَإِن كَانُوا۟ لَيَقُولُونَ ﴿١٦٧﴾

《167》 നിശ്ചയമായും അവര്‍ പറഞ്ഞു വന്നിരുന്നു:

لَوْ أَنَّ عِندَنَا ذِكْرًا مِّنَ ٱلْأَوَّلِينَ ﴿١٦٨﴾

《168》 ഞങ്ങളുടെ അടുക്കല്‍ പൂര്‍വ്വികന്‍മാരില്‍നിന്നുള്ള വല്ല (വേദ)പ്രമാണവും ഉണ്ടായിരുന്നുവെങ്കില്‍

لَكُنَّا عِبَادَ ٱللَّهِ ٱلْمُخْلَصِينَ ﴿١٦٩﴾

《169》 'ഞങ്ങള്‍ അല്ലാഹുവിന്റെ കളങ്കരഹിതരാക്കപ്പെട്ട (ശുദ്ധന്‍മാരായ)അടിയാന്‍മാരായിരുന്നേനേ' !

فَكَفَرُوا۟ بِهِۦ ۖ فَسَوْفَ يَعْلَمُونَ ﴿١٧٠﴾

《170》 എന്നിട്ട് ഇതില്‍ (ഈ വേദഗ്രന്ഥത്തില്‍) അവര്‍ അവിശ്വസിച്ചു. അതിനാല്‍, വഴിയെ അവര്‍ക്ക് അറിയാറാകും.

《167》 وَإِنْ كَانُوا നിശ്ചയമായും അവരായിരുന്നു لَيَقُولُونَ പറയും 《168》 لَوْ أَنَّ عِندَنَا ഞങ്ങളുടെ അടുക്കല്‍ ഉണ്ടായിരുന്നെങ്കില്‍ ذِكْرًا വല്ല പ്രമാണവും, പ്രബോധനവും مِنَ الْأَوَّلِينَ പൂര്‍വ്വികന്‍മാരില്‍ നിന്ന് 《169》 لَكُنَّا ഞങ്ങള്‍ ആകുമായിരുന്നു عِبَادَ اللهِ അല്ലാഹുവിന്റെ അടിയാന്‍മാര്‍ الْمُخْلَصِينَ നിഷ്കളങ്കരാക്കപ്പെട്ട, ശുദ്ധരാക്കപ്പെട്ട 《170》 فَكَفَرُوا بِهِ എന്നിട്ട് അവര്‍ അതില്‍ (ഇതില്‍) അവിശ്വസിച്ചു فَسَوْفَ അതിനാല്‍ വഴിയെ يَعْلَمُونَ അവര്‍ അറിയും, അവര്‍ക്കറിയാം.

തങ്ങള്‍ക്കൊരു വേദഗ്രന്ഥം ഉണ്ടായിരുന്നുവെങ്കില്‍ തങ്ങള്‍ നിഷ്കളങ്കരായ സജ്ജനങ്ങളാകുമായിരുന്നുവെന്ന് മോഹിച്ചും, പറഞ്ഞുംകൊണ്ടിരുന്ന അവര്‍ക്ക് ക്വുര്‍ആനാകുന്ന വേദഗ്രന്ഥം വന്നപ്പോള്‍, സന്തോഷപൂര്‍വ്വം അതു സ്വീകരിക്കുന്നതിനു പകരം അതിനെ നിഷേധിക്കയാണ് അവര്‍ ചെയ്തത്. അതിന്റെ ഫലം വഴിയെ അവര്‍ക്കറിയാമെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. സൂ: ഫാത്വിര്‍ 42 ല്‍ ഇതിനെപ്പറ്റി പ്രസ്താവിച്ചത് ഓര്‍ക്കുക.

وَلَقَدْ سَبَقَتْ كَلِمَتُنَا لِعِبَادِنَا ٱلْمُرْسَلِينَ ﴿١٧١﴾

《171》 'മുര്‍സലു'കളായ നമ്മുടെ അടിയാന്മാര്‍ക്ക് നമ്മുടെ വാക്ക് മുമ്പ് (തന്നെ) ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്:

إِنَّهُمْ لَهُمُ ٱلْمَنصُورُونَ ﴿١٧٢﴾

《172》 'നിശ്ചയമായും അവര്‍തന്നെയാണ് സഹായം നല്‍കപ്പെടുന്നവര്‍' എന്ന്

وَإِنَّ جُندَنَا لَهُمُ ٱلْغَـٰلِبُونَ ﴿١٧٣﴾

《173》 'നമ്മുടെ സൈന്യം തന്നെയാണ് വിജയികള്‍' എന്നും!

﴾171﴿ وَلَقَدْ سَبَقَتْ തീർച്ചയായും മുമ്പുണ്ടായിട്ടുണ്ട്, മുൻകഴിഞ്ഞിരിക്കുന്നു كَلِمَتُنَا നമ്മുടെ വാക്ക്, വാക്യം لِعِبَادِنَا നമ്മുടെ അടിയാൻമാർക്ക് الْمُرْسَلِينَ മുർസലുകളായ ﴾172﴿ إِنَّهُمْ നിശ്ചയമായും അവർ لَهُمُ അവർ തന്നെ الْمَنْصُورُونَ സഹായം നൽകപ്പെടുന്നവർ ﴾173﴿ وَإِنَّ جُنْدَنَا നിശ്ചയമായും നമ്മുടെ സൈന്യം لَهُمُ അവർ തന്നെ الْغَالِبُونَ വിജയികൾ, ശക്തികവിഞ്ഞവർ

നബി തിരുമേനിﷺക്കും, സത്യവിശ്വാസികൾക്കും – ലോകാവസാനംവരെയുള്ള എല്ലാ സത്യവിശ്വാസികൾക്കും – അങ്ങേയറ്റം മനസ്സമാധാനവും ധൈര്യവും പ്രദാനം ചെയ്യുന്ന ഒരു മഹത്തായ വാക്യമാണിത്. അതെ, അല്ലാഹുവിൽ നിന്നുള്ള മഹത്തായ ഒരു വാഗ്ദാനം ! പൂർവ്വികൻമാരായ മുർസലുകളടക്കം എല്ലാവരോടും നൽകി വന്നിട്ടുള്ള വാഗ്ദാനമത്രെ അത്. മുർസലുകളും, അവരുടെ യഥാർത്ഥ അനുയായികളുമായിരിക്കും അല്ലാഹുവിന്റെ സഹായത്തിന് പാത്രമാകുക, ഇഹത്തിലും, പരത്തിലും വിജയം കൈവരുന്നതും അവർക്കായിരിക്കും. ഇതാണാവാഗ്ദാനം. നബിമാരുടെ അനുയായികൾ നേരായ മാർഗം തെറ്റാതിരുന്ന എല്ലാ കാലത്തും ഇത് അനുഭവത്തിൽ വന്നിട്ടുണ്ട്. മേലിലും തുടരുകയും ചെയ്യും. ഏതെങ്കിലും രംഗങ്ങളിൽ വല്ലപ്പോഴും പ്രത്യക്ഷത്തിൽ ഇതിനെതിര് സംഭവിച്ചിട്ടുണ്ടെങ്കിൽ, അതിന് പ്രത്യേക കാരണവുമുണ്ടായിരിക്കും. ഏതായാലും അന്തിമവിജയം അവർക്കുതന്നെയായിരിക്കുകയും ചെയ്യും. وَالْعَاقِبَةُ لِلْمُتَّقِينَ (ശുഭപര്യവസാനം ഭയഭക്തൻമാർക്കായിരിക്കും) സൂറത്തുൽ മുഅ്മിനിൽ അല്ലാഹു പറയുന്നു: إِنَّا لَنَنْصُرُ رُسُلَنَا وَالَّذِينَ آمَنُوا فِي الْحَيَاةِ الدُّنْيَا وَيَوْمَ يَقُومُ الْأَشْهَادُ- المؤمن (നിശ്ചയമായും, നമ്മുടെ ദൂതൻമാരെയും, വിശ്വസിച്ചിട്ടുള്ളവരെയും, ഐഹിക ജീവിതത്തിലും സാക്ഷികൾ നിൽക്കുന്ന ദിവസവും –ക്വിയാമത്തുനാളിലും–നാം സഹായിക്കുന്നതാണ് 40:51) അല്ലാഹുവിൽ നിന്നുള്ള വിജയവും, സഹായവും ലഭിക്കുന്ന സത്യവിശ്വാസികളിൽ അവൻ നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

فَتَوَلَّ عَنْهُمْ حَتَّىٰ حِينٍ ﴿١٧٤﴾

﴾174﴿ (നബിയേ)അതിനാൽ, ഒരു (കുറഞ്ഞ)സമയംവരേക്കും നീ അവരിൽ നിന്ന് തിരിഞ്ഞുകളയുക.

وَأَبْصِرْهُمْ فَسَوْفَ يُبْصِرُونَ ﴿١٧٥﴾

﴾175﴿ അവരെ (ക്കുറിച്ച്) നീ കണ്ടറിയുകയും ചെയ്യുക. അവർ വഴിയെ കണ്ടറിഞ്ഞേക്കുന്നതാണ്!

﴾174﴿ فَتَوَلَّ ആകയാൽ നീ തിരിഞ്ഞുകളയുക, മാറുക عَنْهُمْ അവരിൽ നിന്ന്, അവരെവിട്ട് حَتَّىٰ حِينٍ ഒരു സമയം (കാലം) വരെ ﴾175﴿ وَأَبْصِرْهُمْ അവരെ കാണുകയും (കണ്ടറിയുകയും)ചെയ്യുക فَسَوْفَ എന്നാൽ വഴിയെ يُبْصِرُونَ അവർ കാണും, കണ്ടറിയും.

അൽപകാലം കൂടി ക്ഷമിച്ചാൽ മതി, അപ്പോഴേക്കും സത്യവിശ്വാസികളുടെ വിജയവും ഈ അവിശ്വാസികളുടെ പരാജയവും സാക്ഷാൽക്കരിക്കപ്പെടുമെന്ന് അല്ലാഹു നബിയെ ഉണർത്തുന്നു. ഈ വാഗ്ദാനം ഏറെതാമസിയാതെ ശരിക്കും അനുഭവത്തിൽ വന്നിട്ടുണ്ടെന്ന് പറയേണ്ടതില്ലല്ലോ.

أَفَبِعَذَابِنَا يَسْتَعْجِلُونَ ﴿١٧٦﴾

﴿176﴾ എന്നിരിക്കെ, നമ്മുടെ ശിക്ഷയെക്കുറിച്ചാണോ അവർ ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നത്?!

فَإِذَا نَزَلَ بِسَاحَتِهِمْ فَسَآءَ صَبَاحُ ٱلْمُنذَرِينَ ﴿١٧٧﴾

﴿177﴾ എന്നാൽ, അതവരുടെ മുറ്റത്ത് (അവരിൽ)വന്നിറങ്ങിയാൽ, അപ്പോൾ (ആ) മുന്നറിയിപ്പ് നൽകപ്പെട്ടവരുടെ പ്രഭാതം എത്രയോ മോശപ്പെട്ടതായിരിക്കും!

﴿176﴾ أَفَبِعَذَابِنَا എന്നിരിക്കെ നമ്മുടെ ശിക്ഷയെക്കുറിച്ചോ يَسْتَعْجِلُونَ അവർ ധൃതി കൂട്ടുന്നത്. ﴿177﴾ فَإِذَانَزَلَ എന്നാലതു ഇറങ്ങിവന്നാൽ بِسَاحَتِهِمْ അവരുടെ മുറ്റത്ത്, അങ്കണത്തിൽ, ഉമ്മറത്ത് فَسَاءَ അപ്പോൾ വളരെ മോശമായിരിക്കും صَبَاحُ الْمُنْذَرِينَ താക്കീത് ചെയ്യപ്പെട്ടവരുടെ പ്രഭാതം.

നമ്മുടെ ശിക്ഷയെക്കുറിച്ച് പരിഹസിച്ചു തിരക്കുകൂട്ടേണ്ടതില്ല. അത് താമസംവിനാ അവരുടെ ഉമ്മറത്ത്വന്നെത്താതിരിക്കയില്ല. അത് വരുന്ന ദിവസം അതവരുടെ ദിവസങ്ങളിൽവെച്ച് ഏറ്റവും മോശപ്പെട്ടതായിരിക്കും. അന്നത്തെ പ്രഭാതം അവരിൽ പുലരുന്നത് അവർക്ക് ഏറ്റവും വലിയ ദുശ്ശകുനവുമായിരിക്കും.

وَتَوَلَّ عَنْهُمْ حَتَّىٰ حِينٍ ﴿١٧٨﴾

﴿178﴾ (നബിയേ) അതിനാൽ, ഒരു (കുറഞ്ഞ) സമയംവരേക്കും നീ അവരിൽ നിന്നു തിരിഞ്ഞുകളയുക.

وَأَبْصِرْ فَسَوْفَ يُبْصِرُونَ ﴿١٧٩﴾

﴿179﴾ നീ കണ്ടറിയുകയും ചെയ്യുക; വഴിയെ അവർ കണ്ടറിഞ്ഞേക്കുന്നതാണ്.

﴿178﴾ وَتَوَلَّ അതിനാൽ നീ മാറി (തിരിഞ്ഞു)പോകുക عَنْهُمْ അവരിൽ നിന്ന് حَتَّىٰ حِينٍ ഒരു (കുറച്ചു)കാലം (സമയം)വരെ ﴿179﴾ وَأَبْصِرْ നീ കാണുക (കണ്ടറിയുക, നോക്കുക)യും ചെയ്യുക فَسَوْفَ എന്നാൽ വഴിയെ يُبْصِرُونَ അവർ കണ്ടറിയും

വിഷയത്തിന്റെ ഗൗരവം നിമിത്തം അല്ലാഹു അവരെ ആവർത്തിച്ചു താക്കീതുചെയ്യുകയാണ്. ഈ സൂറത്തിൽ ഇതേവരെ പ്രസ്താവിച്ച വിഷയങ്ങളുടെ രത്നച്ചുരുക്കവും, അവയിൽ നിന്ന് ലഭിക്കേണ്ടുന്ന പാഠങ്ങളുടെ സംക്ഷിപ്ത സാരവും അടങ്ങുന്നതാണ് അടുത്ത വചനം. അതോടെ അല്ലാഹു ഈ അദ്ധ്യായം അവസാനിപ്പിക്കുകയും ചെയ്യുന്നു.

سُبْحَٰنَ رَبِّكَ رَبِّ ٱلْعِزَّةِ عَمَّا يَصِفُونَ ﴿١٨٠﴾

﴿180﴾ പ്രതാപത്തിന്റെ ഉടമസ്ഥനായ നിന്റെ റബ്ബ് (അവനെക്കുറിച്ച്) അവർ വർണിച്ചുകൊണ്ടിരിക്കുന്നതിൽ നിന്നും എത്രയോ പരിശുദ്ധൻ!

وَسَلَـٰمٌ عَلَى ٱلْمُرْسَلِينَ ﴿١٨١﴾

﴿181﴾ മുർസലുകളുടെ പേരിൽ സലാമും [സമാധാനശാന്തിയും]

وَٱلْحَمْدُ لِلَّهِ رَبِّ ٱلْعَـٰلَمِينَ ﴿١٨٢﴾

﴿182﴾ സർവ്വസ്തുതിയും (സർവ്വ) ലോകരക്ഷിതാവായ അല്ലാഹുവിനും!!!

﴿180﴾ سُبْحَانَ എത്രയോ (വളരെ)പരിശുദ്ധൻ(പരിശുദ്ധപ്പെടുത്തുന്നു) رَبِّكَ നിന്റെ റബ്ബ്, റബ്ബിനെ رَبِّ الْعِزَّةِ പ്രതാപത്തിന്റെ റബ്ബായ (നാഥനായ, ഉടമസ്ഥനായ) عَمَّا يَصِفُونَ അവർ വർണിച്ചു (വിവരിച്ചു)പറയുന്നതിൽനിന്ന് ﴿181﴾ وَسَلَامٌ സലാമും, സമാധാന ശാന്തിയും عَلَى الْمُرْسَلِينَ മുർസലുകളുടെമേൽ ﴿182﴾ وَالْحَمْدُ സ്തുതി, പുകഴ്ച(യെല്ലാം) رَبِّ الْعَالَمِينَ അല്ലാഹുവിന് (മാത്രമാണ്) ലോക(ലോകരുടെ)രക്ഷിതാവായ.

رَب (റബ്ബ്) എന്ന വാക്കിന് രക്ഷിതാവ്, വളർത്തുന്നവൻ, ഉടമസ്ഥൻ, യജമാനൻ, നാഥൻ, തമ്പുരാൻ എന്നൊക്കെ സന്ദർഭോചിതം അർത്ഥം വരുന്നതാണ്. തസ്ബീഹിന്റെ വാക്യമായ سُبْحَانَ الله (സുബ്ഹാനല്ലാഹി) എന്ന വാക്കിന്റെ അർത്ഥങ്ങളെപ്പറ്റി സൂ:റൂം 17 ന്റെ വിവരണത്തിൽ പ്രസ്താവിച്ചതു ഓർക്കുക. എല്ലാവിധ പോരായ്മയിൽ നിന്നും, എല്ലാവിധ ന്യൂനതകളിൽ നിന്നും അല്ലാഹു തികച്ചും പരിശുദ്ധനാണെന്ന പ്രകീർത്തനമാണ് തസ്ബീഹ്. എല്ലാ മഹത്വത്തിന്റെയും, പ്രതാപത്തിന്റെയും പരിപൂർണതയുടെയും പാരമ്യം പ്രാപിച്ചവനെന്ന നിലക്ക് അല്ലാഹുവിനെ സ്തുതിച്ചു വാഴ്ത്തുന്ന സ്തോത്രമാണ് ഹംദ് (الْحَمْدُلِلَّهِ) അതുകൊണ്ടാണ് ഇവിടെയും മറ്റു പല സ്ഥലങ്ങളിലും തസ്ബീഹും ഹംദും ഒന്നിച്ചുപറയപ്പെടുന്നത്. തസ്ബീഹിനും ഹംദിനും ഇടയിൽവെച്ച് അല്ലാഹുവിന്റെ ദൗത്യവാഹകൻമാരും, സന്ദേശ പ്രബോധകൻമാരുമായ മുർസലുകൾക്ക് സമാധാന ശാന്തി നേർന്നിട്ടുള്ളത് മുർസലുകളുടെ മഹത്തായ സ്ഥാനപദവിയെ കുറിക്കുകയും ചെയ്യുന്നു. അല്ലാഹുവിനെകുറിച്ചുള്ള ബോധവും, അറിവും ഉണ്ടായിരിക്കുക, മുർസലുകളുടെ അദ്ധ്യാപനങ്ങളെ അനുഗമിക്കുക, ഇതിൽപരം ഉൽകൃഷ്ടമായ മറ്റൊന്നും തന്നെ ഇല്ലല്ലോ.

നമസ്കാരത്തിനുശേഷവും മറ്റും ഈ മൂന്നു വചനങ്ങൾ ചൊല്ലുവാൻ ചില ഹദീഥുകളിൽ പ്രോത്സാഹനം നൽകപ്പെട്ടിട്ടുണ്ട്. ഇബ്നുഅബീഹാതീം(റ) ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ ഇപ്രകാരം കാണാം: ക്വിയാമത്തുനാളിൽ ഏറ്റവും മികവായ താപ്പുകൊണ്ട് പ്രതിഫലം അളന്നുകിട്ടുവാൻ ആർക്കെങ്കിലും സന്തോഷമുള്ള പക്ഷം, അവൻ ഇരിക്കുന്ന ഇരിപ്പിടത്തിൽ നിന്നും അവസാനം എഴുന്നേറ്റുപോകുവാനുദ്ദേശിക്കുമ്പോൾ ഈ വചനങ്ങൾ (മൂന്നും) പറഞ്ഞുകൊള്ളട്ടെ.

سبحان ربك رب العزة عما يصفون وسلام على المرسلين والحمد لله رب العالمين

﴿رواه ابن ابي حاتم عن الشعبي مرفوعا وعن على موقوفا﴾

﴿التبييض ضحوة يوم الجمعة ٢٣ ربيع الاول ١٣٨٩م والتسويد

صباح يوم الاثنين ٢٨ جمادى الاولى ١٣٨١/هـ﴾